Fr. James Eesthayilem

# ക്രിസ്തു
# ഷർദാൻെറ വീക്ഷണത്തിൽ

ജെ. മുല്ലക്കര

DHARMARAM COLLEGE
LIBRARY
BANGALORE-29

എസ്. എച്ച്. ലീഗ്.

77612
D20/Mal

# SACRED HEART LEAGUE

MALAYALAM
BIMONTHLY
VOL. 49 No. 2
MARCH 1969

*Edited by:*
FR. PAULINUS O. C. D.

*Printed by:*
BR. C. F. JOSEPH
AT J. M. PRESS, ALWAYE-3
*And Published by Him:*
AT ST. JOSEPH'S PONTIFICAL
SEMINARY, ALWAYE-3

*Subscription:*
SINGLE COPY: 0—35
ANNUAL: 2—00

CUM PERMISSU SUPERIORUM

# ആമുഖം

വിവിധ വിജ്ഞാനശാഖകളിൽ പണ്ഡിതരായിരുന്ന അനേകം സഭാതനയരെ ചരിത്രത്തിന്റെ ഏടുകളിൽ നമുക്കു ദർശിക്കുവാൻ സാധിക്കും. എന്നാൽ, ചിന്തകനും ശാസ്ത്രജ്ഞനുമായിരുന്ന പീയേർ തെയ്യാർ ദെ ഷർദാൻ (Pierre Teilhard de Chardin) അവരിൽനിന്നെല്ലാം തികച്ചും വിഭിന്നനാണ്. പദാത്ഥത്തോടുള്ള അദ്ദേഹത്തിന്റെ അനിതരസാധാരണമായ സ്നേഹമാണ് ഇതിനു കാരണം. ഭൂമിയെ ഇത്രമാത്രം സ്നേഹിക്കുകയും പദാർത്ഥത്തിന്റെ മഹത്വത്തെ സദാ ആലപിക്കുകയും ചെയ്തിട്ടുള്ള ഒരു വൈദികൻ ഷർദാനു മുമ്പ് ഉണ്ടായിട്ടില്ല. പ്രപഞ്ചവും ദൈവവും തമ്മിൽ അഭേദ്യമായ ബന്ധമുണ്ടെന്നു പഠിപ്പിച്ച ഷർദാൻ പദാർത്ഥത്തിന്റെ യഥാത്ഥവിലയെ ശരിക്കും മനസ്സിലാക്കിയിരുന്നു. അതുകൊണ്ടാണ് അദ്ദേഹത്തിന്റെ വിശ്വവീക്ഷണം കമ്മ്യൂണിസ്റ്റുകാർക്കുപോലും ഏററം പ്രിയങ്കരമായത്. സഭയും കമ്മ്യൂണിസവും തമ്മിലുള്ള സംഭാഷണ(Dialogue)ത്തിന് അടിസ്ഥാനമായി ഷർദാന്റെ ചിന്തയെ പലരും വീക്ഷിക്കുന്നതിനു കാരണവും മറെറാന്നല്ല. അങ്ങനെ പദാത്ഥത്തിന്റെ അഗാധതയിൽനിന്നു സ്വർഗ്ഗത്തിന്റെ മുകൾത്തട്ടുവരെ പറന്നുയർന്ന ഒരു വാനമ്പാടിയായിരുന്നു ഷർദാൻ. എന്നാൽ പരമ്പരാഗതമായ ക്രിസ്തീയപ്രബോധനരീതിയുടെ മുമ്പിൽ അദ്ദേഹം ഒരു ചോദ്യചിഹ്നമായി കാണപ്പെട്ടു. ഷർദാന്റെ ചിന്തയിൽനിന്നു ലോകത്തിനു യാതൊരു നന്മയും വരാൻ പോകുന്നില്ല എന്നുവരെ പറഞ്ഞവരുണ്ടായിരുന്നു, അന്ന്. ഇന്നാകട്ടെ, ശാസ്ത്രീയമണ്ഡലത്തിലെന്നല്ല, ദൈവശാസ്ത്രതല

ത്തിലും ഷർദാൻെറ വ്യക്തിമുദ്ര പതിഞ്ഞിട്ടുണ്ട്. രണ്ടാം വത്തിക്കാൻ കൗൺസിലിൻെറ പ്രമാണരേഖകളിൽ, വിശിഷ്യ, "സഭ അധുനികലോകത്തിൽ" എന്ന കോൺസ്റ്റിറ്റ്യൂഷനിൽ അദ്ദേഹത്തിൻെറ സ്വാധീനം വളരെ പ്രകടമായി കാണാം.

## ജീവിതം

അധുനികലോകത്തിൻെറ ആരാധനാപാത്രമായ ഷർദാൻ 1881 മേയ് ഒന്നാം തീയതി ഫ്രാൻസിൽ സാർസനാ (Sarcenat) എന്ന സ്ഥലത്തു ജനിച്ചു. കുലീനവും സമ്പന്നവുമായ ഒരു കുടുംബമായിരുന്നു അദ്ദേഹത്തിൻേറതു്. ബാല്യകാല വിദ്യാഭ്യാസത്തിനുശേഷം 1899-ൽ അദ്ദേഹം ഈശോസഭയിൽ ചേരുകയും 1911 ആഗസ്റ്റ് 24-ാം തീയതി വൈദികപട്ടം സ്വീകരിക്കുകയും ചെയ്തു. ഹൈസ്കൂൾ ജീവിതകാലംമുതൽ പുരാജീവിശാസ്ത്രത്തിലും ഭൂഗർഭശാസ്ത്രത്തിലുംമറവുമായിരുന്നു അദ്ദേഹത്തിൻെറ ശ്രദ്ധ. 1912-ൽ ഷർദാൻ ഇവയിൽ കൂടുതൽ പ്രാവീണ്യം സമ്പാദിക്കാൻ പാരീസിലേക്കുപോയി. എന്നാൽ അധികം താമസിയാതെ ഒന്നാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെടുകയും അദ്ദേഹത്തിനു സൈന്യസേവനത്തിനു പോകേണ്ടിവരികയും ചെയ്തു. അനന്യസാധാരണമായ ധീരതയ്ക്കു് ഷർദാൻ ഒന്നിലധികം ബഹുമതികൾ നേടുകയുണ്ടായി. സൈനികസേവനാനന്തരം അദ്ദേഹം പഠനം തുടരുകയും 1922-ൽ പാരീസ് യൂണിവേഴ്സിററിയിൽനിന്നു ഡോക്ടർബിരുദം സമ്പാദിക്കുകയും ചെയ്തു. അതിനുശേഷം ഗവേഷണാർത്ഥം ലോകത്തിൻെറ നാനാഭാഗങ്ങളിലും ഷർദാൻ സഞ്ചരിക്കുകയുണ്ടായി. അതു് പുരാജീവിവിജ്ഞാനീയത്തിലും നരവംശശാസ്ത്രത്തിലും അനേകം നേട്ടങ്ങൾ കൈവരിക്കുന്നതിനു് അദ്ദേഹത്തെ സഹായിച്ചു. ത

ൻെറ ഗവേഷണങ്ങളേയും കണ്ടുപിടുത്തങ്ങളേയുംപററി അ ദ്ദേഹം അപ്പോഴപ്പോൾ ലേഖനങ്ങളും മററും എഴുതിയിരുന്നു. പുസ്തകങ്ങൾതന്നെ അദ്ദേഹത്തിൻേറതായി പലതുമുണ്ട്. എ ന്നാൽ സഭാധികാരികൾ അദ്ദേഹത്തിൻെറ സിദ്ധാന്തങ്ങളെ തെററിദ്ധരിച്ചതിൻെറ ഫലമായി എഴുതുവാനോ പ്രസംഗിക്കു വാനോ അദ്ദേഹത്തിന്നനുമതി നിഷേധിക്കപ്പെട്ടു. കാരണം അ ദ്ദേഹം വിഭാവനം ചെയ്ത പരിണാമസിദ്ധാന്തവും സഭയുടെ പരമ്പരാഗതമായ പ്രബോധനവും പരസ്പരവിരുദ്ധങ്ങളാണെ ന്നത്രേ അവർ ധരിച്ചുവശായതു്. അതുകൊണ്ടു ഷർദാൻെറ പല പുസ്തകങ്ങളും വെളിച്ചം കണ്ടില്ല. എന്നാൽ ഇന്നു്, അ ദ്ദേഹത്തിൻെറ മരണശേഷം, അവയെല്ലാം സുലഭമാണു്. അ വയിൽ ഏററം പ്രധാനപ്പെട്ടവ മനുഷ്യപ്രതിഭാസം (The Phenomenon of man) ദിവ്യമേഖല (Le Milieu Divin) തുടങ്ങിയവയാണു്.

അന്നു് ഉയിർപ്പുദിനമായിരുന്നു—1955 ഏപ്രിൽ 10-ാം തീയതി. അന്നാണു് ആ ധന്യാത്മാവു് ഇഹലോകവാസം വെടിഞ്ഞതു്. ഒരു ഈസ്റ്റർദിനത്തിൽ മരിക്കണമെന്നുള്ള അ ദ്ദേഹത്തിൻെറ ചിരകാലാഭിലാഷം അങ്ങനെ സഫലമായി. ഷർദാൻെറ മരണശേഷം അദ്ദേഹത്തിൻെറ കൃതികൾക്കുണ്ടാ യ പ്രചുരപ്രചാരം കണ്ടിട്ട് ഭയചകിതരായ തിരുസ്സംഘം 1962-ജൂൺ 30-നു് ഒരു കല്പനമൂലം ഷർദാൻെറ സിദ്ധാ ന്തങ്ങൾ പഠിക്കുന്നതു് അപകടകരമാണെന്നു കത്തോലിക്കു വിദ്യാഭ്യാസപ്രവത്തനങ്ങളുടെ ചുമതലവഹിക്കുന്നവക്കു താ ക്കീതു നല്കുകയുണ്ടായി. എന്നാൽ ഇന്നു് അദ്ദേഹം ലോക ത്തെമ്പാടുമുള്ള ബുദ്ധിജീവികളുടെ സവിശേഷശ്രദ്ധയാകർ ഷിച്ചിരിക്കയാണു്. അദ്ദേഹത്തിൻെറ ലോകവീക്ഷണം ഇ ന്നു പ്രപഞ്ചത്തിൻെറ വെളിച്ചമായിത്തീർന്നിരിക്കുന്നു.

കേവലമൊരു പുരാജീവിശാസ്ത്രജ്ഞനെന്നു സ്വയം വി

ശേഷിപ്പിച്ചിരുന്ന അദ്ദേഹത്തിന്റെ കൃതികളിലങ്ങോളമിങ്ങോളം പ്രത്യക്ഷത്തിൽനിന്നു പരോക്ഷത്തിലേക്കും, ബാഹ്യത്തിൽനിന്നു ആന്തരികത്തിലേക്കും, സ്ഥൂലത്തിൽനിന്നു സൂക്ഷ്മത്തിലേക്കും തിരിയുവാനുള്ള അദ്ദേഹത്തിന്റെ അടങ്ങാത്ത അഭിനിവേശത്തെ നമുക്കു ദർശിക്കുവാൻ സാധിക്കും. ഇക്കാരണത്താൽ, ഭാവനാസമ്പന്നനായ ഒരു മഹാകവിയായി അദ്ദേഹത്തെ ചിത്രീകരിക്കുന്നവരുണ്ട്. എന്നാൽ ഷർദാന്റെ കൃതികളെ കേവലം കാവ്യങ്ങളായി പുറംതള്ളുവാൻ നമുക്കു നിവൃത്തിയില്ല. പ്രഗത്ഭനായ ഒരു പുരാജീവിതന്ത്രജ്ഞനേയും ധിഷണാവിലാസവും പ്രതിഭാശക്തിയുമുള്ള ഒരു ദൈവശാസ്ത്രജ്ഞനേയും ദൈവികചൈതന്യം തുളുമ്പിനില്ക്കുന്ന ഒരു മിസ്റ്റിക്കിനേയും നമുക്കവയിലൂടെ ദർശിക്കുവാൻ സാധിക്കും. അദ്ദേഹത്തിന്റെ ക്രിസ്തുവിജ്ഞാനീയം (Christology) ദൈവശാസ്ത്രത്തിനു് ഒരു മുതൽക്കൂട്ടാണു്. എന്നാൽ, ഒരു കാര്യം വ്യക്തം: ഷർദാൻ അതുല്യനായ ഒരു പുരാജീവിതന്ത്രജ്ഞനല്ലായിരുന്നുവെങ്കിൽ അദ്ദേഹത്തിന്റെ ക്രിസ്തുവിജ്ഞാനീയത്തിനു് ഇത്രമാത്രം വിലയും വ്യാപ്തിയും ഉണ്ടാകയില്ലായിരുന്നു. ശാസ്ത്രജ്ഞനായ ഷർദാന്റെ ക്രിസ്തുവിജ്ഞാനീയം പരീക്ഷണനിരീക്ഷണങ്ങളാൽ മാറ്റുരച്ചുനോക്കപ്പെട്ട ശാസ്ത്രീയാടിസ്ഥാനത്തിലാണു് ഊന്നിനില്ക്കുന്നതു്.[1] അപ്പോൾ പുരാജീവിതന്ത്രജ്ഞനായ ഷർദാനെ മനസ്സിലാക്കാതെ അദ്ദേഹത്തിന്റെ ക്രിസ്തുവിജ്ഞാനീയം മനസ്സിലാക്കുക ദുസ്സാധമാണു്.

---

1. Robert T. Francoeur, (Ed.) *The world of Teilhard de Chardin* (Helicon Press, Inc. 1961), p. 35.

## അധ്യായം 1

# പ്രപഞ്ചം പരിണാമത്തിലൂടെ

ശാസ്ത്രീയതലത്തിൽ, ഭൗതികവാദികളും ആത്മീയവാദികളും ഇന്നും യോജിപ്പിലെത്തിയിട്ടില്ല. പദാർത്ഥത്തിനു് അമിതപ്രാധാന്യം നല്കിക്കൊണ്ടു് ജീവനേയും മനുഷ്യനേയുംകൂടി ഭൗതികവാദികൾ പദാർത്ഥീകരിക്കുമ്പോൾ ആത്മീയവാദികൾ പ്രാപഞ്ചികവസ്തുക്കളും മനുഷ്യനുംതമ്മിലുള്ള വ്യതിരിക്തതയെ ഉറക്കെ പ്രഖ്യാപിക്കുന്നു. ഈ രണ്ടു വ്യത്യസ്ത ചിന്താഗതികളെയും സമഞ്ജസമായി സമ്മേളിപ്പിച്ചു പ്രപഞ്ചത്തെ ഏകയാഥാർത്ഥ്യമായി കാണിക്കുവാനാണു് ഷർദാൻ ശ്രമിക്കുന്നതു്. ഇക്കാര്യസാധ്യത്തിനു വസ്തുക്കളുടെ ആന്തരികവും ബാഹ്യവുമായ വശങ്ങളെ കണക്കിലെടുക്കുന്ന ഒരു ശാസ്ത്രത്തിനേ സാധിക്കൂ എന്നു് അദ്ദേഹം ബോധവാനായിരുന്നു. വസ്തുതകളെ അതേപടി വീക്ഷിക്കുന്നില്ല എന്നതാണു ഭൗതിക–ആധ്യാത്മികവാദികളുടെ തെറ്റു്. വസ്തുക്കളുടെ 'അകത്തേയും', 'പുറത്തേയും' സംയോജിപ്പിച്ചുകൊണ്ടു് പ്രപഞ്ചത്തിൽ ഏകീഭാവം കാണുവാനുള്ള ഷർദാന്റെ ശ്രമമാണു് 'മനുഷ്യപ്രതിഭാസത്തിലൂടെ' നാം കാണുക.[1] വിശ്വപരിണാമത്തിന്റെ ആരംഭംമുതൽ അന്ത്യംവരെയുള്ള പ്രക്രി

1. Cfr. *The Phenomenon of Man*, (London: Collins press, 1967), p. 58.

യകളെ സമഗ്രമായി തന്മയത്വത്തോടും ശുഭാപ്തിവിശ്വാസത്തോടുംകൂടെ ഷർദാൻ അതിൽ വർണ്ണിക്കുന്നു.

## പ്രതിഭാസവിജ്ഞാനീയം

എന്നാൽ, അതിലേക്കു പ്രവേശിക്കുന്നതിനു മുമ്പായിത്തന്നെ ഷർദാൻ എങ്ങിനെയാണു പ്രപഞ്ചത്തെ ശാസ്ത്രീയമായി സമീക്ഷിച്ചിരിക്കുന്നതെന്ന് അറിയുക നല്ലതാണ്. തന്റെ പ്രധാനകൃതിയായ 'മനുഷ്യപ്രതിഭാസ' (The Phenomenon of man)ത്തിന്റെ ആദ്യപേജുകളിൽത്തന്നെ അദ്ദേഹം തന്റെ പ്രതിപാദനരീതി (method) നമുക്കു വെളിപ്പെടുത്തിത്തരുന്നുണ്ട്. അതുപോലെ മാത്രമേ തന്റെ സിദ്ധാന്തങ്ങളെ മനസ്സിലാക്കാവൂ എന്നും അദ്ദേഹത്തിനു നിർബ്ബന്ധമുണ്ട്. പ്രപഞ്ചത്തെ ഒരു പ്രതിഭാസമായാണ് ഷർദാൻ വിശകലനം ചെയ്തിരിക്കുന്നത്. പ്രതിഭാസങ്ങളുടെ പരസ്പരബന്ധത്തെയും നൈരന്തര്യത്തെയും (continuity) അടിസ്ഥാനമാക്കിയാണ് അദ്ദേഹം വിശ്വത്തെ വീക്ഷിച്ചിരിക്കുന്നത്. ഒരു ദാർശനികഗ്രന്ഥമെന്നപോലെയോ, ദൈവശാസ്ത്രഗ്രന്ഥമെന്നപോലെയോ തന്റെ കൃതിയെ ആരും സമീക്ഷിക്കരുത്; പ്രസ്തുത പുസ്തകത്തിന്റെ (മനുഷ്യപ്രതിഭാസം) പേരുതന്നെ വെളിപ്പെടുത്തുന്നതുപോലെ ഒരു ശാസ്ത്രഗ്രന്ഥമായേ അതിനെ കണക്കാക്കാവൂ"[2] എന്നു ഷർദാൻ തന്റെ വായനക്കാരെ ഉത്ബോധിപ്പിക്കുന്നുണ്ട്. മനുഷ്യനെ ഒരു പ്രതിഭാസമായാണ് ഷർദാൻ അപഗ്രഥനംചെയ്തിരിക്കുന്നത്. അതേ, ഒരു പ്രതിഭാസവിജ്ഞാനീയത്തെയാണ് അദ്ദേഹം നമ്മുടെ മുമ്പിൽ അവതരിപ്പിക്കുക.

എന്നാൽ എഡ്മണ്ട് ഹുസ്സേളിന്റെ (1854–1934)

2 op. cit. p. 31.

പ്രാതിഭാസിക ചിന്തയുമായി ഷർദാൻെറ പ്രതിഭാസവിജ്ഞാനീയത്തിനു യാതൊരു ബന്ധവുമില്ല. ചിലർ വിചാരിക്കുന്നതുപോലെ, വസ്തുക്കളുടെ കേവല രൂപമല്ല, പ്രതിഭാസംകൊണ്ടു് ഷർദാൻ വിവക്ഷിക്കുന്നതു്. പ്രതിഭാസംകൊണ്ടു് അദ്ദേഹം വിശദീകരിക്കുന്നതു് പ്രപഞ്ചവസ്തുക്കൾ, അവ ഇപ്പോഴുള്ളതുപോലെ എങ്ങിനെ സംഭവിക്കുന്നുവെന്നാണു്, എന്തുകൊണ്ടു സംഭവിക്കുന്നുവെന്നല്ല. പ്രാപഞ്ചികയാഥാർത്ഥ്യങ്ങളുടെ കാര്യകാരണബന്ധങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള ഒരു തത്വശാസ്ത്രമല്ല അദ്ദേഹം കെട്ടിപ്പടുത്തിരിക്കുന്നതെന്നു സാരം. പുനരാവർത്തനനിയമമനുസരിച്ചു് (law of recurrence) പ്രാപഞ്ചികയാഥാർത്ഥ്യങ്ങൾ എങ്ങിനെ പ്രത്യക്ഷപ്പെടുന്നുവെന്നു കാണുകയും, കാണുവാൻ മറ്റുള്ളവരെ സഹായിക്കുകയുമാണു് അദ്ദേഹം ചെയ്യുക.[3]

മനുഷ്യനെ പ്രാതിഭാസികമായി മാത്രമെ ഷർദാൻ വീക്ഷിക്കുന്നുള്ളുവെന്നു പറയുന്നതുകൊണ്ടു മറ്റെല്ലാ വിജ്ഞാനശാഖകളേയുംപോലെ ഭാഗികമായ ഒരു വീക്ഷണം മാത്രമാണതെന്നു് ആരും ധരിക്കരുതു്. മനുഷ്യനെ അവൻെറ പൂർണ്ണതയിൽ, ആധുനിക വിശ്വവീക്ഷണത്തിനനുയോജ്യമായി അപഗ്രഥനം ചെയ്യുന്നുണ്ടു ഷർദാൻ. അത്തരം ഒരു വിചിന്തനം, തത്വശാസ്ത്രത്തേയും സർവ്വോപരി ദൈവശാസ്ത്രത്തേയും ആശ്രയിക്കാതെ, കേവലമൊരു ശാസ്ത്രജ്ഞനു സാദ്ധ്യമല്ല. അതുകൊണ്ടാണു് ഷർദാൻ ഒരു തത്വശാസ്ത്രജ്ഞനും അതിലുമുപരി ദൈവശാസ്ത്രജ്ഞനുംകൂടിയാണെന്നു പറയുന്നതു്. എന്നിരുന്നാലും തൻെറ പ്രാപഞ്ചികവീക്ഷണത്തെ ശാസ്ത്രീയമായി മാത്രമേ വിലയിരുത്താവൂ എന്നു് അദ്ദേഹം ശഠിക്കുന്നുണ്ടു്.

---

3 op. cit. p. 35.

തന്റെ വിശ്വവീക്ഷണത്തിൽ ഷർദാൻ അരിസ്റ്റോട്ടേലിയൻ തത്വശാസ്ത്രത്തോട് പല കാര്യങ്ങളിലും യോജിക്കുന്നില്ല. 'മനുഷ്യപ്രതിഭാസ'ത്തിന്റെ പ്രാധാന്യം അതു വിശ്വത്തെ പരിണാമാത്മകമായി വീക്ഷിക്കുന്നുവെന്നുള്ളതാണ്. അരിസ്റ്റോട്ടിൽ വിഭാവനംചെയ്ത ലോകം പരിണാമോന്മുഖമായിരുന്നില്ല. പ്രപഞ്ചം അചഞ്ചലമായ ഒരവസ്ഥ (steady State) എന്ന നില വിട്ട്, പ്രപഞ്ചത്തെ പ്രപഞ്ചജനന (Cosmogenesis) മായിട്ടാണ് ഷർദാൻ ദർശിക്കുന്നത്. നാം കാണുന്ന ഈ വിശ്വം ഇതുപോലെ എന്നും ഉണ്ടായിരുന്നതും ഇനിയും ഇതുപോലെതന്നെ തുടരുന്നതുമായ ഒന്നല്ല. പ്രത്യുത, പ്രപഞ്ചം പടിപടിയായി വളർന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ടു നിശ്ചലമായ യാതൊന്നും വിശ്വവീക്ഷണത്തിൽ കാണുകയില്ല. എല്ലാം പരിണാമഫലവും പരിണാമവിധേയവുമാണ്.

ഡാർവിൻ പരിണാമസിദ്ധാന്തം പ്രധാനമായും ജൈവവസ്തുക്കൾക്കുമാത്രം ബാധകമായിട്ടാണു കണ്ടതു്. എന്നാൽ, ഷർദാന്റെ ദൃഷ്ടിയിൽ ജൈവ്ജൈവവസ്തുക്കളെല്ലാം പരിണാമാധീനമാണ്. പരിണാമംകൊണ്ടു് ഷർദാൻ ഉദ്ദേശിക്കുക കേവലം രൂപാന്തരീകരണമല്ല. പരിണാമം വെറും ഒരു ശാസ്ത്രീയസിദ്ധാന്ത (Scientific Theory)വുമല്ല. പരിണാമംകൊണ്ടർത്ഥമാക്കുന്നതു് വിശ്വം കാലികമായ ഒരു പ്രതിഭാസമാണെന്നത്രേ. മറെറാരുതരത്തിൽ പറഞ്ഞാൽ പ്രപഞ്ചം ഇന്നും ജനിച്ചുകൊണ്ടിരിക്കുകയാണ്, സൃഷ്ടിക്കപ്പെട്ടുകൊണ്ടിരിക്കയാണ്. "ഒരു കാലത്തുശാസ്ത്രം വിശ്വസിച്ചിരുന്നതുപോലെ പരിണാമം സർഗ്ഗാത്മക (creative) മല്ല. എന്നാൽ നമ്മുടെ അനുഭവംവച്ചു നോക്കുമ്പോൾ അതു പ്രത്യേക സ്ഥലകാലങ്ങളിലൂടെ പ്രകാശിപ്പിക്കപ്പെടുന്ന സൃഷ്ടിത

ന്നെയാണ്".4 ഈ പരിണാമത്തിലൂടെ വിശ്വം എങ്ങനെ രൂപമെടുക്കുന്നുവെന്ന് നമുക്കിനി നോക്കാം.

പരിണാമപ്രക്രിയയെ നാലു സുപ്രധാനഘട്ടങ്ങളായി ട്ടാണ് അദ്ദേഹം വരച്ചുകാട്ടുന്നത്: പ്രാഗ്ജീവൻ(pre-life) ജീവൻ, ചിന്ത, അതിജീവിതം (survival).

## 1. പ്രാഗ്ജീവൻ

ഒരു കാലത്ത് പ്രപഞ്ചത്തിൽ ജീവനുണ്ടായിരുന്നില്ലെന്നതു് അവിതർക്കിതമാണ്. അന്ന് അവ്യവസ്ഥിതമായ നിലയിൽ പദാർത്ഥംമാത്രമേ ഉണ്ടായിരുന്നുള്ളു. ബഹുത്വം, ഏകത്വം, ശക്തി എന്നിവ അതിൻെറ ലക്ഷണങ്ങളായിരുന്നു. പദാർത്ഥത്തിൽ ബഹുത്വമുണ്ടെന്ന കാര്യം നമ്മോട് ആരും പറഞ്ഞുതരേണ്ട ആവശ്യമില്ല. അംബരവീഥിയിലെ നക്ഷത്ര വ്യൂഹങ്ങളും ഭൂമിയിലെ ഓരോ മണൽത്തരിയും പ്രപഞ്ചത്തിലെ വൈവിധ്യത്തെയാണ് ഉദ്ഘോഷിക്കുന്നതു്. എന്നാൽ, പദാർത്ഥത്തിൻെറ ബഹുത്വം കൂടുംതോറും അവ അവയുടെ സാരാംശത്തിലുള്ള ഏകത്വത്തെയാണു പരോക്ഷമായെങ്കിലും കാണിക്കുന്നതു്. വിവിധപദാർത്ഥമൂലകങ്ങ(elements)ളുടെ അത്ഭുതകരമായ സാദൃശ്യത്തിൽനിന്നുതന്നെ അവയുടെ ഏകീഭാവം, അപൂർണ്ണമായെങ്കിലും മനസ്സിലാക്കാവുന്നതാണ്. മോളിക്യൂളുകൾ, അണുകങ്ങൾ മുതലായവയ്ക്കു അവയുടെ പിണ്ഡ (mass) ത്തിലും പ്രവർത്തനത്തിലും പൂർണ്ണതാദാത്മ്യമുണ്ടു്. പദാർത്ഥകണികകളെല്ലാം സരളമായ ഒരേ ഒരു പദാർത്ഥത്തിൽനിന്ന് ഉത്ഭവിച്ചതാണെന്നോ ഇതു കണ്ടാൽ തോന്നുകയുമുള്ളു.

---

4 Claude Tresmontant, *Pierre Teilhard de Chardin His thought*: (Baltimore, Helicon press, 1959) p. 18.

ഐൻസ്റ്റയിൻെറ 'റിലേററിവിററി' തത്വമനുസരിച്ച് ഒരു പദാത്ഥകണികയ്ക്കു പ്രപഞ്ചവുമായി അഭേദ്യബന്ധമുണ്ട്. എന്നാൽ, വ്യതിരിക്തതയുള്ള വസ്തുക്കളുടെ ഒരു കൂട്ടമായിട്ടാണ് (collection) അരിസ്റ്റോട്ടിൽ വിശ്വരൂപത്തെ കണ്ടതു്. പക്ഷേ, ഷർദാൻ പദാത്ഥകണികകൾതമ്മിൽ അടിസ്ഥാനബന്ധമുണ്ടെന്നാണു പ്രഖ്യാപിക്കുന്നതു്. ഒന്നു മറെറാന്നിൻെറ പ്രവത്തനത്തേയും അസ്തിത്വത്തെത്തന്നേയും സാരമായി ബാധിക്കുന്നു. വ്യത്യസ്തവസ്തുക്കൾക്ക് അവയുടേതായരീതിയിൽ, പ്രപഞ്ചവുമായുള്ള ഏകീഭാവത്തിലൂടെ മാത്രമേ സാഫല്യമടയുക സാധ്യമാവൂ.

പദാത്ഥത്തിൻെറ മൂന്നാമത്തെ ഗുണം ശക്തി അഥവാ ഊർജ്ജമാണ്. ഏതൊരു വസ്തുവിൻേറയും പ്രവത്തിക്കുവാനുള്ള കഴിവാണ് അല്ലെങ്കിൽ പ്രവൃത്തിതന്നെയാണ് ഇതെന്നു പറയാം. പ്രവത്തനപ്രതിപ്രവത്തനങ്ങൾക്കു കാരണമിതാണ്. പ്രപഞ്ച പദാത്ഥത്തിൻെറ (cosmic stuff) അദൃശ്യഘടകവും ഇതുതന്നെയത്രെ.[5] ഒരു പ്രത്യേക ഘനപരിമാണമുള്ള വസ്തുവിനെസ്സംബന്ധിച്ചാണു മേല്പറഞ്ഞതു്. എന്നാൽ പ്രപഞ്ചം ഒരു സാകല്യമാണെന്ന കാര്യം നാം മറക്കരുതു്.

പ്രവത്തനപ്രതിപ്രവത്തനഫലമായി, സരളവും അവ്യവസ്ഥിതവുമായിരുന്ന പദാത്ഥം ക്രമേണ കൂടുതൽ കൂടുതൽ സങ്കീണ്ണങ്ങളായിത്തീന്നു. അങ്ങനെ പദാർത്ഥകണികകളിൽനിന്നു അണുക്കളും (atom)അവയിനിന്നു മോളിക്യൂളുകൾ മുതലായ കൂടുതൽ സങ്കീണ്ണവും സമ്മിശ്രവുമായ പദാത്ഥങ്ങളും ഉണ്ടായി. സങ്കീർണ്ണതയുടെ കൂടുതൽകുറവും ജീവനോടുള്ള പദാർത്ഥത്തിൻെറ അടുപ്പത്തെയും അകലത്തെയും കുറിക്കുന്നു. അങ്ങനെ ആരംഭംമുതൽതന്നെ ജീവശാസ്ത്രത്തിൻെറ പ്രധാന

5 *The Phenomenon of Man*, p. 47

നിയമമായ സങ്കീർണ്ണതാനിയമത്തെ(Law of Complexity) പദാർത്ഥം അതിൻേറതായ രീതിയിൽ അനുസരിച്ചുപോന്നു. അതിൻേറതായ രീതിയിലെന്നു പറഞ്ഞതു്, അതിനെപ്പററി അധികമൊന്നും നമുക്കറിയുവാൻ സാധ്യമല്ലാത്തതുകൊണ്ടാണു്. എന്തായാലും ഒന്നു സത്യമാണു്: പദാർത്ഥം ഒരു ജനനം അല്ലെങ്കിൽ ഉല്പത്തി (genesis) യായിട്ടാണു നമുക്കു സ്വയം വെളിപ്പെടുത്തിത്തരുന്നതു്. പദാർത്ഥം ചലനാത്മകമാണു്. ഈ നിർജ്ജീവപദാർത്ഥകണികകളാൽ നിറയപ്പെട്ടിരുന്ന ഭൂമി, വർഷങ്ങൾക്കു ശേഷം, ഒരു വെള്ളത്തട്ടിനാൽ മൂടപ്പെട്ടു.

## 2 ജീവൻ

കാലത്തിൻെറ പൂർണ്ണതയിൽ ആ ജലമണ്ഡലത്തിലവിടെയുമിവിടെയും ജീവികളങ്ങിനെ പുളയുവാൻ തുടങ്ങി. അങ്ങനെ ജലമണ്ഡലം ജീവമണ്ഡലത്തിനു വഴിമാറിക്കൊടുത്തു. ചരിത്രപരമായി എത്രമാത്രം ഗവേഷണം നടത്തിയാലും ഇതിൻെറ വിശദീകരണം കിട്ടാനാവില്ല. രാസവസ്തുക്കളിൽനിന്നു സംഘടിതപദാർത്ഥവും പ്രാഗ്ജീവനിൽനിന്നു ജീവനും എങ്ങിനെ ആവിർഭവിച്ചു (emerged)വെന്നു്, ഒരു കാലത്തു പരീക്ഷണശാലകളിൽ ഇതേ പ്രകിയതന്നെ ഉണ്ടാക്കാൻ സാധിച്ചെങ്കിലേ നമുക്കു പറയുവാൻ സാധിക്കുകയുള്ളു. എന്നാൽ ഒന്നു തീർച്ചയാണു്: ഇത്തരം ഒരു രൂപാന്തരീകരണം സരളവും തുടർച്ചയുമായ ഒരു പ്രക്രിയകൊണ്ടു സാധ്യമാണു്.[6] സങ്കീർണ്ണതയുടെ മൂർത്തഫലമായാണു് ജീവൻ ശാസ്ത്രത്തിനു പ്രത്യക്ഷപ്പെടുന്നതു്.[7] സങ്കീർണ്ണതയെ

6 op. cit. p. 87

7 Id. *Man's Pl ace in Nature*, (London, Collins 1966), p. 19

ന്നു പറയുന്നതു് ഒരു മണൽക്കൂട്ടംപോലെ, ക്രമീകരിക്കപ്പെടാത്ത മൂലകങ്ങളുടെ അവ്യവസ്ഥിതമായ ഒരു സമുച്ചയമല്ല. ക്രമരഹിതമായ പല യൂണിററുകൾ ഒന്നിച്ചുചേർന്നാലും സങ്കീർണ്ണതയാവുകയില്ല. അതുകൊണ്ടു പല യൂണിററുകൾ ചേർന്നുണ്ടാവുന്ന പരൽ (crystal) സങ്കീർണ്ണമല്ല. എന്നാൽ സങ്കീർണ്ണത ഒരു സംഹിത(combination)യാണു്.[8] അതിലെ മൂലകങ്ങളുടെഎണ്ണം സ്ഥിര(fixed)മാണു്, നിശ്ചിതമായ പരിമിതിയുള്ളതുമാണു്. സർവ്വോപരി പ്രസ്തുത മൂലകങ്ങളെയെല്ലാം ഒരുമിച്ചു ബന്ധിക്കുന്ന ഒരു കേന്ദ്രീകരണശക്തിയും അതിനുണ്ടു്. ഇങ്ങനെ നോക്കിയാൽ അണുകങ്ങൾ മോളിക്യൂളുകൾ, കോശങ്ങൾ മുതലായവ സങ്കീർണ്ണങ്ങളാണു്. അവയുടെ ഘടനപരിപൂർണ്ണമാണെന്നതുതന്നെ കാരണം. എന്നാൽ സമുച്ചയങ്ങൾക്കും പരലുകൾക്കും ഈ ഗുണമില്ല. അതുകൊണ്ടു് എപ്പോൾവേണമെങ്കിലും കുറച്ചു പദാർത്ഥംകൂടി അവയോടു ചേർക്കുവാൻ സാധിക്കും.

ജീവൻ സങ്കീർണ്ണതയുടെ മൂർത്തഫലമാണെന്നു പ്രഖ്യാപിച്ചുകൊണ്ടു് പ്രപഞ്ചത്തെമുഴുവൻ ജീവശാസ്ത്രത്തിൻെറ കീഴിൽ കൊണ്ടുവരികയാണു് ഷർദാൻ ചെയ്തതു്. സങ്കീർണ്ണതയുടെ ഒരു പ്രത്യേകഘട്ടം കഴിയുമ്പോഴേ ജീവനെ നാം ദർശിക്കുന്നുള്ളുവെങ്കിലും എല്ലാ പദാർത്ഥത്തിലും ജൈവാംശമുണ്ടു്. അതേ, ജീവൻ പ്രപഞ്ചപദാർത്ഥവുമായി സമവിസ്തൃത (coextensive) മാണു്.

ജീവൻെറ ആവിർഭാവം ഭൗമികപരിണാമത്തിലെ ഒരു നാഴികക്കല്ലാണു്. ജീവൻെറ സ്വാഭാവികകണികയാണു കോശം.[9] ആദ്യമായി നാം ജീവനെ ദർശിക്കുന്നതും കോശങ്ങളി

8 op. cit. p. 20

9 *The Phenomenon of Man*, p. 87

ലാണ്. എന്നാൽ, ആരംഭത്തിൽ ജീവമണ്ഡലം ആദ്യഭാവ കതിരയ്ക്കുള്ളിൽ ഒതുങ്ങിനിന്നിരിക്കണം. ക്രമേണ കോശങ്ങളുടെ പരസ്പരബന്ധംവഴി അവയുടെ സങ്കീർണ്ണത വർദ്ധിച്ചു. അതോടൊപ്പംതന്നെ, അവയുടെ ആന്തരികത്വവും. തദ്വാരാ, ആത്മബോധ (consciousness) വും. ഇങ്ങനെ കോശങ്ങളുടെ ഉത്ഭവത്തോടെയാണ് മാനസികജീവിതം (Psychic life) ഭൂമിയിൽ ആരംഭിച്ചതെന്നു പൊതുവേ സമ്മതിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ, ഷർദാൻ ഒരുപടികൂടി കടന്നു് പദാർത്ഥത്തിലും ആത്മബോധത്തിന്റെ മങ്ങിയരേഖകളുണ്ടെന്നു സമർത്ഥിക്കുന്നു. ജൈവാജൈവപദാർത്ഥങ്ങൾക്കെല്ലാം 'അകവും' (within) പുറവു (without) മുണ്ട്. അകം മാനസിക (psychic) വും പുറം ശാരീരിക (physical) വുമാണ്. ഈ മാനസികവശത്തെയാണ് ഷർദാൻ ബോധമെന്നു വിളിക്കുന്നതു്. അപ്പോൾ പദാർത്ഥത്തിന്റെ സങ്കീർണ്ണത വർദ്ധിക്കുന്നതനുസരിച്ച് ബോധവും വർദ്ധിക്കുന്നു. പദാർത്ഥത്തോടുകൂടെ വിശ്വത്തെ മുഴുവൻ പരിണാമാത്മകമായി വീക്ഷിക്കുന്നതിന് ഇത്തരമൊരു സമീപനം അനിവാര്യമായിരുന്നു.

വസ്തുക്കളുടെ അകവും പുറവുംതമ്മിൽ ഊർജ്ജത്തിന്റെ പരസ്പരാശ്രയത്വംവഴിയാണു പരിണാമം മുമ്പോട്ടുപോകുന്നതു്.

എല്ലാ ഊർജ്ജവും സ്വാഭാവികമായിത്തന്നെ മാനസികമാണ്.[10] എന്നാൽ അതു് രണ്ടു വ്യത്യസ്ഥവിധങ്ങളിലൂടെയാണു പ്രകാശിപ്പിക്കപ്പെടുക. അവയെ ഷർദാൻ വിളിക്കുക ടൻജൻഷ്യൽ എനർജി (tangential energy) യെന്നും റേഡിയൽ എനർജി (radial energy)യെന്നുമാണ്. മൂലകത്തെ അതേ സങ്കീർണ്ണതയും കേന്ദ്രീകൃതത്വ(centricity)

---

10 op. cif. p 70

വുമുള്ള മററു മൂലകങ്ങളുമായി സന്ധിക്കയാണു ടൻജൻഷ്യൽ എനർജി ചെയ്യുക. റേഡിയൽ എനർജിയാകട്ടെ അതിനെ കൂടുതൽ സങ്കീർണ്ണതയിലേയ്ക്കും കേന്ദ്രീകൃതത്വത്തിലേയ്ക്കും നയിക്കുന്നു. പരിണാമത്തെ മുമ്പോട്ടു നയിക്കുന്നതു റേഡിയൽ എനർജിയാണ്. അണുശതകങ്ങളിൽ പദാർത്ഥത്തെ കൂടുതൽ സങ്കീർണ്ണവും കേന്ദ്രീകൃതവുമാക്കി ജീവനിലേക്കു നയിച്ചതും ഇതുതന്നെയാണ്. ഈ രണ്ടു് ഊർജ്ജങ്ങളേയും ഏകോപിപ്പിക്കുന്ന കാര്യം ശാസ്ത്രം ഇന്നുവരെയും അത്ര ഗൗനിച്ചിരുന്നില്ല. എന്നാൽ, അവയെ രണ്ടായി നില്ക്കുവാൻ അനുവദിക്കുക അശാസ്ത്രീയവുമാണ്. അടിസ്ഥാനപരമായ ഈ ദ്വൈതത്വത്തെ ഒഴിവാക്കുന്നതിനാണു ഷർദാൻ ഇനിശ്രമിക്കുന്നതു്.

ഒരു നിർണ്ണായക നിമിഷത്തിൽ (critical point) ജീവൻ ഉത്ഭവിച്ചതായി നാം കണ്ടു. ഇത്തരം നിർണ്ണായകനിമിഷങ്ങൾ ഷർദാൻെറ ചിന്തയിൽ വളരെ പ്രാധാന്യമർഹിക്കുന്നവയാണ്. എന്തെന്നാൽ, അവ എപ്പോഴും പ്രകൃതിയിൽ ഒരു വലിയ വ്യതിയാനം വരുത്തുന്നു. അവവഴി ഒരു പുതിയ വസ്തു ആവിർഭവിക്കയും ചെയ്യുന്നു. ഇതിലടങ്ങിയിരിക്കുന്ന സൂത്രത്തെ (machanism) ഒരു പരിധിയിൽക്കവിഞ്ഞു ചൂടായ ജലത്തിൽനിന്നു നീരാവി പൊങ്ങുന്നതിനോടു് ഏറെക്കുറെ സാമ്യപ്പെടുത്താം. എന്തായാലും സങ്കീർണ്ണതയുടെ ഒരു പ്രത്യേക പരിധി കഴിയുമ്പോൾ, ആ വസ്തുവിൻെറ പ്രകൃതി തന്നെമാറിപ്പോകുന്നു.[11] തന്നെയുമല്ല, മൂലകങ്ങളുടെ ക്രമീകരണത്തിൽ നിർണ്ണായകമായ ഒരു വ്യതിയാനം സംഭവിക്കയാണെങ്കിൽ, അതിൻെറ ബോധാവസ്ഥയ്ക്കും സാരമായ വ്യതിയാനം ഉണ്ടാകുന്നതാണ്.[12] അങ്ങനെ നാം അണ്ഡുംപറ

11 op. cit. p.86
12 op. cit. p. 98.

ത്തുപോലെ, ഒരു വസ്തുവിന്റെ സങ്കീർണ്ണത കൂടുന്നതനു സരിച്ച് അതിന്റെ ആത്മബോധവും വളരുന്നു. ഇതിനെയാണു സങ്കീർണ്ണതാസംവേദനങ്ങളുടെ നിയമമെന്ന് (Law of complexity-Consciousness) ഷർദാൻ വിളിക്കുന്നത്. അതിപ്രധാനമായ ഈ പുനരാവർത്തനനിയമ (Law of recurrence) മനുസരിച്ചാണു പരിണാമം മുമ്പോട്ടുപോകുന്നത്.

### ചിന്തയിലേക്ക്

ഏകകോശകജീവികളിൽ ഉത്ഭവിച്ച ജീവൻ ചിന്തയിലേക്കു വളരുന്നതു വളരെയധികം വർഷങ്ങൾ കഴിഞ്ഞിട്ടാണ്. ജീവന്റെ ആവിർഭാവത്തോടെ കോശങ്ങൾ വർദ്ധിക്കുവാൻ തുടങ്ങി; ഒരുപക്ഷേ കോശങ്ങൾ ഏററം ചെറുതായ (infinitesimal) തുകൊണ്ടായിരിക്കണം എണ്ണത്തിൽ വലുതാകുന്നത്. ജീവൻ എത്ര വർഗ്ഗങ്ങളിൽ (phylum) നിന്നും ആവിർഭവിച്ചു—ഒരു വർഗ്ഗത്തിൽനിന്നോ അതോ പല വർഗ്ഗങ്ങളിൽനിന്നോ, എന്നു തീർത്തുപറയാനാവില്ല. ജീവന്റെ ആദ്യ ദശകളിലെ മൃതാവശിഷ്ടങ്ങൾ (fossils) കിട്ടാത്തതാണ് ഇതിനു കാരണം. മനുഷ്യനെസ്സംബന്ധിച്ചും ഇതുതന്നെയാണു സംഭവിക്കുക. ജീവാവിർഭാവത്തിനുശേഷം ലക്ഷക്കണക്കിനു വർഷങ്ങൾ കഴിഞ്ഞുണ്ടായ മനുഷ്യന്റെ ആരംഭം എങ്ങനെയാണെന്നറിയുക സാധ്യമല്ലെങ്കിൽ ജീവന്റെ ഉത്ഭവത്തെപ്പററി എന്തു പറയാനാണ്. ഏതായാലും വർദ്ധിച്ചുപെരുകിയ കോശങ്ങൾ അവയുടെ പരസ്പരബന്ധം വഴി സങ്കീർണ്ണമായിത്തീർന്നു. ഈ സാമൂഹ്യസങ്കീർണ്ണത (collective inter-complexity) ഓരോ കണികയുടേയും ആന്തരികസങ്കീർണ്ണതയുടെ വളർച്ചയ്ക്കും വർദ്ധനവിനും നിദാനമാകുന്നു. മനുഷ്യനിൽ ഇതു് സാമൂഹ്യകേന്ദ്രീകരണം

(social convergence) വഴിയാണ പ്രത്യക്ഷപ്പെടുക.[13]

സസ്യവിഭാഗത്തെ മാററിനിർത്തിയാൽ, ജന്തുവർഗ്ഗത്തിൽപ്പെട്ട ബഹുകോശകപ്രാണിവർഗ്ഗ(metazoa)ത്തിലൂടെയാണ് പരിണാമം പ്രധാനമായും മുമ്പോട്ടുപോകുന്നത്. ബാക്ടീരിയാ മുതലായ ഏകകോശജീവികൾ ജലമണ്ഡലത്തിൽനിന്നാവിർഭവിച്ചു നട്ടെല്ലുള്ള ജന്തുക്കളായിത്തീന്നു. അങ്ങനെ അവ ഉഭയജീവികൾ(amphibia)ഇഴജന്തുക്കൾ(Reptiles)സ്തനൃപജീവികൾ മുതലായ ഒന്നിനൊന്നു ശ്രേഷ്ഠതരമായ ജീവികളായി പരിണമിച്ച് പ്രൈമററ് (സ്തനൃജന്തുക്കളിലെ ഏററം ഉയർന്ന ഗണം) കളിലെത്തുന്നു. പക്ഷേ എന്തിനാണു പരിണാമം പടിപടിയായി മുമ്പോട്ടുപോകുന്നത്? ഇതിനു് എന്തെങ്കിലും ലക്ഷ്യമുണ്ടോ? ആരും ചോദിച്ചുപോകുന്ന ഒരു ചോദ്യമാണിതു്. ഒരു തരത്തിലല്ലെങ്കിൽ മറെറാരുതരത്തിൽ പരിണാമമുണ്ട് എന്നതിനു് ശാസ്ത്രജ്ഞന്മാരുടെയിടയിൽ അഭിപ്രായവ്യത്യാസമില്ല. എന്നാൽ, പരിണാമത്തിനു് ഒരു ലക്ഷ്യമുണ്ടു് എന്ന കാര്യത്തിൽ അവർ തീർത്തും വിഭിന്നാഭിപ്രായക്കാരാണു്. പത്തിൽ ഒൻപതുപേരും നിഷേധാത്മകമായേ അതേപ്പററി സംസാരിക്കയുള്ളു. എന്നാൽ, പരിണാമത്തിനു് അന്ത്യമുണ്ടായിരിക്കണമെന്ന കാര്യത്തിൽ ഷർദാനു് സംശയമൊന്നുമില്ല.

അദ്ദേഹമിതു തെളിയിക്കുന്നതു രണ്ടുവിധത്തിലാണു്. ഒന്നു് സങ്കീർണ്ണതാസംവേദനനിയമമനുസരിച്ചു്: സങ്കീർണ്ണതയും കേന്ദ്രീകൃതതചവും വർദ്ധിക്കുന്നതനുസരിച്ച്, ജീവികളുടെ ആത്മബോധം വർദ്ധിക്കുന്നുവെന്നു നാം കണ്ടതാണു്. ഇങ്ങനെ പരിണാമം മനുഷ്യനിലേക്കാണു കുതിക്കുന്നതു്. എന്നാൽ, ഒരു ജീവിയുടെ ആത്മബോധത്തിൻെറ ആഴത്തെ നാ

13 *Man's Place in Nature*, p. 40

മറിയുക അതിൻെറ ആന്തരികക്രമീകരണം (arrangement) വഴിയാണ്. ക്രമീകരണത്തിൻെറ ഏറക്കുറവനുസരിച്ച് ആത്മബോധവും കൂടിയും കുറഞ്ഞുമിരിക്കും.[14] ആന്തരികമായ ഈ വളർച്ചക്കാനുപാതികമായി ജീവികളുടെ സിരാവ്യൂഹ (nervous system) ത്തിനും പുരോഗതിയുണ്ടാകുന്നുണ്ട്. മസ്തിഷ്കത്തിൻെറ വികാസമനുസരിച്ച് അവയുടെ ആന്തരികതത്വത്തിനും വർദ്ധനവുണ്ടാകുന്നു. അങ്ങനെ, പരിണാമത്തിൻെറ രണ്ടാമത്തെ അളവുകോൽ മസ്തിഷ്കവൽക്കരണ (Cerebralization) മാണ്. പരിണാമം ലക്ഷ്യരഹിതമല്ലെന്നു കാണിക്കുന്നതും ഇതാണ്. ഇങ്ങനെ നോക്കിയാൽ കശേരുകജീവികളിൽ മസ്തിഷ്കവികാസം കൂടുതലുള്ളതു സ്തനൃപജന്തുക്കളിലാണ്. എന്നാൽ, ഏററം ശുദ്ധവും സ്പഷ്ടവുമായ മസ്തിഷ്കവത്കരണം പ്രൈമറുകളിലാണു നാം കാണുക. മററു സ്തനൃപജന്തുക്കളിലും സിരാവ്യൂഹവും അതോടൊപ്പം സഹജജ്ഞാനവും വർദ്ധിക്കുന്നുണ്ടെങ്കിലും, അവ പരിസരങ്ങളോട് അമിതമായി അനുരൂപപ്പെട്ടതുകൊണ്ട് (adapted) അവയുടെ ആന്തരികവളർച്ച നിലച്ചുപോയി എന്നു പറയാം. പരിത:സ്ഥിതികളോടുള്ള അമിതമായ അനുരൂപണവും വിശേഷീകരണ (specialization) വും പരിണാമവിരുദ്ധമത്രേ. എന്നാൽ, പ്രൈമറുകളിൽ പരിണാമം നേരിട്ട് മസ്തിഷ്കത്തിലാണു പ്രവർത്തനം തുടങ്ങിയതു്:[15] അതുകൊണ്ടത്രെ അവ മററെല്ലാത്തിനേയുംകാൾ ആത്മബോധത്തിൽ മികച്ചുനില്ക്കുന്നതു്. അങ്ങനെ പ്രൈമറുകൾവഴി പരിണാമം ആൻത്രോപോയിഡ് (anthropoid) വിഭാഗത്തിലൂടെ അവസാനം മനുഷ്യനിലെത്തിച്ചേരുന്നു. ആത്മബോധത്തിലും മസ്തിഷ്കവത്കരണത്തിലും ഏററം ഉയർന്ന ജീവി മനുഷ്യനാണ്.

---

14 *The Phenomenon of Man* p. 158.
15 op. cit. 176

## 3. വിചിന്തനം (Reflection)

ലക്ഷക്കണക്കിനു വർഷങ്ങളോളം അറിവുണ്ടായിരുന്നിട്ടും അറിവുണ്ടെന്ന് അറിവില്ലാത്ത ഒരു ലോകത്തിലായിരുന്നു നാമിത്രനേരവും. എന്നാൽ മനുഷ്യന്റെ ആവിർഭാവത്തിൽ പരിണാമം ഒരു പുതിയ ഘട്ടത്തിലേക്കു പ്രവേശിച്ചിരിക്കയാണു്. വർഷങ്ങൾക്കുമുമ്പ് മൃഗങ്ങൾ സൈ്വരവിഹാരം നടത്തിയിരുന്ന സ്ഥലങ്ങളിലെല്ലാം, ആ മൃഗങ്ങളെ തങ്ങളുടെ ആവശ്യാർത്ഥം ഉപയോഗിക്കുന്ന മനുഷ്യരെയാണു് ഇന്നു നാം ദർശിക്കുന്നതു്. ഒരു സമൂലപരിവത്തനമാണിവിടെ നാം വീക്ഷിക്കുക. പരിണാമപ്രയാണത്തിലെ ഒരു വലിയ കുതിക്ക (leap) ലാണിതു്. എങ്ങിനെയായിരിക്കാം ഇതു സംഭവിച്ചതു്? ഉത്തരം പറയാൻ വളരെ വിഷമമുള്ള ഒരു ചോദ്യമാണിതു്. പരിണാമത്തിനു് ഒരു ലക്ഷ്യമുണ്ടോ എന്നതിനെപ്പററി ശാസ്ത്രജ്ഞന്മാരുടെയിടയിലെന്നപോലെ, മനുഷ്യന്റേയും അവന്റെ മുൻഗാമികളുടേയും മാനസികത തമ്മിൽ സാരമായ വ്യതിയാനം ഉണ്ടോ എന്നതിനെപ്പററി മന:ശാസ്ത്രപണ്ഡിതന്മാരുടെ ഇടയിലും അഭിപ്രായഭിന്നതയുണ്ടു്. എന്നാലും മനുഷ്യനിൽ മാത്രമേ നാമിന്നു വിചിന്തനം ദർശിക്കുന്നുള്ളു. മൃഗങ്ങൾക്കു സ്വാഭാവികജ്ഞാനമുണ്ടു്. എന്നാൽ തങ്ങൾക്കു് അറിവുണ്ടു് എന്നു് അവർക്കു ബോധമില്ല. മനുഷ്യനുമാത്രമേ തനിക്കറിയാമെന്നു് അറിഞ്ഞുകൂട്ടു.

പരീക്ഷണപരമായി നോക്കുമ്പോൾ വിചിന്തനം തന്റെമേൽത്തന്നെ തിരിയുവാനുള്ള ബോധത്തിന്റെ കഴിവാണു്.16 പ്രകൃതിശാസ്ത്രജ്ഞന്മാരും ദാർശനികന്മാരും മൃഗങ്ങളുടെ മാനസികതയെക്കുറിച്ചു വ്യത്യസ്താഭിപ്രായങ്ങൾ പുറ

16. Op. cit p 183.

പ്പെട്ടവിച്ചിട്ടുണ്ട്. ചിലർക്ക് ജന്മവാസന (Instinct) നിശ്ചിതവും ഏകരൂപവുമായ ഒരു രണ്ടാംതരം ബുദ്ധിയാണ്. ഒരു കർട്ടീസിയനെസ്സംബന്ധിച്ചിടത്തോളം ചിന്തയ്ക്കുമാത്രമേ ഉണ്മയുള്ളൂ. മൃഗങ്ങൾക്ക് ആന്തരികതചമെന്നൊന്നില്ല തന്നെ. എന്നാൽ ചില ആധുനിക ജീവശാസ്ത്രജ്ഞന്മാർ ബുദ്ധിയും ജന്മവാസനയും തമ്മിൽ വലിയ അന്തരമൊന്നും കാണുന്നില്ല. ഈ വീക്ഷണങ്ങളെല്ലാം അർത്ഥരഹിതമാണെന്നു പറയുക വയ്യ. എന്നാൽ അവ തെററിലേക്കു വഴി തെളിക്കുന്നവയാണ്.

ജന്മവാസന അതിൻെറ വിവിധ ഘട്ടങ്ങൾവഴി ജീവിത പ്രതിഭാസത്തെത്തന്നെ പകർത്തിക്കാട്ടുകയാണു ചെയ്യുക. അതുകൊണ്ട് അതു് ജീവൻെറ ഒരനുബന്ധ (Epiphenomenon) മല്ല. അപ്പോൾ ജന്മവാസന വിഭിന്നമായ ഒരു മാന (Variable dimension) ത്തെയാണു കുറിക്കുന്നതു്. വിവിധ മൃഗങ്ങളുടെ പ്രവൃർത്തികൾ വിവിധങ്ങളാണെന്നു നമുക്കറിയാം. കാരണമുണ്ട്. പരിണാമത്തെ പ്രഥമമായും മാനസിക രൂപാന്തരീകരണമായി വീക്ഷിക്കാൻ തുടങ്ങിയപ്പോൾമുതൽ നാം കാണുന്നതു് കേവലം ഒററ ജന്മവാസനയല്ല. പ്രത്യുത പലപ്രകാരത്തിലുള്ള ജന്മവാസനകളാൽ നിബദ്ധമായ ഒരു കൂട്ടത്തെയാണ്. കശേരുക ജീവിയുടെ മാനസികതയല്ല ഷ്ട്പദത്തിനുള്ളതു്. അണ്ണാൻെറ ജന്മവാസനയല്ല പൂച്ചയിലോ, ആനയിലോ നാം കാണുക. എല്ലാജീവികളെ സംബന്ധിച്ചും ഇങ്ങനെയാണ്. അപ്പോൾ ജന്മവാസന ഒരു വിഭിന്നതയാണെങ്കിൽ അവ തമ്മിൽ തമ്മിൽ വൈവിധ്യമുണ്ടായിരിക്കുമെന്നുമാത്രമല്ല, സങ്കീർണ്ണതയനുസരിച്ച് അവ വളർന്നുകൊണ്ടിരിക്കുന്ന ഒരു ശ്രേണി (Growing System)യുമായിരിക്കും.17 നായയുടെ ആന്തരിക

17. Op. cit pg. 185.

ത്വം മത്സ്യത്തിൻെറയോ കഴുതയുടെയോ ആന്തരികത്വത്തെക്കാൾ തീർച്ചയായും ഉന്നതമാണു്. അങ്ങനെ നോക്കുമ്പോൾ മനുഷ്യൻെറ തൊട്ടു പിന്നിലുള്ള ജീവികൾ സ്വാഭാവികമായും ബുദ്ധി (Intelligence) യോടു് അടുത്തു വരുന്നതായി കാണാം. സങ്കീർണ്ണത സംവേദനാനിയമമാണു് നാമിവിടെ കാണുന്നതു്. മാനസികതാപം (Psychical temperature) കോശങ്ങൾ പ്രൈമറ്റുകൾ മുതലായവയിലൂടെ വർദ്ധിച്ചു് ആൻത്രോപോയ്ഡിൽ എത്തി, ഒരു നിർണ്ണായകനിമിഷത്തിൽ അതിൻെറ സമനിലതെറ്റി മുമ്പോട്ടുള്ള ഒരു കുതിക്കലിൽ പര്യവസാനിക്കുന്നു. ടൻജൻഷ്യൽ എനർജിയുടെ അനല്പമായ വർദ്ധനവു് റേഡിയൽ എനർജിയെ അതിൻെറ മേൽത്തന്നെ തിരിയുവാൻ സഹായിച്ചു. പദാർത്ഥത്തിൽ ബാഹ്യവ്യതിയാനമെന്നും ഇതുമൂലം ഉണ്ടായില്ലെങ്കിലും ആന്തരികമായി ഒരു വലിയ പ്രക്ഷോഭണമാണു് അതുളവാക്കിയതു്. ഇന്ദ്രിയാതീതമായ അനുഭൂതിവിശേഷം പദാർത്ഥത്തിനു് ആദ്യമായി അനുഭവപ്പെട്ടു. അങ്ങനെ ചിന്തിക്കുന്ന മൃഗം ആദ്യമായി ഉടലെടുത്തു.

മനുഷ്യൻെറ ഉത്ഭവത്തിൽ ദൈവികമായ യാതൊരു ഇടപെടലും (Intervention) നാമിവിടെ കാണുന്നില്ല. അതുകൊണ്ടു ഷർദാൻ അതിനെ നിരാകരിച്ചുവെന്നു് ആരും ധരിക്കരുതു്. മനുഷ്യനെ ജീവശാസ്ത്രപരമായി, പ്രാതിഭാസികമായി മാത്രമേ അദ്ദേഹം ഇവിടെ പ്രതിപാദിക്കുന്നുള്ളുവെന്ന കാര്യവും നാം സ്മരിക്കേണ്ടതാണു്. ബുദ്ധി, മനസ്സു് എന്നിവ ആത്മാവിൻെറ അമൂത്ത കഴിവുകളാണു്. ആത്മാവിനെ ദൈവം തൻെറ പ്രത്യേക ഇടപെടൽവഴിയാണു സൃഷ്ടിക്കുന്നതെന്ന വിശ്വാസത്തിനെതിരായി ഷർദാൻ യാതൊന്നും പറയുന്നില്ല.[18] കാരണം മനുഷ്യൻെറ ആരംഭം എങ്ങനെ

18. Op. cit pg. 188 (f. n.)

യായിരുന്നുവെന്നു ശാസ്ത്രീയമായി ഇന്നും തീർത്തു പറയുക വയ്യാ. എന്നാൽ പ്രകൃതിയുടെമേൽ മനുഷ്യനുള്ള അധീനതം ഉറപ്പിച്ചു പ്രഖ്യാപിക്കുന്ന ആത്മീയവാദികളെപ്പോലെ തന്നെ, പരിണാമത്തിൻെറ അവസാനത്തെ കണ്ണികമാത്രമാണു് മനുഷ്യനെന്നു വാദിക്കുന്ന ഭൗതികവാദികളും പറയുന്നതു സത്യമാണു്, ഏററം ഉന്നതമായ ഈ സ്ഥിതിമാററം (Change of state) അംഗീകരിക്കുന്നുണ്ടെങ്കിൽ.

പലരും വിചാരിക്കുന്നതുപോലെ പരിണാമം നിലയ്ക്കുന്നില്ല, മനുഷ്യൻെറ ആവിർഭാവത്തോടെ. പക്ഷേ, പരിണാമപ്രക്രിയയിൽ സാരമായ ഒരു വ്യതിയാനമുണ്ടാകുന്നുണ്ടു്. ഇത്രയുംനാൾ പ്രകൃതിനിർദ്ധാരണ (Natural Selection)മാണു് മസ്തിഷ്ക്കവൽക്കരണത്തിൻെറ കാര്യത്തിൽ പ്രധാന പങ്കു വഹിച്ചിരുന്നതെങ്കിൽ ഇനിമുതൽ മനുഷ്യൻ തന്നെയായിരിക്കും ഇതു സാധിക്കുക. ഇതുവരെ പ്രപഞ്ചം പരിണാമത്താൽ നയിക്കപ്പെട്ടിരുന്നെങ്കിൽ ഇനിമുതലങ്ങോട്ടു മനുഷ്യനിലൂടെ പ്രപഞ്ചമായിരിക്കും പരിണാമത്തെ നയിക്കുക. സ്വയപരിണാമ (Auto-evolution) ത്തിൻെറ കാലഘട്ടത്തിലേക്കാണു നാം പ്രവേശിക്കുന്നതു്. പരിണാമത്തെപ്പററിയുള്ള പ്രതിഭാസവിജ്ഞാനീയം പ്രവൃത്തിയുടേതായ പ്രതിഭാസവിജ്ഞാനീയമായി മാറുകയാണു്.

മനുഷ്യൻെറ ഉദയത്തോടെ മററു പുതിയ വർഗ്ഗങ്ങളുടെ (New Species) ആവിർഭാവം നിന്നുവെന്നു പറയാം. അതുപോലെ, മനുഷ്യൻ ഇനി ശാരീരികപരിവത്തനങ്ങൾക്കു വിധേയനാകുമെന്നും തോന്നുന്നില്ല. പരിണാമം ഇനി തീത്തും ആന്തരികമായിരിക്കും, മാനസികമായിരിക്കും. മനുഷ്യവർഗ്ഗം, ജന്തുശാസ്ത്രപരമായി നോക്കുമ്പോൾ മററെല്ലാ ജൈവവർഗ്ഗങ്ങളെപ്പോലെതന്നെയാണു പ്രവർത്തിക്കുന്നതു്. സൂക്ഷ്മാവലോകനത്തിൽ അതിപ്രധാനങ്ങളായ ചില പ്രത്യേ

കതകൾ മനുഷ്യനിൽ നാം കാണുന്നില്ലെന്ന് ഇതിൽനിന്നും അനുമാനിക്കേണ്ടതില്ല. അസാധാരണമായ വികസന (expansion) ശക്തി അതിവേഗത്തിലുള്ള വ്യതിരേകീകരണം, അനന്യസാധാരണമായ വർഗ്ഗസംരക്ഷണം, ഒന്നിക്കുന്നതിനുള്ള അഭിരുചി എന്നിവ മനുഷ്യനിൽമാത്രമേ നാം കാണുന്നുള്ളു. മനുഷ്യൻവരെയുള്ള ജീവികൾ വ്യതിരിക്തത (Divergence) യെ സംരക്ഷിച്ചുകൊണ്ടാണു പരിണമിച്ചത്. അതുകൊണ്ടാണു വ്യത്യസ്തങ്ങളായ ജീവികളെ നാം കാണുന്നത്. എന്നാൽ വിചിന്തനത്തിന്റെ ആവിർഭാവത്തോടെ കേന്ദ്രീകരണശക്തി (Power of Convergence) വൈവിധ്യത്തെ നിയന്ത്രിക്കുന്നു. അങ്ങനെ ഒരു സമൂഹവൽക്കരണ (Socilization) ത്തിന്റെ അന്തരീക്ഷം സംജാതമാകുന്നു. സജീവപദാർത്ഥത്തിന്റെ (vitalized matter) പ്രഥമവും സാർവ്വത്രികവുമായ ഒരു വിശേഷതയാണ് സമൂഹവൽക്കരണം[19] എന്നിരുന്നാലും മനുഷ്യനിലാണ് അതിന്റെ പൂർണ്ണത കണ്ടെത്തുന്നത്. സമൂഹവൽക്കരണംവഴി മനുഷ്യൻ ജീവമണ്ഡലത്തിനു പുതിയ ഒരു ആവരണംകൂടി നല്കുകയാണ് ചെയ്യുക. മനുഷ്യർ തങ്ങളുടെ പരസ്പരബന്ധങ്ങൾവഴി, മനോജനനംവഴി, ഒരു നവീനമണ്ഡലം സൃഷ്ടിക്കുകയാണ്—മനോമണ്ഡലം (Noosphere). ഒരു സാമൂഹ്യമസ്തിഷ്ക്കവൽക്കരണമാണ് ഇതിന്റെ നിദാനം. അങ്ങനെ ഇന്നുവരെ ഭൂമിശാസ്ത്രപരമായിമാത്രം ഏകമായി കണക്കാക്കിയിരുന്ന ഭൂമി ഇന്ന് നരവംശപരമായും ഏകമായിരിക്കുകയാണ്. ഈ പ്രക്രിയയെ മനുഷ്യന്റെ ഗ്രഹവൽക്കരണം (Planetisation) എന്നാണു ഷർദാൻ വിളിക്കുക.[20] പരി

---

19 *Man's Place in Nature*, p. 79.

20 Id cfr. *The Future of Man*, (New York: Collins Press 1964) p. 115.

ന്നാമം ആത്മബോധത്തിൻെറ ഉയിർപ്പിലാണല്ലോ സ്ഥിതി ചെയ്യുന്നതു്. സമൂഹവൽക്കരണംവഴി ഉയർന്ന ആത്മബോധം കൂടുതൽ കേന്ദ്രീകരണത്തിനും തന്മൂലം ഏകീഭാവത്തിനും രൂപം കൊടുക്കുന്നു. അങ്ങനെ മനുഷ്യരിൽ ഏകത്വമുണ്ടാകുന്നു. ചരിത്രപരമായി നോക്കുമ്പോൾ ഗ്രഹവൽക്കരണം വളരെ സാവധാനത്തിലാണു് ആരംഭിച്ചതു്. ഭൂഗോളത്തോടു സദൃശമായ ഒരു ഗോളത്തിൻെറ ദക്ഷിണധ്രുവത്തിൽ നിന്നും ഉത്തരധ്രുവത്തിലേക്കു് ഒരു പ്രകാശരശ്മി സഞ്ചരിക്കുന്നുവെന്നു വിചാരിക്കുക. മധ്യരേഖവരെ ആ രശ്മിക്കു വ്യാപന (Spreading) മാണെങ്കിൽ അവിടം മുതൽ അതു സ്വയം ചുരുങ്ങുക (Contract) യാണെന്നു നമുക്കു കാണുവാൻ സാധിക്കും. ഇതുപോലെ, ആരംഭംമുതൽ മുപ്പതിനായിരത്തോളംവർഷം മനുഷ്യൻെറ വികസനകാലഘട്ടമായിരുന്നു. എന്നാൽ പിന്നീടു നിശ്ചിതവും സാർവ്വത്രികവുമായ ചുരുങ്ങലിൻെറ (folding back) ലക്ഷണങ്ങൾ കണ്ടു തുടങ്ങി. പല കാരണങ്ങളും ഇതിനില്ലാതില്ല. ഭൂമിയുടെ ഗോളാകൃതിതന്നെ ഇതിനു സഹായകമായി വർത്തിക്കുന്നു.[21] ഭൂമി പരന്നതായിരുന്നെങ്കിൽ മനുഷ്യൻ ചെറിയ ചെറിയ ഗണങ്ങളായി ചിന്നിച്ചിതറിപ്പോയേനെ. കൂടാതെ ജനപ്പെരുപ്പം, വിവിധ നാഗരികതകൾ എന്നിവയാൽ ഉണ്ടാകുന്ന വികസനത്തിൻെറ സമൂഹവൽക്കരണം (Socializatian of expansion) സങ്കോചിക്കലിൻെറ സമൂഹവൽക്കരണത്തിലാണു് അവസാനിക്കുന്നതു്, മൂന്നു ഘട്ടങ്ങളിലായിട്ടാണു് ഈ ഏകീകരണം സാധ്യമാവുക. ഒന്നാമതു ജനസംഖ്യാവർദ്ധനവു ജീവിത സൗകര്യങ്ങൾക്കു കൂടുതൽ കൂടുതൽ ക്രമീകരണങ്ങൾ വരുത്തുവാൻ മനുഷ്യനെ നിർബ്ബന്ധിക്കുന്നു. രണ്ടാമതു്, സാമ്പത്തിക സാങ്കേതികഘടകങ്ങൾ കൂടുതൽ ഏകീകരണം ആ

---

21 *The Phenomenon of Man*, p. 263

വശ്യപ്പെടുന്നു. അചേതനമായ ഒന്നിൽ നാം അധികം മർദ്ദം ചെലുത്തിയാൽ അതിന്റെ ഘടനയ്ക്കു് അല്ലെങ്കിൽ അവസ്ഥ (State) യ്ക്കു വ്യതിയാനംവരും. എന്നാൽ ഒരു ജൈവവസ്തു മർദ്ദത്തിന്നനുസരണമായി സ്വയം അനുരൂപപ്പെടാൻ ശ്രമിക്കുന്നതു കാണാം. മനോമണ്ഡലത്തിന്റെ ഉത്ഭവത്തെ കാണിക്കുവാൻ ഇതിനെക്കാൾ പറ്റിയ ഒരു ഉദാഹരണമില്ല. മനുഷ്യരുടെ എണ്ണം വർദ്ധിക്കുന്നതോടെ, തങ്ങളുടെ ജീവനെ നിലനിർത്തുവാൻ നവംനവങ്ങളായ ക്രമീകരണങ്ങളും സാങ്കേതികവിദ്യകളും കണ്ടുപിടിക്കുവാൻ അവർ നിർബ്ബന്ധിതരാകുന്നു. അതോടൊപ്പംതന്നെ അവരുടെ ആന്തരികത്വം ഉയരുകയും ചെയ്യുന്നു. ഇതാണു നമ്മെ മൂന്നാമത്തെ ഘട്ടത്തിലേക്കു കൊണ്ടുവരുന്നതു്. ആന്തരികത്വവും സങ്കീർണ്ണതയും വർദ്ധിക്കുന്നതനുസരിച്ച് മനുഷ്യന്റെ കല്പനാവൈഭവം വർദ്ധിക്കുന്നു; തദ്വാരാ ബുദ്ധികൂർമ്മതയും ഇതിന്റെ ഫലമായി ഏകീഭാവവും, ക്രമീകരണവും, അതിൽനിന്ന് ആത്മബോധവും വളർച്ച പ്രാപിക്കുന്നു. പരിണാമം കൂടുതൽ കൂടുതൽ കേന്ദ്രീകൃതമായ അവസ്ഥയിലേക്കു പടിപടിയായി നീങ്ങിക്കൊണ്ടിരിക്കുകയാണു്.22

ചാക്രികപരിണാമ (Cyclic evolution) ത്തെപ്പററി ചിന്തിക്കുകകൂടി വയ്യ. പക്ഷേ, സ്വാതന്ത്ര്യമനുഷ്യനിലൂടെയുള്ള പരിണാമം ആശങ്കാജനകമാണു്. കാരണം പരിണാമമാകുന്ന ഈ വലിയ കളിയിൽ നാംതന്നെയാണു കളിക്കാരും ചീട്ടുകളും. നാം മേശയെ വിട്ടുപോകയാണെങ്കിൽ കളി അതോടെ അവസാനിക്കും. അങ്ങനെ ഇന്നുവരെ പരിണാമം കെട്ടിപ്പടുത്തതെല്ലാം തകർന്നടിഞ്ഞുപോകും. എന്നാൽ ക-

---

22 *Man's Place in Nature*, p. 99.

ളിച്ചുകൊണ്ടിരിക്കാൻ നമ്മെ നിർബന്ധിക്കുക ആർക്കും സാദ്ധ്യവുമല്ല.23 ഉൽക്കണ്ഠാകുലനായ ആധുനിക മനുഷ്യൻ ഒരു സ്വയം സമർപ്പണത്തിനു മുതിരുകയില്ല. സ്ഥലകാലങ്ങളുടെ അനന്തതയും വിശ്വത്തിന്റെ അപരിമേയത്വവും മനുഷ്യനെ പര്യാകുലനാക്കുന്നു. കൂടാതെ തന്റെ തല അടഞ്ഞതാണെന്നു തോന്നിയാൽ മനുഷ്യൻ ഒരടിപോലും മുന്നോട്ടുവയ്ക്കുകയുമില്ല.24 ഒരു കൂട്ടം ഖനിത്തൊഴിലാളികൾ ഒരത്യാഹിതംമൂലം മണ്ണിന്നടിയിൽപെട്ടുപോയി എന്നു വയ്ക്കുക. അവിടെനിന്നു രക്ഷപ്പെടുവാൻ അവർ ശ്രമിക്കണമെങ്കിൽ രണ്ടു കാര്യങ്ങൾ അവർ അറിഞ്ഞിരിക്കണം. അവർ കിടക്കുന്ന ഖനിയുടെ മറേറ അററത്ത് ഒരു വാതായനമുണ്ടെന്നും, അവിടെ ചെന്നു കഴിഞ്ഞാൽ ശ്വസിക്കാൻ വായുവും കാണുവാൻ വെളിച്ചവും ലഭിക്കുമെന്നും. ഇതാണ് ആധുനികമനുഷ്യന്റെ ചിത്രം. താനാണു മനുഷ്യവംശത്തിന്റെ പുരോഗതിക്ക് ഉത്തരവാദിയെന്ന് അവനറിയാം. എന്നാൽ ലോകം വായുവിരുദ്ധമായി അടയ്ക്കപ്പെട്ട ഒരു ഗുഹയാണെന്നോ, അല്ലെങ്കിൽ അതിന്റെ അങ്ങേ അററം ഏററം ഹീനമായ ഒന്നിലേക്കാണു തുറക്കപ്പെട്ടിരിക്കുന്നതെന്നോ അല്പമെങ്കിലും സംശയമുണ്ടെങ്കിൽ ശ്രേയസ്സിനുവേണ്ടി ഏതെങ്കിലും തരത്തിൽ യത്നിക്കുവാൻ അവൻ ഒരുപ്പെട്ടുകയില്ല. ഭൗതികനേട്ടങ്ങളെ എന്നേയ്ക്കുമായി അപ്രത്യക്ഷമാക്കുന്ന ഒരു സാകല്യമരണം (total death). മനുഷ്യോചിതമല്ലാത്ത ഒരു അതിജീവിതം, ഇവയേപ്പററിയുള്ള ചിന്തതന്നെ മനുഷ്യന്റെ ജീവിക്കുവാനുള്ള ആഗ്രഹത്തെ നശിപ്പിക്കുന്നവയാണ്.

എന്നാൽ ഉൽക്കണ്ഠാകുലമായ ഈ അവസ്ഥയിൽ നമുക്കു നില്ക്കുക സാദ്ധ്യമല്ല. കാരണം ജീവിതം നമ്മെ മുമ്പോ

23 *The Phenomenon of Man* p. 253.
24 op. cit. p. 254.

ട്ട തള്ളിക്കൊണ്ടിരിക്കയാണ്. അതുകൊണ്ടു നമുക്കെന്തെങ്കിലും ചെയ്യണമെന്നുണ്ടെങ്കിൽ നാമേതെങ്കിലുമൊരു തീരുമാനമെടുക്കേണ്ടിയിരിക്കുന്നു: ഒന്നുകിൽ നമ്മുടെ ഭാവിക്കു നേരെ പ്രകൃതി കണ്ണടയ്ക്കുകയാണ്; അല്ലെങ്കിൽ എവിടെയോ ഒരു വാതായനം (a way out) മുണ്ട്. "അവസാന വിശകലനത്തിൽ ഒരു സംഗതി നടക്കുമെന്നുള്ളതിന്റെ ഏററം നല്ല ഉറപ്പ് അതു് അവശ്യം ആവശ്യമാണെന്നു നമുക്കു തോന്നുകയാണ്."25 എന്തായാലും സാകല്യമരണം വിചിന്തനവുമായി ഒന്നിച്ചുപോകുക സാധ്യമല്ല.

ശാസ്ത്രദൃഷ്ട്യാ വിശ്വം ഒരു ലക്ഷ്യത്തിലേക്കു നീങ്ങിക്കൊണ്ടിരിക്കയാണ്. ഈ യാത്ര തുടരണമെങ്കിൽ, ഈ ഉദ്യമം അവസാനിക്കണമെങ്കിൽ അഭികാമ്യമായ ഒരു ഭാവി പ്രകാശിപ്പിക്കപ്പെടണം. ഇതിന്റെ അഭാവം ലോകത്തെ അർത്ഥരഹിതമാക്കും. അതുകൊണ്ടു മാനസിക വളർച്ച പിന്നോക്കം പോകുവാൻ സാദ്ധ്യമല്ലാത്ത ഒന്നായിരിക്കണം. അങ്ങനെ നോക്കുമ്പോൾ ചിന്തയുടെ ആവിർഭാവം തുടർന്നുള്ള പരിണാമസാധ്യതയുടെ മുന്നോടിയാണ്. വിശ്വം അതിന്റെ ഘടനയാൽ പരമമായ ഒന്നിലേക്കാണു പോകുന്നതു്. പരിണാമത്തിനു ലക്ഷ്യമുണ്ട്. മാനുഷവൽക്കരണംവഴി വിശ്വത്തിനു് ചിന്തയുടേതായ ഒരടുക്കുകൂടി ഉണ്ടായിരിക്കയാണല്ലോ. അതുകൊണ്ടു നമ്മുടെ ഭാവിപ്രവർത്തനങ്ങൾക്കു അപരിത്യാജ്യമായ രണ്ടു കാര്യങ്ങളെപ്പററി ഉറപ്പായി നമുക്കു വിശ്വസിക്കാം. ഭാവിയിൽ, സാമൂഹ്യമായിട്ടെങ്കിലും ഒരു അതിജീവിതവും അതിജീവനും ഉണ്ട്. ഈ മഹത്തായ അസ്തിത്വത്തെ പ്രാപിക്കുന്നതിനു നാം പരിണാമപഥത്തിലൂടെ സുധീരം ചരിച്ചാൽമതി."

---

25 op. cit. p. 257.

## 4. അതിജീവിതം (Survival)

അങ്ങനെയെങ്കിൽ ആ അതിജീവിതം എന്തിലടങ്ങിയിരിക്കുന്നുവെന്ന് ഇനി നമുക്കു നോക്കാം. ഗ്രഹവൽക്കരണം വഴി ഒരു മണ്ഡലമായിരിക്കുന്ന മനുഷ്യൻ ഒരു സത്ത (entity) യാണെന്നു പറയാം. അതെ, പരിണാമം പുരുഷാത്മക (Personal) മായിരിക്കയാണു്. അങ്ങനെ വ്യക്തിപരമായും സാമൂഹ്യമായും പ്രാപഞ്ചികമായും വർദ്ധിച്ച സങ്കീർണ്ണതയിലേക്കും തത്ഫലമായി ആത്മബോധത്തിലേക്കും പരിണാമം കുതിച്ചുകൊണ്ടിരിക്കയാണ്. ഈ സങ്കീർണ്ണതയും അവബോധവും ബോധപൂർവ്വകമായ ഒരു ഏകീകരണത്തിനു കളമൊരുക്കുന്നു. ഉന്നത തലത്തിലുള്ള ഒരു ആത്മബോധത്തിൽമാത്രമേ പരിണാമം അവസാനിക്കയുള്ളു. പുരുഷാത്മകമായ പരിണാമം അപൗരുഷേയമായ ഒന്നിൽ ചെന്നെത്തുക അർത്ഥശൂന്യമായതുകൊണ്ടു് അതു തീർച്ചയായും അതിപുരുഷാത്മക (Super personal) മായ ഒരു ബിന്ദുവിലേക്കാണു ചരിക്കുന്നതു്. ഈ ബിന്ദുവിനെ ഷർദാൻ ഒമേഗാ എന്നാണു നാമകരണം ചെയ്തിരിക്കുന്നതു്.26(ഗ്രീക്ക് അക്ഷരമാലയിലെ അവസാനത്തെ അക്ഷരമാണു് ഒമേഗാ.) ഭൂതവർത്തമാന കാലങ്ങളെ വിശകലനം ചെയ്തശേഷം ഷർദാൻ എത്തിച്ചേർന്ന, മാനുഷികവളർച്ചയുടെ അന്ത്യമിതാണു്. പ്രപഞ്ചം ഒമേഗായിലേക്കാണു തുറക്കപ്പെട്ടിരിക്കുന്നതു്. പ്രപഞ്ചത്തിൻെറ കേന്ദ്രബിന്ദുവും ഒമേഗായാണു്. കേന്ദ്രാഭിമുഖമായ പരിണാമചലനത്തിൻെറ പ്രധാനഹേതു സ്നേഹമാണു്. സ്നേഹശക്തിയാണു പരിണാമത്തെ മുമ്പോട്ടു കൊണ്ടുപോകുന്നതു്. മനുഷ്യവ്യക്തികളെ

---

26 op. cit. p. 258.

ഒന്നിപ്പിക്കുവാനും പരിപൂർണ്ണരാക്കുവാനും സ്നേഹത്തിനുമാത്രമേ സാധിക്കയുള്ളു. റേസിയൻ എനർജിയുടെ ഏററവും ഉന്നതമായ രൂപമാണു സ്നേഹം. മനുഷ്യൻ ഐക്യത്തിലേക്കു നീങ്ങണമെങ്കിൽ സ്നേഹത്തിൽ ക്രമേണ വികസിച്ചു മനുഷ്യവർഗ്ഗം മുഴുവനേയും പ്രപഞ്ചത്തെത്തന്നെയും തന്നിലുൾക്കൊള്ളാൻ അവനു കഴിയണം. മറെറാരു തരത്തിൽ പറഞ്ഞാൽ ഗ്രഹവൽക്കരണം സ്നേഹവൽക്കരണമായി മാറണം. ഒരുവനു് എല്ലാവരേയും സ്നേഹിക്കുക അസാദ്ധ്യമെന്നു പറയുന്നവരോടു ഷർദാൻ ചോദിക്കുന്നതു്, അങ്ങനെയെങ്കിൽ സർവ്വത്തേയും നമ്മോടടുപ്പിക്കാനുള്ള നമ്മുടെ അടങ്ങാത്ത അഭിവാഞ്ഛക്കു് എന്തു സമാധാനം പറയും എന്നാണു്. മനഃശാസ്ത്രപരമായി, എല്ലാവരേയും സ്നേഹിക്കുക സാധ്യമെന്നു മാത്രമല്ല, അതുമാത്രമാണു യഥാർത്ഥ സ്നേഹം.27 ഇങ്ങനെ സങ്കീർണ്ണതാസംവേദനനിയമം സ്നേഹവൽക്കരണനിയമത്തിനു വഴി മാറിക്കൊടുക്കുന്നു. അങ്ങനെ സ്നേഹത്തിന്റെ ശക്തിയാൽ മനുഷ്യൻ ഒമേഗായുമായി ഐക്യപ്പെട്ടു് ഒരു സാകല്യമായി മാറുന്നു. എന്നാൽ ഈ സാകലീകരണം ഓരോ മനുഷ്യന്റെയും വ്യക്തിവൽക്കരണം (Personalization) കൂടിയാണു്. ഒമേഗായുമായി സംയോജിക്കുന്നതുകൊണ്ടു് ആരുടെയും വ്യക്തിത്വം നശിക്കുന്നില്ല; വർദ്ധിക്കുകയാണു ചെയ്യുക. കാരണം ഐക്യത്തിലൂടെയേ വ്യക്തിത്വം വികസിക്കയുള്ളൂ. തന്നെയുമല്ല ഐക്യം വ്യതിരേകവൽക്കരിക്കയും ചെയ്യുന്നു. ഒരു സാകല്യം (whole) അതിന്റെ ഭാഗങ്ങളുടെ പരിപൂർണ്ണതയിലാണു രൂപമെടുക്കുക.

ശാസ്ത്രദൃഷ്ട്യാ ഒമേഗാപോയിന്റു കേവലം സാങ്കല്പിക (Hypothetical) മാണു്. സാധുതയിൽക്കവിഞ്ഞു് അ

---

27 op. cit. p. 293.

തിനെപ്പററി ഒന്നും പറയുക വയ്യ. എന്നാൽ സാധ്യതയിൽ നിന്നും വാസ്തവികതയിലേയ്ക്കാണു ഷർദാൻ ഇനി കടക്കുന്നത്. അവിടെയാണ് അദ്ദേഹം ഒരു ശാസ്ത്രജ്ഞൻമാത്രമല്ലാതാകുന്നത്.

ഐക്യത്തിലേയ്ക്കുള്ള നമ്മുടെ പ്രയാണം നമ്മേ ഏതോ 'ഒരുവനി' (Someone) ലേക്കല്ല നയിക്കുന്നതെങ്കിൽ വീണ്ടും പദാർത്ഥത്തിലേക്കു നാം തിരിയേണ്ടിവരും. അങ്ങനെ ചക്രഗതിയുള്ള പരിണാമത്തെപ്പററി ചിന്തിക്കുക വയ്യ എന്നു നാം ആദ്യം കണ്ടതാണ്. അതുകൊണ്ടു് ഒമേഗാ ഇപ്പോഴുള്ള സർവ്വാകർഷകമായ ഒരു യാഥാർത്ഥ്യമായിരിക്കണം. ഒരു സാമൂഹ്യവിചിന്തനകേന്ദ്രമെന്നതിനേക്കാൾ ഒമേഗാ ഒരു പുരുഷാത്മകകേന്ദ്രമാണ്. അതു സ്നേഹാർഹമാണ്, സ്നേഹിക്കുന്നതുമാണ്. മനുഷ്യസ്നേഹത്തിലൂടെ പരിണാമത്തെ മുൻപോട്ടു കൊണ്ടുപോകുന്നതും ഒമേഗായാണ്. ഒമേഗാ കേവലം ഒരു സങ്കല്പമല്ല. പ്രത്യുത ഒരു യാഥാർത്ഥ്യമാണ്. മനുഷ്യപ്രവൃത്തി പരമവും അക്ഷയവുമായ ഒരു കേന്ദ്രത്തെ ആവശ്യപ്പെടുന്നു. ഒമേഗായിലാണ് ഈ ആവശ്യം സാക്ഷാൽക്കരിക്കപ്പെടുക. പരിണാമത്തിന്റെ കാരണമെങ്കിലും ഒമേഗാ പരിണാമത്തിനു വിധേയമല്ല. അതുപോലെതന്നെ പരിണാമനിരയുടെ അവസാനത്തെ കണ്ണിയാണതെങ്കിലും, അതു് എല്ലാ നിരകൾക്കും പുറത്താണ്;28 സ്ഥലകാലങ്ങൾക്ക് അതീതവുമാണ്. അല്ലെങ്കിൽ അതു് ഒമേഗായായിരിക്കുകയില്ല. അപ്പോൾ ഒമേഗാ പരിണാമഫലമല്ല. മനോമണ്ഡലത്തെ മുഴുവൻ തന്നിലേക്കടുപ്പിക്കുന്നതോടൊപ്പം സാവ്വാതിരക്തമായി നിലകൊള്ളുന്ന ഒരു പുരുഷാത്മകകേന്ദ്രമാണതു്.

അഭികാമ്യവും അക്ഷയവുമായ ഈ കേന്ദ്രത്തെ പ്രാപി

---

28 op. cit. p. 297.

ക്കുന്നതിനു മനുഷ്യന് ഒന്നുമാത്രമേ ചെയ്യേണ്ടതായിട്ടുള്ളു-തന്നെത്തന്നെ സർവ്വോപരി മാനസികൈക്യത്തിനായി സമർപ്പിക്കുക ഇതിന്ന് മനുഷ്യൻ ഏതിലേക്കു നീങ്ങുന്നുവോ, ആ കേന്ദ്രത്തിനു സ്വകീയമായ ഒരു സത്തയുണ്ടായിരിക്കണം. അതു് വ്യതിരിക്തവും പുരുഷാത്മകവുമായിരിക്കയും വേണം.

ദൈവികവെളിപാടാണു ഷർദാനെ ഇവിടെ നയിക്കുന്നതു്. ശാസ്ത്രത്തിൻെറ കണ്ണിൽ ഒമേഗാ ഒരു സങ്കല്പമാണെങ്കിലും ദൈവാവിഷ്കരണംവഴി അതൊരു യാഥാർത്ഥ്യമാണെന്നു നാം ഗ്രഹിച്ചിട്ടുണ്ടു്. പരിണാമപ്രക്രിയ ആവശ്യപ്പെടുന്ന പുരുഷാത്മകകേന്ദ്രത്തിൻെറ സ്ഥാനത്തു്; സമസ്തവും ആരിൽ സംയോജിപ്പിച്ചിരിക്കുന്നുവോ, ആ മാംസം ധരിച്ച വചനം ഉണ്ടെന്നു വെളിപാടുവഴി നമുക്കറിയാം. അപ്പോൾ ക്രിസ്തുവും ഒമേഗായും ഒന്നുതന്നെ. ഇതു നാം സമ്മതിക്കയാണെങ്കിൽ ലോകത്തിനു ശോഭനമായ ഒരു ഭാവിയുണ്ടെന്നനുമാനിക്കാം. പ്രപഞ്ചം ക്രിസ്തുവിലേയ്ക്കു തുറക്കപ്പെട്ടിരിക്കയാണു്. മാനുഷീകരണത്തിൻേറയും പൗരുഷീകരണത്തിൻേറയും അന്ത്യം ക്രിസ്തുവായതുകൊണ്ടു പരിണാമ പുരോഗതിയെ തച്ചുടയ്ക്കുന്ന ഒരു സാകല്യമരണത്തെ നാമാരും ഭയപ്പെടേണ്ടതില്ല. ഒമേഗാ ക്രിസ്തുതന്നെയായതുകൊണ്ടു് ഒരു ക്രിസ്ത്യാനിക്കു ശുഭാപ്തിവിശ്വാസത്തിനു വകയുണ്ടു്. കാരണം, മാനുഷീകരണത്തിൻെറ അന്ത്യവിജയം, എല്ലാം ദൈവത്തിൽ സംയോജിപ്പിക്കുകയെന്ന ക്രിസ്തുവിൻെറ പ്രവൃത്തിയാൽ, നിർണ്ണയിക്കപ്പെട്ടിട്ടുള്ളതാണു്. "ഭൂമിയിൽ മനുഷ്യഗണത്തിൻെറ സാമൂഹ്യമായ ഏകീകരണത്തെ, അന്തസ്സാരവിഹീനവും പ്രതികൂലവുമായ ഒന്നായി കണക്കാക്കാതെ, ക്രിസ്തുവിൻെറ പുനരാഗമനദിനത്തിൽ ദൈവരാജ്യത്തിൻെറ സ്ഥാപനത്തിനു വേണ്ടിയുള്ള അപര്യാപ്തമെങ്കിലും അവശ്യമായ ഒരു വ്യവ

സ്ഥയായി അംഗീകരിക്കുന്ന ക്രിസ്ത്യാനിക്കു്, മനുഷ്യൻെറ ഈ ഭൂമിയിലെ പരമവിജയം കേവലം സംഭവ്യമെന്നു മാത്രമല്ല, ഒരു യാഥാർത്ഥ്യമാണു്."[29] ഈ സത്യം പ്രതിഭാസാതീതവും പ്രകൃത്യതീതവുമായ ഒരു വിശ്വാസത്തിൽനിന്നും ഉരുത്തരിയുന്നതാണെന്നു ഷർദാനും സമ്മതിക്കുന്നുണ്ടു്. പ്രസാദവരത്തിൻെറ പ്രകാശത്തിൽ മാത്രമേ ക്രിസ്തുവും ഒമേഗായും ഒന്നാണെന്നു നമുക്കറിയുവാൻ സാധിക്കയുള്ളു. അതുപോലെതന്നെ മനുഷ്യൻെറ അന്ത്യവിജയവും. കാരണം, കേവലം ശാസ്ത്രത്തിനു ക്രിസ്തുവിനെ കണ്ടെത്തുക സാധ്യമല്ല. എന്നാൽ ശാസ്ത്രീയപഠനങ്ങളിൽനിന്നു നമ്മിലുയിർക്കൊള്ളുന്ന അഭിലാഷങ്ങളെ ഉൽഫുല്ലമാക്കാൻ ക്രിസ്തുവിനു സാധിക്കും. അതുകൊണ്ടു് മതത്തെയും ശാസ്ത്രത്തെയും, അവ രണ്ടാണെങ്കിലും, വേർതിരിച്ചു നിർത്തുക തെററാണു്. അവ രണ്ടും ഒരു പൊതുവീക്ഷണത്തിൽ, ഒരു ബിന്ദുവിൽ സംയോജിക്കുക മനുഷ്യപുരോഗതിക്കപരിത്യാജ്യമാണു്. മതത്തെയും ശാസ്ത്രത്തെയും സംയോജിപ്പിച്ചുകൊണ്ടു പ്രപഞ്ചത്തെ ഏകവും തുടർച്ചയുമായ ഒരു യാഥാർത്ഥ്യമായി വീക്ഷിക്കുവാൻ സാധിച്ചെന്നുള്ളതാണു ഷർദാൻെറ ഏററം വലിയ വിജയം.

---

29 Christopher F. Mooney, *Tailhard de Chardin and the Mystery of Christ*, (London: Collins, 1966) p. 58.

## അദ്ധ്യായം 2

# ഒമേഗാ—ചരിത്രപുരുഷനായ ക്രിസ്തു

ഷർദാന്റെ അഭിപ്രായത്തിൽ, ആധുനികമനുഷ്യനെ ഏററം അലട്ടുന്ന പ്രശ്നം ഭൗമികജീവിതത്തിന്റെ അന്ത്യമാണല്ലോ. ഭൗമികപുരോഗതിക്കു ചെന്നുപററുവാൻ സുനിശ്ചിതമായ ഒരു തുറമുഖമുണ്ടെന്നു സ്ഥാപിക്കുകയാണു് അദ്ദേഹം ചെയ്തതു്, പ്രപഞ്ചത്തിന്റെ പ്രാതിഭാസിക വിശകലനംവഴി. ലോകത്തിൽ നാം കാണുക കേവലം മാററങ്ങളല്ലെന്നും നിശ്ചിതമായ ഒരു ലക്ഷ്യത്തിലേക്കു കുതിക്കുന്ന ഒരു ജനനമാണെന്നും അദ്ദേഹം സമർത്ഥിച്ചു. ജൈവപരിണാമത്തിന്റെ നട്ടെല്ലു മനുഷ്യനാണു്. കാരണം അവനിൽക്കൂടിയാണു് പരിണാമം വിചിന്തനത്തിലേക്കു കടക്കുന്നതു്. അതോടുകൂടി ബാഹ്യമായിമാത്രം പ്രവർത്തിച്ചിരുന്ന സങ്കീർണ്ണതാസംവേദനനിയമം ആന്തരികമായി. തത്ഫലമായി, സമൂഹവൽക്കരണംവഴി സങ്കീർണ്ണതാസംവേദന നിയമം സ്നേഹവൽക്കരണ നിയമമായി മാറി. കാരണം മനുഷ്യന്റെ സ്വതന്ത്രസ്നേഹംവഴി മാത്രമേ മനുഷ്യവംശത്തെ ഒരു സാകല്യമാക്കുവാൻ സാധിക്കയുള്ളൂ. അങ്ങനെ സ്നേഹവൽക്കരണംവഴി രൂപമെടുക്കുന്ന സാകല്യത്തിന്റെ കേന്ദ്രബിന്ദുവാണു് ഒമേഗാ. ദൈവാവിഷ്ക്കരണത്തിന്റെ സഹായത്താൽ ഒമേഗാ ക്രിസ്തുവാണെന്നു നാം കണ്ടു.

മനുഷ്യഗണത്തിൻെറ പ്രകൃത്യതീതമായ അന്ത്യവും നൈസർഗ്ഗികപരിണാമത്തിൻെറ അന്ത്യവും തമ്മിൽ ബന്ധപ്പെടുത്തുകയാണ് ഷർദാൻ ഇതുവഴി ചെയ്തത്. ഇനി പ്രപഞ്ചജനനത്തിൽ (cosmogenesis) ക്രിസ്തുവിനുള്ള സ്ഥാനമാണു നമുക്കു കാണേണ്ടത്.

പ്രപഞ്ചത്തിൻെറ കേന്ദ്രബിന്ദുവാണല്ലോ ക്രിസ്തു. അപ്പോൾ പ്രപഞ്ചജനനവും ക്രിസ്തുവുംതമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. അതുകൊണ്ട് അവിടുത്തെ എല്ലാ പ്രവൃത്തികളും ഒരു 'ജനന'മായിരിക്കണം. പ്രപഞ്ചജനനം ഒരു ക്രിസ്തുജനനം (christogenesis) കൂടിയാണു്. ആധ്യാത്മികജീവനെ പ്രദാനംചെയ്തുകൊണ്ടു്, ലോകത്തെ തന്നിലേക്ക് ആനയിക്കുന്നതിനു ദൈവപുത്രൻ മനുഷ്യവതാരംവഴി ലോകത്തിൽ ജാതനായി. ഇതാണു ക്രിസ്തീയവിശ്വാസത്തിൻെറ സാരാംശം. പ്രപഞ്ചത്തെപ്പററിയുള്ള ഏതു വീക്ഷണഗതിയുമായും ഈ സത്യത്തെ രഞ്ജിപ്പിച്ചുകൊണ്ടുപോകാവുന്നതാണ്. ഉദാഹരണമായി, വിശ്വത്തെ നിശ്ചലവും പൂർണ്ണവുമായ ഒരു സാകല്യമായി വീക്ഷിച്ചിരുന്നപ്പോഴും ഒരു ക്രിസ്ത്യാനിക്ക് തൻെറതന്നെ വിശുദ്ധീകരണപ്രക്രിയയെ അതുമായി രമ്യപ്പെടുത്തുന്നതിന് ഒരു വൈഷമ്യവും അനുഭവപ്പെട്ടിട്ടില്ല. എന്നാൽ ഈ അനുരഞ്ജനം എത്രമാത്രം ശരിയാണ്? അടിസ്ഥാനപരമായ പ്രാപഞ്ചികനിശ്ചലത്വമാണോ ദൈവരാജ്യത്തിൻെറ സംസ്ഥാപനം ആവശ്യപ്പെടുന്ന ആധ്യത്മികരൂപാന്തരീകരണത്തിന് ഏററം അനുകൂലമായിട്ടുള്ളതു്? അണെങ്കിലും അല്ലെങ്കിലും, പരിണാമാധീനമായ ഒരു വിശ്വം —അതിൻെറ ഗതിയെ ഒരുവൻ ശരിക്കു മനസ്സിലാക്കുകയാണെങ്കിൽ—മനുഷ്യാവതാരത്തെപ്പററി ഏകരൂപവും (homogeneous) ഉൽകൃഷ്ടവുമായ ഒരു ധാരണ വളത്തുവാൻ ഏററം പര്യാപ്തമാണെന്നതു നിസ്സംശയമത്രെ. ഇതിനു് പരമ്പ

രാഗതമായ ക്രിസ്തുവിജ്ഞാനീയത്തെ ഒന്നു പൊളിച്ചെഴുതാതെ സാധ്യമല്ല. എന്നാൽ ഭൗതികപരിണാമവാദംകൊണ്ടു ദുർഘടസന്ധിയിൽപ്പെട്ടിരിക്കുന്ന സഭയ്ക്കു് ആത്മീയോന്മുഖമായ ഒരു വിശ്വവീക്ഷണം ആശ്വാസകരംതന്നെയാണ്. ക്രിസ്തുജനനത്തിൻെറ താഴോട്ടുള്ള പ്രാകാശനത്തിനു് അടിസ്ഥാനവും പശ്ചാത്തലവുമായിരിക്കാൻ മേലോട്ടുയർന്നുകൊണ്ടിരിക്കുന്ന 'മനുഷ്യജനന'ത്തേക്കാൾ പററിയ മറെറന്താണുള്ളതു്.[1]

അങ്ങനെയെങ്കിൽ വെളിപാടിൻെറ സാക്ഷ്യങ്ങൾക്കു വിശ്വസ്തരായിരുന്നുകൊണ്ടു് പ്രാപഞ്ചികവും ക്രൈസ്തവികവുമായ ഒരു ജനനത്തെപ്പററി പറയുക എത്രത്തോളം സംഗതമായിരിക്കും? അല്ലെങ്കിൽ ഈ രണ്ടു ജനനങ്ങളെയും ഒന്നായി വീക്ഷിക്കുവാൻ നമുക്കെത്രമാത്രം സാധിക്കും? പരിണാമവും ക്രിസ്തുവും തമ്മിലുള്ള ബന്ധത്തിൽനിന്നാണ് നാമതിനു് ഉത്തരം കണ്ടുപിടിക്കേണ്ടതു്. ക്രിസ്തുവിൻെറ ശരീരം പ്രപഞ്ചത്തിൻെറ ഭൗതിക (physical) കേന്ദ്രമാണ്. ക്രിസ്തുവിൻെറ ശരീരംകൊണ്ടു് എന്താണർത്ഥമാക്കേണ്ടതെന്നു് ഷർദാൻതന്നെ പറയുന്നുണ്ടു്. വി. യോഹന്നാൻ, പൗലോസ്, സഭാപിതാക്കന്മാർ മുതലായവർ ആദരിക്കയും ആരാധിക്കയും ചെയ്തിരുന്ന അതേ ശരീരംതന്നെയാണു് ഇവിടെ വിവക്ഷിക്കുന്നതു്. പ്രപഞ്ചത്തിൽ നൂതനവും സ്വാഭാവികവുമായ ഒരു ലോകത്തെ രൂപീകരിക്കുകയാണ് ആ ശരീരം. നാമെല്ലാം ഐക്യപ്പെട്ടിരിക്കുന്ന ഒരു സജീവഘടന (organism) യാണതു്.[2]

ക്രിസ്തുവും നാമുംതമ്മിൽ ഒന്നാമതായി അഭിമുഖ്യമുണ്ടാ

1 op. cit. p. 69

2 *Pierre Teilhard de chardin: His Thought* p. 73.

വുക മനുഷ്യാവതാരംവഴിയാണ്. രണ്ടാമത്, വി. കുർബ്ബാനവഴിയും. സർവ്വോപരി ആത്മാക്കൾക്കുവേണ്ടിയാണ് ക്രിസ്തു വന്നതെങ്കിലും, അവരോടുകൂടെ സമസ്തലോകത്തെയും കണക്കിലെടുക്കാതെ, അവരെ തന്നിൽ സംയോജിപ്പിക്കുവാനോ, അവർക്കു ജീവനെ പ്രദാനംചെയ്യുവാനോ അവിടുത്തേക്കു കഴിഞ്ഞില്ല. മനുഷ്യാവതാരംവഴി ക്രിസ്തു മനുഷ്യരിലേക്കു മാത്രമല്ല വന്നത്. പ്രത്യുത, മനുഷ്യഗണത്തെ സംവഹിക്കുന്ന വിശ്വത്തിലേക്കാണ്. അതും കേവലമൊരു മനുഷ്യനായിട്ടല്ല; ഐക്യത്തിലും സ്നേഹത്തിലും എല്ലാം ഏതിലേക്ക് ഒരുമിച്ചു കൂടുന്നോ (converge) അങ്ങനെയുള്ള ഒരു കേന്ദ്രത്തിന്റെ സകലവിധ ശ്രേഷ്ഠതയോടും ഉത്തരവാദിത്വത്തോടുംകൂടിയുള്ള ഒരുവനായിട്ടാണ്.[3] അതേ, മനുഷ്യാവതാരം ക്രിസ്തുവിന്റെ പദാർത്ഥത്തിലേക്കുള്ള ഇറക്കമാ (kenosis into matter) ണ്.

ക്രിസ്തുവിന്റെ ശരീരത്തെ ഷർദാൻ ചിത്രീകരിക്കുന്നതു് പ്രധാനമായും മൂന്നുവിധത്തിലാണ്. ഒന്ന് ക്രിസ്തുവിന്റെ ശരീരം നസ്രത്തിലെ ചരിത്രപുരുഷനായ യേശുവിന്റെ ശരീരംതന്നെയാണ്. (Body-Person of Jesus) രണ്ട്, ആ ശരീരം ഇപ്പോൾ മനുഷ്യഗണത്തിന്റേയും ഭൗതികലോകത്തിന്റേയും പുരുഷാത്മകകേന്ദ്രമായി വർത്തിക്കുന്നു. മൂന്ന് ഈ പുരുഷാത്മകകേന്ദ്രം ഒരു ഭൗതിക (physical) കേന്ദ്രംകൂടിയാണ്.[4]

ക്രിസ്തുവിന്റെ ശരീരം ഒരു പ്രത്യേകകാലഘട്ടത്തിൽ ജീവിക്കയും മരിക്കയും ചെയ്ത ചരിത്രപുരുഷനായ യേശുവി

3 cfr. *Teilhard de chardin and the Mystery of Christ* p. 10-11

4 ibid.

ന്റെ ശരീരംതന്നെയാണ്. ഷർദാന്റെ വീക്ഷണത്തിൽ ക്രിസ്തു എപ്പോഴും യേശുവെന്ന പുരുഷ (Person of Jesus) നാണ്. ചരിത്രപുരുഷനായ ക്രിസ്തുവാണ് സകലത്തിന്റെയും സിരാകേന്ദ്രമെന്ന വീക്ഷണത്തെ സ്ഥിരീകരിക്കുന്ന അനേകം ഉദ്ധരണികൾ ഷർദാന്റെ പുസ്തകങ്ങളിൽനിന്നു നമുക്കെടുക്കുവാൻ സാധിക്കും. ക്രിസ്തുവിന്റെ ചരിത്രസ്വഭാവത്തെ മാററുകയാണെങ്കിൽ ദൈവികസത്വസാന്നിദ്ധ്യം കേവലം അനിശ്ചിതവും അവ്യവസ്ഥിതവുമായിരിക്കും.' 'മൗതികക്രിസ്തുവിനു്, വി. പൗലോസിന്റെ വാക്കുകളിൽ സാർവത്രികക്രിസ്തുവിനു്, മറിയത്തിൽനിന്നു ജനിക്കയും കുരിശിൽ മരിക്കയും ചെയ്ത ക്രിസ്തുവിന്റെ ഒരു വളർച്ചയായിട്ടല്ലാതെ യാതൊരർത്ഥവും വിലയുമില്ല'. കാരണം, സാർവ്വത്രികക്രിസ്തു സുവിശേഷങ്ങളിലെ ക്രിസ്തുവിന്റെ തനിപ്പകർപ്പുമാത്രമാണ്. അതുകൊണ്ടു് മിസ്റ്റിസിസംവഴി അഭൗമികതലങ്ങളിലേക്കു് നാം എന്തുമാത്രം ഉയർന്നാലും സുവിശേഷത്തിലെയേശുവിൽനിന്നും അകലുന്നതല്ല. ക്രിസ്തീയസഭയിൽ നാം കാണുന്ന ആദ്ധ്യാത്മികപുരോഗതിയുടെ അനന്യസാധാരണമായ ശക്തിവിശേഷം ക്രിസ്തു ചരിത്രപുരുഷനാണെന്ന വസ്തുതയോടു് അഭേദ്യബന്ധമുള്ളതാണ്. ഈ ചരിത്രകേന്ദ്രത്തെ നാം മാററുകയാണെങ്കിൽ ക്രിസ്തുമതം കേവലമൊരു തത്വശാസ്ത്രമായി മാറുന്നതു കാണാം.[5] അതിന്റെ സത്വശക്തിയും ചൈതന്യവും നാമാവശേഷമാകയും ചെയ്യും. യേശുവിന്റെ ഹൃദയത്തിന്റെ വളർച്ചയും വികാസവുമാണു സാർവ്വത്രികക്രിസ്തു. അവിടുത്തെ മനുഷ്യസ്വഭാവം ഒരു ചരിത്രസത്യമല്ലായിരുന്നുവെങ്കിൽ അങ്ങയൊന്നുണ്ടാവുകയേ ഇല്ലായിരുന്നു.

ഇങ്ങനെ നോക്കുമ്പോൾ, ചരിത്രപുരുഷനായ ക്രിസ്തുവാ

---

5 op. cit. p. 72

ണ് ഷർദാന്റെ ക്രിസ്തുവിജ്ഞാനീയത്തിന്റെ കേന്ദ്രബിന്ദു. ക്രിസ്തുവിന്റെ ശരീരം ക്രിസ്തുവിൽനിന്നു വ്യത്യസ്തമല്ല. പ്രത്യുത അതു് ചരിത്രപുരുഷനായ ക്രിസ്തുതന്നെയാണ്. ലോകാവസാനം ക്രിസ്തു വീണ്ടും ആഗതനാകുമെന്നു് നാം വിശ്വസിക്കുന്നു. എന്നാൽ ഒരു മൂലകത്തിന്റെ രൂപത്തിൽ ജനനംവഴി പ്രപഞ്ചഗതിയിലേക്കു തന്നെത്തന്നെ ആദ്യമേ സന്നിവേശിപ്പിച്ചില്ലായിരുന്നുവെങ്കിൽ സമയാന്ത്യത്തിൽ ക്രിസ്തുവിനു പ്രത്യക്ഷപ്പെടുക സാധ്യമാവില്ല.[6] കാരണം നസ്രത്തിലെ യേശുവിൽനിന്നാണു വരുവാനിരിക്കുന്ന ക്രിസ്തു—ഒമേഗാ—വും തന്റെ നിലനില്പു സ്വീകരിക്കുന്നതു്. ജനനംവഴിയല്ലാതെ യാതൊന്നും ഉല്പാദിപ്പിക്കപ്പെടുകയോ, പ്രത്യക്ഷപ്പെടുകയോ ചെയ്യാത്ത ഒരു വിശ്വത്തിന്റെ വഴങ്ങാത്ത നിയമങ്ങളെ തൃപ്തിപ്പെടുത്തുവാൻ മനുഷ്യനായി അവതരിച്ച ദൈവത്തിനുമാത്രമേ സാധിക്കയുള്ളു.[7]

എന്നാൽ മനുഷ്യാവതാരത്തിന്റെ അർത്ഥവും വ്യാപ്തിയും മനസ്സിലാക്കണമെങ്കിൽ ക്രിസ്തുവിന്റെ ഭൗമികജീവിതത്തെപ്പററി ധ്യാനിച്ചതുകൊണ്ടു ഫലമില്ല. കാരണം, ചലനാത്മകലോകത്തിൽ അന്ത്യത്തെ പ്രാപിക്കാത്ത ഒരു വസ്തുവും സുഗ്രഹമല്ല. അതുകൊണ്ടു മനുഷ്യാവതാരത്തിന്റെ മഹാരഹസ്യത്തെ അറിയണമെങ്കിൽ നാം നോക്കേണ്ടതു്, മംഗലവാർത്ത, മനുഷ്യാവതാരം, പീഡാസഹനം മുതലായ 'ആരംഭ'ങ്ങളിലേക്കല്ല; പ്രത്യുത കഴിവുള്ളിടത്തോളം അവയുടെ നിയതമായ അന്ത്യ(Terminus)ത്തിലേക്കാണ്. സർവ്വത്തെയും തന്നിൽ ഏകോപിപ്പിക്കുകയെന്ന ക്രിസ്തുവിന്റെ മഹത്തായ ദൗത്യത്തിന്റെ പൂർത്തീകരണത്തിലേ മനുഷ്യാവതാരത്തിന്റെ മാഹാത്മ്യം നമുക്കു ശരിക്കും മനസ്സിലാവുകയുള്ളു.

---

6 op. cit. p. 73

7 *Pierre Teilhard de Chardin: His Thought* p. 76

## ക്രിസ്തു ഒരു പുരുഷാത്മകകേന്ദ്രം

പരിണാമാന്ത്യമായ ഒമേഗായും വെളിപാടിലെ ക്രിസ്തുവും ഒന്നാണെന്നു ഷർദാൻ പറയുമ്പോൾ നസ്രത്തിലെ ക്രിസ്തുവിനെത്തന്നെയാണ് ഷർദാൻ ഉദ്ദേശിക്കുന്നതെന്നു നാം കണ്ടു. എന്നാൽ ഇതുതന്നെയാണു ക്രിസ്തുവിൻെറ ശരീരം വിശ്വത്തിൻെറ പുരുഷാത്മകകേന്ദ്രമാണെന്നു പറയുവാൻ ഷർദാനെ പ്രേരിപ്പിച്ചതു്. വിശ്വപരിണാമത്തിൻെറ അന്ത്യമായി വിശ്വത്തിൽനിന്നു വ്യതിരിക്തവും പുരുഷാത്മകവുമായ ഒരു കേന്ദ്രം ആവശ്യമാണെന്നു ബുദ്ധി നിർദ്ദേശിക്കുന്നു. എന്നാൽ, പ്രപഞ്ചത്തിനു രണ്ടു കേന്ദ്രങ്ങൾ ഉണ്ടായിരിക്കുക അസാദ്ധ്യമത്രേ. അതുകൊണ്ടു ദൈവശാസ്ത്രം സുദൃഢമായി പ്രഖ്യാപിക്കുന്ന ക്രിസ്തുവും ശാസ്ത്രീയസങ്കല്പമായ ഒമേഗായും ഒന്നായിരിക്കണം. പ്രപഞ്ചത്തിനു വേറെ ഏതെങ്കിലും ഒന്നിനുചുററും ഒരുമിച്ചുകൂടുവാൻ സാധിക്കുമായിരുന്നെങ്കിൽ ക്രിസ്തു പ്രപഞ്ചത്തിൻെറ ഏക അന്ത്യം ആകുമായിരുന്നില്ല. അതുപോലെതന്നെ പ്രാപഞ്ചികവസ്തുക്കളെയെല്ലാം അവയുടെ നൈസർഗ്ഗികഘടനയാൽ സംയോജിപ്പിക്കുന്ന ഒരു പ്രത്യേകചൈതന്യം മനുഷ്യാവതാരംവഴി ക്രിസ്തുവിനു നല്കപ്പെട്ടിട്ടില്ലായിരുന്നുവെങ്കിൽ ആധ്യാത്മികമായിപ്പോലും വിശ്വകേന്ദ്രമാവുക അദ്ദേഹത്തിനു് അസാധ്യമായിവന്നേനേ'[8] എന്നാൽ നമുക്കറിയാം ക്രിസ്തുവാണ് ഒമേഗായുടെ സ്ഥാനം അലങ്കരിക്കുന്നതെന്നും അതിൻെറ പ്രവൃത്തി ചെയ്യുന്നതെന്നും. അപ്പോൾ മാനവപുരോഗതിയുടേയും പൗരുഷീകരണത്തിൻേറയും ഉന്നതതലത്തിലേയ്ക്കു് നാം നോക്കുമ്പോൾ ക്രിസ്തുവിലേക്കാണു നാം തിരിയുന്നതു്. 'മനുഷ്യപുരോഗതിയും ക്രിസ്തുവിൻെറ പുനരാഗമനവും തമ്മിൽ ബന്ധമുണ്ടു്, അനു

---

8 op. cif. p. 71

പൂരകമാണവ. മനുഷ്യഗണത്തിന്റെ പുരോഗതി ക്രിസ്തുവിന്റെ ആഗമനത്തിനുള്ള അപര്യാപ്തമെങ്കിലും അവശ്യമായ ഒരു വ്യവസ്ഥയാണെന്നു പറയാം.[9]

ഇതുപോലെ തികച്ചും ശാസ്ത്രീയവും എന്നാൽ യുഗാന്ത്യപൂർണ്ണതയിലേക്ക് (eschatological)ഊന്നിനില്ക്കുന്നതുമായ ഒരു ലോകത്തെ ഷർദാനു മുൻപ് മററാരുംതന്നെ വിഭാവനം ചെയ്തിട്ടില്ലെന്നു തോന്നുന്നു. ഷർദാന്റെ ലോകം തീർത്തും ക്രിസ്ത്വാഗമനോന്മുഖമാണ്. ഉത്ഥാനം ചെയ്ത ക്രിസ്തുവിങ്കലേയ്ക്കാണ് ലോകം ചരിച്ചുകൊണ്ടിരിക്കുന്നത്. അതു നിർവൃതിയടയുന്നതും മററാരിലുമല്ല. കാരണം, വി. പൗലോസ് പറയുന്നപോലെ ക്രിസ്തുവാണ് ശരീരമാകുന്ന സഭയുടെ ശിരസ്സ്. എന്നാൽ ക്രിസ്തുവിന്റെ മൗതികശരീരം, ക്രിസ്തുവിൽ ഏകോപിച്ചിരിക്കുന്ന വിശ്വാസികളുടെ കേവലം നൈയാമിക (juridical) സംഘടനയല്ല; പ്രത്യുത അതു് ഒരു സജീവശരീരം(organism)തന്നെയാണ്.

എന്നാൽ ഈ പുരുഷാത്മകകേന്ദ്രത്തോട് ഐക്യപ്പെടുകയെന്നതു സ്വാഭാവികമായി നമുക്കു സാധിക്കുന്ന ഒന്നല്ല. നൈസർഗ്ഗികപരിണാമം ഇതിനു സഹായിയാണെന്നതു ശരിതന്നെ. എന്നിരുന്നാലും പ്രസാദവരത്തിന്റെ ശക്തിയാലല്ലാതെ ക്രിസ്തുവിലേക്കു തിരിയുക അസാധ്യമത്രേ. ക്രിസ്തുവിൽ കേന്ദ്രീകരിക്കപ്പെടുക തികച്ചും അനർഹമായ ഒരു ദൈവികദാനമാണ്.[10] സാർവ്വത്രികകേന്ദ്രസ്ഥാനത്തെ മറെറാന്നിനും വിട്ടുകൊടുക്കാതെ ദൈവംതന്നെ ഏറെറടുത്തുകൊണ്ടു്, നമ്മെ പരി. ത്രിത്വത്തിന്റെ അന്തരികതത്വത്തിലേക്ക് ആനയിച്ചുവെന്നതിലാണു ദൈവികമായ ഈ സൗജന്യദാനം അടങ്ങിയിരിക്കുന്നത്. ശരീരമാകുന്ന ലോക

9 *The Future of Man*, p. 223
10 *Teilhard de Chardin and the Mystery of Christ*, p. 74.

ത്തിൻെറ ശിരസ്സായിനിന്നുകൊണ്ടു പ്രപഞ്ചത്തെ മുഴുവൻ തന്നിലേക്കുയർത്തുകയാണു ക്രിസ്തു ചെയ്യുക. അതുകൊണ്ടു സ്വാഭാവികവും അതിസ്വാഭാവികവുമായ ഒരേയൊരു കേന്ദ്രംമാത്രമേ വിശ്വത്തിനുള്ളൂ. പ്രാപഞ്ചികവും പൗരുഷേയവുമായ ആ കേന്ദ്രമാണ്, സർവ്വസൃഷ്ടികളേയും ഒരേ പാതയിലൂടെ നയിച്ച്, ആദ്യം ഏററം ഉന്നതമായ ആത്മബോധത്തിലേക്കും പിന്നീടു വിശുദ്ധിയുടെ ഉത്തുംഗശൃംഗത്തിലേക്കും ഉയർത്തുന്ന ക്രിസ്തു. അവിടുന്നു വിശ്വത്തിൻെറ ഒരു ഭാഗമായിത്തീർന്നിരിക്കയാണ്. അന്തിമമായ ഏകീകരണം ഇനിയും വന്നിട്ടില്ലാത്തതുകൊണ്ടാണ്, ക്രിസ്തുവിനെ ഒഴിച്ചുനിർത്തിക്കൊണ്ടു പ്രപഞ്ചത്തെപ്പററി ചിന്തിക്കുവാൻതന്നെ നമുക്കു സാധിക്കുക. യഥാർത്ഥത്തിൽ അത്തരം ഒരു കൽപ്പ ഇല്ലതന്നെ. അതുകൊണ്ടു് ഈ സൃഷ്ടപ്രപഞ്ചം മനുഷ്യനോടുകൂടി, മനുഷ്യനിലൂടെ അതിൻെറ കേന്ദ്രമായ ക്രിസ്തുവിൽ സമ്മേളിക്കപ്പെടുകയും അങ്ങനെ ദൈവത്തിൻെറ ആന്തരികജീവനിലേക്ക് അതു് ആകർഷിക്കപ്പെടുകയും ചെയ്യുന്നു. മനുഷ്യപ്രവൃത്തികളുടെ വിശുദ്ധീകരണത്തെ പരാമർശിച്ചുകൊണ്ടു ഷർദാൻ ഇക്കാര്യം പ്രതിപാദിക്കുന്നുണ്ടു തൻെറ "ദിവ്യമേഖല" (Le Milieu Divin) എന്ന പുസ്തകത്തിൽ. പ്രപഞ്ചത്തിൽ ഓരോ ആത്മാവും ക്രിസ്തുവിൽ ദൈവത്തിനുവേണ്ടി ജീവിക്കുന്നു. എന്നാൽ നമുക്കു ചുററുമുള്ള മൂർത്തവസ്തുക്കളെല്ലാം നമുക്കുവേണ്ടിയാണു സ്ഥിതിചെയ്യുന്നതു്. അപ്പോൾ സമസ്തവും നമ്മിലൂടെ ക്രിസ്തുവിൽ ദൈവത്തിനുവേണ്ടിയാണു നിലകൊള്ളുന്നതെന്നു ചുരുക്കം.[11] അങ്ങനെ ക്രിസ്തുവിനോടുകൂടി പ്രപഞ്ചം സാകല്യമായിത്തീരുന്നു.

---

11 Teilhard de Chardin, *Le Milieu Divin*,(London, Collins Press, 1966), p. 56.

## ക്രിസ്തു ഒരു ഭൗതികകേന്ദ്രം (Physical Centre)

പ്രപഞ്ചത്തിന്റെ പുരുഷാത്മകകേന്ദ്രമായിരിക്കുന്നതോടൊപ്പംതന്നെ ക്രിസ്തു അതിന്റെ ഭൗതികകേന്ദ്രംകൂടിയാണെന്നു ഷർദാൻ സ്ഥാപിക്കുന്നു. പല ദൈവശാസ്ത്രജ്ഞന്മാർക്കും തലവേദനയ്ക്കിടം നല്കുന്ന ഒരാശയമാണിതു്. എന്നാൽ യഥാർത്ഥക്രിസ്തീയപ്രബോധനമിതാണെന്നത്രേ ഷർദാന്റെ അഭിപ്രായം. ഭൗതിക (physical) മെന്ന വിശേഷണം ക്രിസ്തുവിനെസ്സംബന്ധിച്ച് അപരിത്യാജ്യമാണെന്നാണു് അദ്ദേഹം പ്രസ്താവിക്കുന്നതു്. എന്നിരുന്നാലും അതിനെ വിശദീകരിക്കുവാൻ അദ്ദേഹം വളരെ പണിയെടുക്കുന്നുണ്ടു്.

വിശ്വത്തെ ഒരു ജനതയായി വീക്ഷിച്ച ഷർദാനിയൻ ചിന്തയുടെ ഒരു അവശ്യനിഗമനംമാത്രമാണിതു്. ഒരു നിശ്ചലപ്രപഞ്ചത്തിന്റെമേലുള്ള ക്രിസ്തുവിന്റെ അധിപത്യം ബാഹ്യവും (extrinsic) നൈയാമികവുമാണു്. അതുപോലെതന്നെ അതു കേവലം ആശയപരവു (conceptual) മായിരിക്കും. രാജാവായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളതുകൊണ്ടുമാത്രമായിരിക്കും ക്രിസ്തു എല്ലാത്തിന്റെയും രാജാവാവുക. അല്ലാതെ വിശ്വവുമായി സജീവ (organic) ബന്ധമുള്ളതുകൊണ്ടായിരിക്കയില്ല. ഇത്തരമൊരു ബാഹ്യവീക്ഷണത്തിൽ ഒരു ക്രിസ്തിക-പ്രാപഞ്ചികത്വ (Christic-cosmocity) ത്തെപ്പററി പറയുക അസാധ്യമാണു്. അപകേന്ദ്രക (Centrifugal) മായ ഒരു വിശ്വവീക്ഷണമാണു് ഇതിനു നിദാനം. എന്നാൽ ഒരു കേന്ദ്രീകൃതവിശ്വത്തിന്റെ കേന്ദ്രത്തിനു് അതുമായി ഭൗതികമായ ബന്ധമുണ്ടായിരിക്കണം. കാരണം ഒററവിശ്വജനനത്തിൽ ആത്മാക്കളുടെ രക്ഷകനും ജീവനുമായിരിക്കുവാൻ, ലോകത്തിന്റെ സ്വാഭാവികശ

ക്തികളെക്കൂടി തൃപ്തിപ്പെടുത്താതെ ക്രിസ്തുവിനു സാധ്യമല്ല. അതുകൊണ്ടാണു മനുഷ്യാവതാരത്തിനു് ഒരു ചലനാത്മകവശംകൂടിയുണ്ടെന്നു പറയുന്നതു്. എന്നാൽ ശുദ്ധീകരണവരപ്രസാദത്തെയല്ലാതെ, മനുഷ്യാവതാരത്തിന്റെ ഭൗതികവും ചലനാത്മകവുമായ വശത്തെ പരിഗണിക്കാൻ ദൈവശാസ്ത്രജ്ഞന്മാർ നാളിതുവരെ മനസ്സിരുത്തിയിട്ടില്ല.

ക്രിസ്തുവിൽ സാർവ്വത്രികമായ ഒരു ഭൗതികവശംകൂടിയുണ്ടെന്നു പറയുന്നതിൽ പ്രത്യേകതയൊന്നുമില്ല. നാമൊന്നു ചിന്തിക്കയാണെങ്കിൽ, ക്രിസ്തുവിന്റെ പ്രാപഞ്ചിക ശരീരത്താൽ ആവരണം ചെയ്യപ്പെട്ടവരാണു നാമെന്നു കാണുവാൻ സാധിക്കും. എന്നാൽ നാം പലപ്പോഴും ഇതേപ്പററി ബോധവാന്മാരല്ലെന്നേയുള്ളൂ. അങ്ങനെയെങ്കിൽ നാമെങ്ങനെയാണു ഭൗതികകേന്ദ്രമായ ക്രിസ്തുവിന്റെ ഘടനയെ വീക്ഷിക്കേണ്ടതു്? നാമോരോരുത്തരും ആവരണം ചെയ്യപ്പെട്ടിരിക്കുന്ന ക്രിസ്തീകവലയത്തിന്റെ (Christic aura) ഒരു വ്യാപനം അല്ലെങ്കിൽ ഒരു രൂപാന്തരീകരണമായിട്ടു്— അങ്ങനെ ഈലോകം ക്രിസ്തുവായി മാറുകയാണു്; അല്ല, ക്രിസ്തുവിന്റെ ശരീരമായിട്ടു്. വി. പൗലോസിന്റെ പ്രബോധനങ്ങളാണു് ഇവിടെ ഷർദാനെ നയിക്കുന്നതു്. "ക്രിസ്തു എല്ലാമാകുന്നു, എല്ലാററിലുമാകുന്നു" (Col. 3: 11). ഇതിൽനിന്നും ക്രിസ്തുവും ലോകവും തമ്മിൽ താദാത്മ്യപ്പെട്ടിരിക്കയാണെന്നു് അർത്ഥമാക്കരുതു്. ക്രിസ്തുവിൽ ഭൗതികത്വം ആരോപിച്ചുകൊണ്ടു സർവ്വചരാചരങ്ങളേയും ദൈവമാക്കുകയാണു ഷർദാൻ ചെയ്യുന്നതെന്നു തെററിദ്ധരിച്ചവർ പലരുമുണ്ടു്. എന്നാൽ വിശ്വദേവതാവാദത്തെ (pantheism) അദ്ദേഹം ഖണ്ഡിക്കുകയാണു ചെയ്തതു്. പക്ഷേ, ഓരോരുത്തരിലും എല്ലാം(God all in every one)ദൈവമാണു് എന്ന അർത്ഥത്തിൽ അദ്ദേഹത്തിന്റെ ചിന്ത "പ്ര

മാദരഹിതമായ ഒരു ക്രിസ്തുൻ വിശ്വദേവതാസിദ്ധാന്തം" തന്നെയാണ്.

## ദൈവികസർവ്വസാന്നിധ്യം

ക്രിസ്തുവിനെസംബന്ധിച്ച 'ഭൗതിക'മെന്ന വാക്കിന് എന്തെല്ലാം അർത്ഥമുണ്ടെങ്കിലും അവയെല്ലാം മാനുഷികവും വൈയക്തികവുമായ ഒരു പശ്ചാത്തലത്തിലേ മനസ്സിലാക്കാവൂ. പ്രപഞ്ചത്തിൻെറമേലുള്ള ക്രിസ്തുവിൻെറ ഭൗതികസ്വാധീനതയുടെ ഒരു വശമാണ് അവിടത്തെ പുരുഷാത്മകസാന്നിധ്യം (personal presence). മാംസം ധരിച്ച വചനം യാഥാർത്ഥ്യങ്ങളിലേക്ക സ്വയം സന്നിവേശിപ്പിച്ചുകൊണ്ട് അവയുടെ ഹൃദയാന്തർഭാഗത്ത് അവയോട് ഏററം അടുത്തതും എന്നാൽ ഏററം അകന്നതുമായ ഒരു കേന്ദ്രമായി പ്രകാശിക്കയാണു ചെയ്യുന്നത്. അന്ത്യമായ ഏകീകരണം ഇനിയും ഉണ്ടായിട്ടില്ലാത്തതുകൊണ്ടാണ് ഏററം അകന്നത് എന്നു പറഞ്ഞത്. അങ്ങനെ എല്ലാ ചരാചരങ്ങളും ഭൗതികമായി ക്രിസ്തീകരിക്ക (physically Christified) പ്പെടുന്നു. തൻെറ ദിവ്യപ്രഭാപൂരത്താൽ സർവ്വത്തേയും പ്രശോഭിതമാക്കയും തന്നിലേക്ക് ആകർഷിക്കയുമാണ് അവിടുന്നു ചെയ്യുക. മനുഷ്യാവതാരത്തിൻെറ ഫലമാണിത്. ദൈവികനിസ്സീമത്വം ക്രിസ്തീകരണത്തിൻെറ ഒരു സർവ്വസാന്നിധ്യമായി മാററിയിരിക്കയാണ്.[12]

പ്രപഞ്ചത്തിൽ ദൈവത്തിൻെറ സർവ്വസാന്നിധ്യത്തെ ഷർദാൻ സദാ സ്മരിച്ചിരുന്നു. ഒന്നുരണ്ടു പുസ്തകങ്ങൾതന്നെ ഇതേപ്പററി അദ്ദേഹമെഴുതിയിട്ടുണ്ട്. "ദിവ്യമേഖല" "പ്രപഞ്ചഗീതം" (Hymn of the Universe) എന്നിവ

12 op. cit. p. 123.

ദിവ്യമേഖലയെന്ന പേരുതന്നെ പ്രപഞ്ചത്തിൽ ക്രിസ്തുവിന്റെ സാന്നിധ്യത്തെയാണു വിവക്ഷിക്കുന്നത്. നാം ജീവിക്കുന്നതും ചരിക്കുന്നതും ദൈവത്തിലാണ് എന്ന വി. പൗലോസിന്റെ വാക്കുകളുടെ അർത്ഥം ഷർദാൻ ശരിക്കും മനസ്സിലാക്കിയിരുന്നു. തന്റെ സൃഷ്ടികളിൽ അധിവസിക്കുന്ന ദൈവത്തെ ധ്യാനിക്കുക എന്നു പഠിപ്പിച്ച ഇഗ്നേഷ്യസ് ലയോളയുടെ അരുമശിഷ്യനായിരുന്നല്ലോ അദ്ദേഹം. ദൈവസാന്നിധ്യത്തിൽ എപ്പോഴും നിലനില്ക്കുന്നതിനു് അദ്ദേഹം സദാ പ്രാർത്ഥിച്ചിരുന്നു. "കർത്താവേ എല്ലാ വസ്തുക്കളേയും ചൈതന്യവത്താക്കുന്ന, എല്ലാത്തിലും സന്നിഹിതനായിരിക്കുന്ന നിന്നെ കാണുന്നതിനും അനുഭവിക്കുന്നതിനുമുള്ള അനുഗ്രഹം എനിക്കു നല്കണമേ." ഇങ്ങനെ ദൈവത്തിന്റെ സർവ്വാന്തര്യാമിത്വത്തെ ഉത്ഘോഷിച്ച ഷർദാൻ അവിടുത്തെ സർവ്വാതിശായിത്വത്തെ ഒരിക്കലും വിസ്മരിക്കയോ ലാഘവപ്പെടുത്തുകയോ ചെയ്തിരുന്നില്ല. അവയെ ബന്ധപ്പെടുത്തുകയാണ് അദ്ദേഹം ചെയ്തതു്. ദൈവം സർവാതിശായിയായിരിക്കുന്നതുകൊണ്ടാണ്, സർവ്വാന്തര്യാമിയുമായിരിക്കുന്നതു്. ഉത്ഥാനംചെയ്ത ക്രിസ്തുവിനു്, പരിണാമത്തെ തന്നോടു സംയോജിപ്പിക്കാതെ (incorporate) ലോകത്തിൽ തന്റെ പ്രാഥമ്യം (primacy) പാലിക്കുക സാധ്യമല്ല എന്നു പറയുന്ന ഷർദാൻ ഈ ബന്ധം ശരിക്കും മനസ്സിലാക്കിയിരുന്നു.[13]

## ദിവ്യകാരുണ്യസാന്നിധ്യം

വി. കുർബാനയെപ്പററിയുള്ള ഷർദാന്റെ പരാമർശ

---

13 Henry de Lubac, *The Faith of Teilhard de Chardin*, (London, Burns and Oates, 1967) p. 28.

ങ്ങൾ, ക്രിസ്തു പ്രപഞ്ചത്തിന്റെ ഭൗതികകേന്ദ്രമാണെന്ന നിഗമനത്തെ കുറച്ചുകൂടി വെളിവാക്കുന്നുണ്ട്. പദാർത്ഥത്തിലേക്കുള്ള ക്രിസ്തുവിന്റെ ഇറക്കം (മനുഷ്യാവതാരം) വിശ്വവ്യാപകമാണെന്നും, അതു വിശ്വത്തിന്റെ ക്രമേണയുള്ള രൂപാന്തരീകരണത്തിന്റെ നാന്ദിയും പ്രതീകവുമാണെന്നും ദിവ്യകാരുണ്യത്തിലൂടെയുള്ള അവിടത്തെ സാന്നിധ്യം വിളിച്ചറിയിക്കുന്നു. വി. കുർബ്ബാനയെപ്പററിയുള്ള ഒരു ധ്യാനത്തിൽ വി. കുർബ്ബാന വികസിച്ചു ലോകത്തെ ഗ്രസിക്കുന്നതായും അങ്ങനെ പ്രപഞ്ചംതന്നെ ഒരു വലിയ ഓസ്തിയായി മാറുന്നതായും അദ്ദേഹം ചിത്രീകരിക്കുന്നുണ്ട്.[14] അപ്പോൾ ക്രിസ്തുവിന്റെ മനുഷ്യാവതാരത്തിന്റെ തുടർച്ചയാണ് അപ്പത്തിന്റേയും വീഞ്ഞിന്റേയും സാദൃശ്യത്തിലുള്ള അവിടത്തെ സാന്നിധ്യം. അപ്പത്തിന്റെയും വീഞ്ഞിന്റെയും സാരാംശവ്യതിയാനം അവയുടെ മാത്രമല്ല, ലോകത്തിന്റെതന്നെ വ്യതിയാനമാണ്. എന്നാൽ ഈ വസ്തുമാററം ഒരേ നിലയിലല്ലെന്നുമാത്രം. ദിവ്യബലിസമയത്തു വൈദികൻ തന്റെ കരങ്ങളിൽ അപ്പമെടുത്തുകൊണ്ട് ഇതു് എന്റെ ശരീരമാകുന്നുവെന്നു പറയുമ്പോൾ ക്രിസ്തുവിന്റെ ശരീരമായി മാറുന്ന ആ ഓസ്തിയോടൊപ്പം പ്രപഞ്ചംമുഴുവൻ അതിലേക്കു രൂപാന്തരപ്പെടുകയാണ് ചെയ്യുക.[15] അതുപോലെതന്നെ ദിവ്യകാരുണ്യംവഴി ക്രിസ്തു ഓരോ വിശ്വാസിയിലേക്കും വരുന്നതു് അയാളുമായി ഒരു സ്നേഹസംഭാഷണത്തിനുമാത്രമല്ല, പ്രത്യുത അവനെ ശാരീരികമായിട്ടു (physically) കൂടിയും തന്നോടു സംയോജിപ്പിക്കുന്നതിനും അങ്ങനെ പ്രപഞ്ചത്തിന്റെ വർദ്ധമാനമായിക്കൊ

---

14 Teilhard de Chardin, *Hymn of the Universe*, (London, Collins, 1962), p. 48.

15 *Le Milieu Divin*, p. 125.

ങ്ങിരിക്കുന്ന ഐക്യത്തിൽ മററുള്ളവരുമായി ഏകീഭവിപ്പിക്കുന്നതിനുമാണ്. നാം ക്രിസ്തുവിൻെറ ശരീരം ഭക്ഷിക്കുമ്പോൾ നാമല്ല ക്രിസ്തു നമ്മെ ഭക്ഷിക്കയാണ് ചെയ്യുന്നതെന്ന നീസായിലെ വി. ഗ്രിഗരിയുടെ വാക്കുകൾ ഇവിടെ സ്മരണീയമാണ്.

നമ്മുടെ മനുഷ്യത്വം ഭൗതികലോകത്തെ സാത്മീകരിക്കുന്നു; ദിവ്യഓസ്തി നമ്മുടെ മനുഷ്യത്വത്തെയും. ഈ ദിവ്യകാരുണ്യരൂപാന്തരീകരണം നമ്മേയും അതിലംഘിച്ച് അൾത്താരയിലെ സാരാംശവ്യതിയാനത്തെ പരിപൂർണ്ണമാക്കുകയാണു ചെയ്യുക. ക്രിസ്തു പടിപടിയായി പ്രപഞ്ചത്തെ മുഴുവൻ അപ്രതിരോധ്യമായി കീഴടക്കുകയാണു ദിവ്യകാരുണ്യംവഴി. ഒരുതരത്തിൽ പറഞ്ഞാൽ (ദ്വിതീയാർത്ഥത്തിൽ) സമസ്തലോകത്താലുമാണു കൗദാശികവസ്തുക്കൾ ഉണ്ടാക്കപ്പെട്ടിരിക്കുന്നതു്. അവയുടെ സാരാംശവ്യതിയാന (consecration) ത്തിനു വേണ്ട സമയമാണു സൃഷ്ടപ്രപഞ്ചത്തിൻെറ ജീവിതദൈർഘ്യം.[16] ക്രിസ്തു ഇന്നും പ്രപഞ്ചത്തിൽ ജീവിക്കുന്നുവെന്നുള്ളതിൻെറ ബാഹ്യാവിഷ്കരണമാണു ദിവ്യകാരുണ്യം. ഇന്നും ജീവിക്കുന്ന ക്രിസ്തുവിനെ സചേതനാചേതനവസ്തുക്കളിലെല്ലാം കണ്ടെത്തുവാനാണു ഷർദാൻ വെമ്പൽകൊണ്ടിരുന്നതു്. അതുകൊണ്ട്, "ക്രിസ്തുവിനുശേഷം" (after Christ) "ക്രിസ്ത്യൻസംസ്കാരത്തിനുശേഷം" എന്നൊക്കെ മററുള്ളവർ പറയുന്നതു വളരെ അതൃപ്തിയോടുകൂടിയാണു അദ്ദേഹം ശ്രവിച്ചിരുന്നതു്. ക്രിസ്തുവിൻെറ ജനനംമുതൽ, അവിടുത്തെ പുനരാഗമനംവരെ ഒരേ ഒരു ചരിത്രസത്യത്തിൻെറ ആവിഷ്കരണമായിരിക്കും ലോകത്തിൽ നടന്നുകൊണ്ടിരിക്കുക. ദിവ്യകാരുണ്യംവഴി ഓരോ വ്യക്തിയിലും ക്രിസ്തുവിൻെറ മനുഷ്യാ

16 op. cit. p. 126.

വതാരം സാക്ഷാത്കരിക്കപ്പെടുകയാണ്. യുഗാന്തുംവരെയുള്ള കർബാനസ്വീകരണങ്ങളെല്ലാം ഒരേയൊരു ദിവ്യകാരുണ്യസ്വീകരണമായിരിക്കും. ഇതിൻെറ അന്തരാർത്ഥത്തെ മനസ്സിലാക്കണമെങ്കിൽ, മനുഷ്യൻെറ ഭൗതികമായ അപരിമേയത്വത്തേയും അവനു പ്രപഞ്ചവുമായുള്ള അനിതരസാധാരണമായ ബന്ധത്തേയുംപററി നാം ധ്യാനിക്കണമെന്നാണ് ഷർദാൻ പറയുന്നത്.[17]

ചുരുക്കത്തിൽ മനുഷ്യനെയെന്നല്ല, പ്രപഞ്ചയാഥാർത്ഥ്യങ്ങളെയെല്ലാം വിശുദ്ധീകരിച്ചുകൊണ്ടു ദിവ്യകാരുണ്യനാഥൻ, വിശ്വത്തെ അതിൻെറ അന്തിമപൂർണ്ണതയിലേക്കു നയിച്ചുകൊണ്ടിരിക്കയാണ്. ക്രിസ്തുവിൻെറ ജീവനാൽ തുടിക്കുന്നവയാണു സമസ്തവും. അവിടുത്തെ ശക്തിയാൽ ബലവത്താക്കപ്പെട്ടവയാണ് ഭൗതികയാഥാർത്ഥ്യങ്ങൾപോലും. "ക്രിസ്തുവിൻെറ ശക്തി നിന്നിലേക്കു പ്രവഹിച്ചിരിക്കുന്നതുകൊണ്ടു നിനക്കു ഞാൻ കീഴടങ്ങുന്നു"[18]വെന്നാണു ഷർദാൻ പദാർത്ഥത്തോടു പറയുന്നത്. ക്രിസ്തു പ്രപഞ്ചത്തിൻെറ ഭൗതികകേന്ദ്രമാണെന്നു പറയുന്നതു വിശാലമായ ഒരർത്ഥത്തിലാണ്. ഓരോ മനുഷ്യനും തൻേറതായ ചെറിയലോകത്തിൽ ഒരു കേന്ദ്രമായിരിക്കുന്നതെങ്ങനെയോ അങ്ങനെമാത്രം. എന്നാൽ ഒരു വ്യത്യാസമുണ്ടു്, ക്രിസ്തുവിന് ദിവ്യകാരുണ്യംവഴി ഏതു സമയത്തും ഏതു മനുഷ്യനുമായി ഐക്യപ്പെടുന്നതിനു സാധിക്കുന്നതുകൊണ്ടു് അവിടുന്നു പ്രപഞ്ചത്തിൻെറ മുഴുവൻ കേന്ദ്രമാണ്. 'ഭൗതിക'മെന്ന വാക്കിനു തത്വശാസ്ത്രദൃഷ്ട്യാ "സദാത്മക"മെന്ന് അർത്ഥം നല്കാമെന്നു ചിലർ അഭിപ്രായപ്പെടുന്നുണ്ടു്.[19] കാര

17 op. cit. p. 124.
18 op. cit. p. 121.
19 *Teilhard de Chardin and the Mystery of Christ*, p. 85.

ണം ഷർദാൻ ഈ വാക്ക്, ആപേക്ഷികമായിട്ടാണെങ്കിലും, മൂർത്താമൂർത്തങ്ങളും സ്വാഭാവികാതിസ്വാഭാവികങ്ങളുമായ എല്ലാ യാഥാർത്ഥ്യങ്ങൾക്കുംവേണ്ടി ഉപയോഗിക്കുന്നു. അങ്ങനെയെങ്കിൽ 'ഭൗതിക'മെന്ന വാക്ക് നൈയാമികവും കേവലവും ബാഹ്യവുമായ ഒരു യാഥാർത്ഥ്യവീക്ഷണത്തിനു് എതിരാണ്. അതുകൊണ്ടു ക്രിസ്തുവും പ്രപഞ്ചവും തമ്മിലുള്ള ബന്ധത്തെ കാണിക്കുവാൻ ഈ വാക്ക് ഏററം പര്യാപ്തമാണ്.

## അധ്യായം 3

# പ്രാപഞ്ചികക്രിസ്തു

# (COSMIC CHRIST)

വിശ്വജനനവും ക്രിസ്തുജനനവും സംയോജിപ്പിക്കുന്നതിലാണല്ലോ ഷർദാൻെറ ക്രിസ്തുവിജ്ഞാനീയം അടങ്ങിയിരിക്കുന്നതു്. നസ്രത്തിലെ ക്രിസ്തു പ്രപഞ്ചത്തിൻെറ മുഴുവൻ ഭൗതികകേന്ദ്രമാണെന്ന നിഗമനമാണ് അതിൻെറ അടിസ്ഥാനം. വി. പൗലോസിൻെറ ലേഖനങ്ങളാണ് ഇതിൻെറ പശ്ചാത്തലമായി ഷർദാൻ സ്വീകരിച്ചിരിക്കുന്നതു്. തൻെറ ലേഖനങ്ങളിലുടനീളം വി. പൗലോസ് ക്രിസ്തുവിൻെറ പ്രാപഞ്ചികധർമ്മത്തെപ്പററി പ്രതിപാദിക്കുന്നുണ്ടു്. ക്രിസ്തുവിനു പ്രപഞ്ചത്തിലുള്ള സ്ഥാനവും സഭയിലുള്ള സ്ഥാനവും തമ്മിൽ യാതൊരു വ്യതിരിക്തതയും വി. പൗലോസ് കല്പിക്കുന്നില്ല. സൃഷ്ടികളുടെ അസ്തിത്വത്തിനും ഏകത്വത്തിനും നിലനില്പിനും കാരണഭൂതൻ

ക്രിസ്തുവാണ്. പ്രപഞ്ചത്തിൻെറ സവ്വാധിപതിയായ കേന്ദ്രമാണവിടുന്ന്. സവ്വത്തിൻേറയും പരിപൂണ്ണതയും ക്രിസ്തുവിലത്രെ. "കാലത്തിൻെറ തികവിൽ സമസ്തവും മിശിഹായിൽ നവീകരിക്കണമെന്നതായിരുന്നു അവിടുത്തെ തിരുവിഷ്ടം" (എഫേ. 1: 10). "എല്ലാം അവിടുത്തേയ്ക്കായും അവിടുന്നു മുഖാന്തിരവും സൃഷ്ടിക്കപ്പെട്ടവയാണ്.... സകലവും നിലനില്ക്കുന്നതു് അവിടുന്നു വഴിയാണ്" (Col. 1: 16–17). കോളോസ്യർക്കുള്ള വി. പൗലോസിൻെറ ലേഖനങ്ങളെ പരാമർശിച്ചുകൊണ്ടു ഫാദർ ബനാവാ ഒ. പി. (Benoit O. P.) പറയുന്നതിപ്രകാരമാണ്: "....ക്രിസ്തുവിനേയും അവിടുത്തെ വ്യാപാരങ്ങളെയും ഒരു പ്രാപഞ്ചികവീക്ഷണത്തിലൂടെയാണു വി. പൗലോസ് പ്രതിപാദിച്ചിരിക്കുന്നതു്. അതിലെ പ്രഥമവും പ്രധാനവുമായ ആശയം ക്രിസ്തുവിനു പ്രപഞ്ചത്തിലുള്ള പരമോന്നതപദ (cosmic supremacy) മാണ്. പ്രപഞ്ചത്തിൻെറ പൂണ്ണത ക്രിസ്തുവിലത്രെ. ദൈവവും മനുഷ്യനുമായ ക്രിസ്തു തൻെറതന്നെ പൂണ്ണതയിൽ, രക്ഷിതാവായ ദൈവത്തെയോ, രക്ഷിക്കപ്പെട്ടവരായ മനുഷ്യരെയോ മാത്രമല്ല, പ്രത്യുത പ്രപഞ്ചത്തെത്തന്നെയും ആശ്ലേഷിക്കയാണു ചെയ്യുന്നതു്."[1]

വി. പൗലോസിൻെറ ലേഖനങ്ങളെ വിസ്മയാധീനനാകാതെ വായിക്കുക അസാധ്യമാണെന്നാണ് ഷർദാൻെറ അഭിപ്രായം. വി. യോഹന്നാൻെറ സുവിശേഷവും ഷർദാനെ വളരെയധികം സഹായിച്ചിട്ടുണ്ടു്. ഇവ രണ്ടിൽനിന്നുമുള്ള അനേകം ഉദ്ധരണികൾനിറഞ്ഞ ഒരു നോട്ടുബുക്ക് ഷർദാൻ തൻെറ കൈയിൽ കൊണ്ടുനടന്നിരുന്നതായി പറയപ്പെടുന്നു. എന്നാൽ തൻെറ സ്വന്തം അഭിമതങ്ങളെ സ്ഥാപിച്ചുകിട്ടുവാൻവേണ്ടി ഷർദാൻ സ്ഥാനത്തും അസ്ഥാനത്തും അ

1 *The Faith of Teilhard de Chardin*, p. 34.

DHARMARAM COLLEGE LIBRA
BANGALORE - 29

വയെ ഉദ്ധരിക്കയാണു ചെയ്യുന്നതെന്നു കുററപ്പെടുത്തുന്നവരുണ്ട്. ഇതിനു കാരണങ്ങളുമില്ലാതില്ല. പ്രാതിഭാസിക വിജ്ഞാനവും ദൈവാവിഷ്കരണജ്ഞാനവും തമ്മിൽ ഒരു വ്യത്യാസവുമില്ല എന്നതുപോലെയാണു ഷർദാൻ പലപ്പോഴും അവ ഉപയോഗിച്ചിരിക്കുന്നത്. വി. പൗലോസിൻെറ ലേഖനങ്ങളിൽ വിശദീകരിക്കുന്ന പ്രാപഞ്ചികക്രിസ്തുവിനെ ഷർദാൻ തൻെറ വിശ്വജനനസിദ്ധാന്തമനുസരിച്ചുള്ള ഒമേഗായോടു സാധർമ്മ്യപ്പെടുത്തുന്നു. തത്ഫലമായി, വിശ്വത്തിൽ ക്രിസ്തുവിനുള്ള പരമോന്നതത്വത്തെ ഒരു ജനനമായി വീക്ഷിക്കുവാൻ ഷർദാൻ പ്രേരിതനാകുന്നു. ഇതിനു് ഉപോദ്ബലകമായി അദ്ദേഹം പറയുന്നു, വി. പൗലോസ് പ്രസ്താവിക്കുന്നതു് ക്രിസ്തുജനനത്തെപ്പററിയാണെന്നു്. എന്നാൽ പൗലോസിൻെറ ലേഖനങ്ങളെ തൻെറ സിദ്ധാന്തങ്ങളോടു സംയോജിപ്പിക്ക (incorporate) യാണു് ഷർദാൻ വാസ്തവത്തിൽ ചെയ്തിരിക്കുന്നതു്.[2]

വി. പൗലോസിൻെറ ലേഖനങ്ങളിൽ ഇന്നുവരെ വേണ്ടത്ര പരിഗണിക്കപ്പെടാതിരുന്ന ഒരു ചിന്താശകലത്തെയാണു ഷർദാൻ വിപുലപ്പെടുത്തിയിരിക്കുന്നതെന്നതും ചിന്താക്കുഴപ്പത്തിനിടം നല്കുന്നു. എന്നാൽ ഇന്നു് ഈ വിഷയത്തെപ്പററി കൂടുതൽ പഠനം നടക്കുന്നുണ്ടു്.

ദൈവാവിഷ്കരണത്തിലെ ക്രിസ്തു തീർച്ചയായും ഒമേഗായാണു്. പ്രപഞ്ചത്തിൻെറമേലുള്ള ക്രിസ്തുവിൻെറ ഭൗതികപരമാധികാരത്തെ സുന്ദരമായ ശൈലിയിലൂടെ പ്രകാശിപ്പിച്ചിരിക്കുന്ന വി. പൗലോസിൻെറയും വി. യോഹന്നാൻെറയും വാക്യങ്ങളിൽനിന്നും മെല്ലറഞ്ഞ സത്യം വ്യ

2 *Teilhard de Chardin and the Mystery of Christ*, p. 88.

ക്തമാകുന്നു. "സകലവും നിലനില്ക്കുന്നതു് അവിടുന്നു വഴിയാണു്" (Col. 1: 17). സർവ്വത്തേയും പൂർണ്ണമാക്കുന്നതും അവിടുന്നാണു് (Col. 2, 10). മിശിഹാ എല്ലാമാകുന്നു; എല്ലാററിലുമാകുന്നു" (Col. 3: 11). സമസ്തവും അവിടുന്നുവഴിയാണുണ്ടായതു് (John 1: 3). ഒമേഗായുടെ യഥാർത്ഥനിർവ്വചനം ഈ വാക്യങ്ങളിലുണ്ടു്. ഇവയിൽനിന്നു രണ്ടു നിഗമനങ്ങളിലാണു ഷർദാൻ എത്തിച്ചേരുന്നതു്. ഒന്നു്: ക്രിസ്തുവും മനുഷ്യഗണവും തമ്മിൽ ശാരീരികമായ ഒരു ബന്ധം ഉണ്ടു്. രണ്ടു്: സകല സൃഷ്ടികളെയുംകൂടി ഉൾപ്പെടുത്തത്തക്കവണ്ണം ഈ ബന്ധത്തെ വി. പൗലോസ് വിപുലമാക്കുന്നു.

വേദപുസ്തകവ്യാഖ്യാതാക്കളുടെ സവിശേഷപഠനത്തിനു പാത്രമായിരിക്കുന്ന ഒന്നാണു വി. പൗലോസിൻെറ ലേഖനങ്ങൾ, പ്രത്യേകിച്ചും പ്രാപഞ്ചികക്രിസ്തു, 'ക്രിസ്തുവിൻെറ മൗതികശരീരം' എന്നിവയെപ്പററിയുള്ള അദ്ദേഹത്തിൻെറ പ്രതിപാദനങ്ങൾ. ഇവയെപ്പററി വിവരിക്കുക ഇവിടെ സാദ്ധ്യമല്ല.

ക്രിസ്തുവും അവിടുത്തെ സഭയും തമ്മിൽ അഭേദ്യബന്ധമുണ്ടെന്നുമാത്രമല്ല സഭ ക്രിസ്തുവിൻെറ ശരീരംതന്നെയാണു്. ശരീരമെന്നവാക്കു് പുരുഷാത്മകമായ അർത്ഥത്തിലാണു് ഉപയോഗിച്ചിരിക്കുന്നതെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. അപ്പോൾ ക്രിസ്തുവിൻെറ ശരീരത്തോടു ക്രിസ്ത്യാനികൾക്കുള്ള ബന്ധം അനന്യസാധാരണവും അതുല്യവുമാണ്. അധികാരികളോടു് അധീനർക്കുള്ള ബന്ധമല്ലിതു്. ഒരു സമൂഹത്തിലെയോ സംഘടനയിലെയോ അംഗങ്ങൾ തമ്മിൽ തമ്മിലുള്ള ബന്ധവുമല്ല. അവയെല്ലാം അതീതവും അവയെക്കാൾ മഹത്തരവുമാണ് ഈ ഇന്ധം. അതുകൊണ്ടത്രേ ഈ ബന്ധത്തെ സൂചിപ്പിക്കാൻ 'മൗതിക' (mystical) മെന്ന വാക്ക് ഉപയോഗിക്കുന്നതു്. എന്നാൽ

ഈ വാക്ക് വേദപുസ്തകത്തിലില്ല. ഈ ബന്ധത്തിൽ ശാരീരികമായ ഒരു യാഥാർത്ഥ്യമുണ്ടെന്നുള്ളത് അവിതർക്കിതമാണ്. സഭയുടെ ശിരസ്സാണ് ക്രിസ്തുവെന്നുള്ള വി. പൗലോസിൻെറ പ്രസ്താവന ക്രിസ്തുവും സഭയും തമ്മിലുള്ള ശാരീരികബന്ധത്തെ ഒട്ടും കുറയ്ക്കുന്നില്ല. ക്രിസ്തുവും നാമും ഒന്നാണെങ്കിലും അവിടുന്നു മൂലതത്വവും (principle) നാം ഘടകങ്ങളുമാണെന്നു് ഇതു തെളിയിക്കുകയാണു ചെയ്യുന്നതു്. ശിരസ്സും അംഗങ്ങളും 'ശരീരവും അംഗങ്ങളും' തമ്മിൽ അർത്ഥത്തിൽ വ്യത്യാസമൊന്നുമില്ലതന്നെ. ഏ. ററി. റോബിൻസൻെറ അഭിപ്രായത്തിൽ, സഭയുമായി ഐക്യപ്പെട്ടിരിക്കുന്ന ഉത്ഥാനംചെയ്ത ക്രിസ്തുവിൻെറ മഹത്വപൂർണ്ണമായ ശരീരംതന്നെയാണ് അവിടുത്തെ മൗതികശരീരം. ശാരീരികമായ ഒരു ബന്ധമാണ് ഇതിലടങ്ങിയിരിക്കുന്നതെന്നു സുവിദിതമാണല്ലോ. ഇതു ശരിയെങ്കിൽ ഷർദാനിയൻ ചിന്ത വി. പൗലോസിൻെറ പ്രബോധനങ്ങളുടെ ഒരു പുതിയ പതിപ്പാണ്. പക്ഷേ, ഷർദാൻ സഭയും ക്രിസ്തുവും തമ്മിലുള്ള ബന്ധത്തെയല്ല പരാമർശിക്കുന്നതു്. പ്രത്യുത മനുഷ്യഗണവും ക്രിസ്തുവും തമ്മിലുള്ളതാണ്. ക്രിസ്തുവിൻെറ സഭയേപ്പററി അദ്ദേഹമിവിടെ സംസാരിക്കുന്നതേയില്ല. അതിനു കാരണമുണ്ടു്: വി. പൗലോസ് ക്രിസ്തുവിൻെറ ശരീരത്തെ അവിടുത്തെ മനുഷ്യാവതാരത്തിനോടെന്നതിനേക്കാൾ, പീഡാസഹനങ്ങളോടും കുരിശുമരണത്തോടുമാണു ബന്ധപ്പെടുത്തുന്നതു്. എന്നാൽ മനുഷ്യാവതാരമാണു ഷർദാൻെറ വീക്ഷണത്തിൽ ഏററം പ്രധാനം: ലോകരക്ഷ സാധിക്കുന്നതു് അതുവഴിയാണ്. ഇക്കാര്യത്തിൽ ഷർദാൻ ഗ്രീക്കു സഭാപിതാക്കന്മാരുടെ ഉത്തമാനുഗാമിയാണ്. അങ്ങനെ മനുഷ്യാവതാരത്തിനു പ്രാധാന്യംകൊടുക്കുന്നതുകൊണ്ടു വിശ്വത്തെ മുഴുവൻ ക്രിസ്തുവിൻെറ ശരീരവുമായി ഐക്യപ്പെടുത്തുവാൻ അദ്ദേഹത്തിനു കഴിയുന്നു. അ

തുകൊണ്ടു സഭയുടെ കാര്യം പ്രത്യേകം എടുത്തുപറയേണ്ടതുണ്ടെന്ന് അദ്ദേഹത്തിനു തോന്നിയില്ല.

മനുഷ്യഗണവും ക്രിസ്തുവും തമ്മിലുള്ള ഈ ബന്ധത്തിൽ വി. പൗലോസ് പ്രപഞ്ചത്തെ എത്രമാത്രം ഉൾപ്പെടുത്തുന്നുണ്ട് എന്ന കാര്യത്തിൽ വേദപുസ്തകപണ്ഡിതന്മാർ ഇനിയും അന്തിമതീരുമാനത്തിലെത്തിയിട്ടില്ല. എന്നിരുന്നാലും ക്രിസ്തുവിൻെറ പ്രാപഞ്ചികസ്വഭാവത്തെ വരച്ചുകാട്ടുന്ന വി. പൗലോസിൻെറ ലേഖനഭാഗങ്ങളിൽനിന്നും പ്രാപഞ്ചികമായ ഒരു മാനം (cosmic dimension) കൂടി ക്രിസ്തുവും മനുഷ്യഗണവും തമ്മിലുള്ള ബന്ധത്തിലുണ്ടെന്നു നമുക്കു കാണാവുന്നതാണ്. "സമസ്തസൃഷ്ടികളും ദൈവമക്കളുടെ മഹത്വീകരണം ആകാംക്ഷയോടെ കാത്തിരിക്കുന്നു. അവയുടെ പ്രതീക്ഷ വ്യർത്ഥമായി. സ്വന്തം ഇഷ്ടപ്രകാരമല്ല, അവയെ അടിമപ്പെടുത്തിയവൻെറ അഭീഷ്ടപ്രകാരമാണ് അങ്ങനെ സംഭവിച്ചതു്. എങ്കിലും എപ്പോഴും പ്രത്യാശയ്ക്കു വകയുണ്ടു്. എന്തുകൊണ്ടെന്നാൽ സൃഷ്ടികൾ മർത്യതയുടെ ശൃംഖലകളിൽനിന്നു വിമുക്തരായി, ദൈവപുത്രന്മാരുടെ സ്വാതന്ത്ര്യവും മഹത്വവും പ്രാപിക്കാനുള്ളതാണ്. സമസ്തസൃഷ്ടികളും ഇന്നുവരെ നെടുവീർപ്പിടുകയും വേദനകൊണ്ടു ഞരങ്ങുകയും ചെയ്കയായിരുന്നെന്ന് നമുക്കറിയാമല്ലോ" (റോമ. 8, 19–23). വി. പൗലോസിൻെറ ഈ വാക്കുകളിൽനിന്നും പ്രപഞ്ചംമുഴവൻ രക്ഷയെ കാത്തിരിക്കയാണെന്നും സൃഷ്ടിയുടെ മകുടമായ മനുഷ്യരിലൂടെയാണ ക്രിസ്തുവിൻെറ രക്ഷാകർമ്മം പ്രപഞ്ചവ്യാപകമാകുന്നതെന്നും സുവിദിതമാണ്. അതുപോലെതന്നെ കൊളോസ്യർക്കും (1: 15-20) എഫേസ്യർക്കു (1: 9-10, 22–23) മുള്ള ലേഖനങ്ങളിൽനിന്നും ഇതു വളരെ വ്യക്തമാകുന്നു. ക്രിസ്തുവും പ്രപഞ്ചവും തമ്മിലുള്ള ബന്ധംവഴി അവിടുത്തേക്കു മാനുഷി

കവും ദൈവികവുമായവയ്ക്കുപുറമേ പ്രാപഞ്ചികമായ ഒരു സ്വഭാവംകൂടിയുണ്ടെന്നാണു ഷർദാൻ പറയുക. ഇതു ശരിയാണെങ്കിലും അല്ലെങ്കിലും, ക്രിസ്തുവും പ്രപഞ്ചവും തമ്മിൽ മനുഷ്യനിലൂടെയുള്ള ബന്ധംവഴി, ഷർദാൻ പ്രപഞ്ചത്തെ മുഴുവൻ മാനുഷീകരിക്കയാണു ചെയ്തതു്. മനുഷ്യന്റെ രക്ഷ പ്രപഞ്ചത്തിന്റെ പരിത്രാണമാണെന്ന വേദപുസ്തകസത്യം അദ്ദേഹം വീണ്ടും ഉറപ്പിക്കുകയാണു്.3

ഷർദാന്റെ ചിന്തകളിൽ ഏററം സുപ്രധാനമായ ഒന്നാണു ക്രിസ്തുവിന്റെ പ്രാപഞ്ചികസ്വഭാവം. മാംസം ധരിച്ച വചനമാണു സകലപ്രാപഞ്ചികപ്രക്രിയകളുടേയും പര്യാപ്ത കാരണം (ratio sufficiens). പ്രകൃതിനിയമങ്ങളുടെയെല്ലാം നിയമമാണവിടുന്നു്. പ്രപഞ്ചത്തെ അതിവ്യാപിച്ചുകൊണ്ടും എന്നാൽ അതുമായി താദാത്മ്യപ്പെടാതെയും അവിടുന്നു സർവ്വത്തിന്റേയും അടിസ്ഥാനവും മൂലതത്വവുമായി നിലകൊള്ളുകയാണു്. പ്രപഞ്ചത്തിലുള്ള ജീവാത്മകവും വൈയക്തികവും സാമൂഹികവുമായ എല്ലാ ഉത്ഗ്രഥനങ്ങളുടേയും അവയുടെ ഏകീകരണബിന്ദുവിന്റേയും അസ്തിത്വഹേതു മനുഷ്യനും ദൈവവും തമ്മിലുള്ള ഐക്യമാണു്, ക്രിസ്തുവിന്റെ മനുഷ്യാവതാരമാണു്.4 ക്രിസ്തുവിലൂടെ ദൈവവുമായി സംയോജിച്ചിരിക്കുന്ന പ്രപഞ്ചംതന്നെയാണു രക്ഷിക്കപ്പെടേണ്ട സഭയെന്നു് ഒരർത്ഥത്തിൽ പറയാമെന്നു തോന്നുന്നു. അങ്ങനെ, മനുഷ്യാവതാരം, പ്രാപഞ്ചികതന്തുക്കളുടെ സ്വാഭാവികസമ്മേളനകേന്ദ്രമായിരിക്കുന്നിടത്തോ

---

3 Robert North S. J., *Teilhard and the Problem of Creation*, (Theological Studies Dec. 1963) p. 590.

4 William Donnelly S.J., *The Thought of Teilhard de Chardin* (Clergy Review June 1960) p. 334.

ളം ക്രിസ്തുവിൻെറ രക്ഷാകരപ്രവൃത്തി രണ്ടു നിലകളിലാണു സ്ഥിതിചെയ്യുക; വൈയക്തികവും പ്രകൃത്യുതീതവുമായി മാത്രമല്ല സാമൂഹികവും ഭൗമികവുമായിക്കൂടി.

ക്രിസ്തുവിൻെറ മനുഷ്യാവതാരമാണു വിശ്വത്തെ ദൈവവുമായി ബന്ധപ്പെടുത്തുന്നതെന്നു നാം കണ്ടതാണല്ലോ. പ്രപഞ്ചത്തിനു് അർത്ഥവും ആഴവും നല്കുന്നതും മനുഷ്യാവതാരമാണു്. വി. പൗലോസ് പ്രപഞ്ചത്തെപ്പററി പറയുന്നതു ശരിയാണെങ്കിൽ, ഭൗതികയാഥാർത്ഥ്യങ്ങളുൾപ്പെടെ സമസ്തവും ക്രിസ്തുവിലൂടെ ദൈവത്തിങ്കലേക്കു ത്വരിതഗമനം ചെയ്തുകൊണ്ടിരിക്കയാണു്. അതുകൊണ്ടു പ്രപഞ്ചത്തിൽ അശുദ്ധ (profane) മായി യാതൊന്നുമില്ല. എല്ലാം ദൈവചൈതന്യത്താൽ നിറയപ്പെട്ടതും വിശുദ്ധീകൃതവുമാണു്. വിശ്വം ഒരു ദിവ്യമേഖലയത്രേ. അന്തിമമായ പൂർണ്ണത (pleroma) യിൽ പദമുറപ്പിച്ചുനിന്നുകൊണ്ടുള്ള ഒരു വിശ്വവീക്ഷണമാണിതു്. ലോകത്തിൻെറ യഥാർത്ഥസ്വഭാവത്തേയും മാഹാത്മ്യത്തേയും മനസ്സിലാക്കുവാനുള്ള ശരിയായ മാർഗ്ഗം ഇതുമാത്രമാണു്. കാരണം അന്ത്യപ്രാപ്തിയിൽനിന്നുമാത്രമേ ഒരു വസ്തുവിൻെറ യാഥാർത്ഥ്യത്തെ മനസ്സിലാക്കുവാൻ നമുക്കു സാധിക്കയുള്ളു.

ഇങ്ങനെ നോക്കുമ്പോൾ വിശ്വജനനം ഒരു ക്രിസ്തുജനനംകൂടിയാണു്. ഇനിമുതൽ ഒരുവനു തൻെറ ദൈവത്തെ ചലനാത്മകലോകത്തിൻെറ സകലസ്പന്ദനങ്ങളിലും അനുഭവിക്കുന്നതിനും ദർശിക്കുന്നതിനും സാധിക്കും. അങ്ങനെ തൻെറ ആത്മാവുകൊണ്ടും ഹൃദയംകൊണ്ടും ശരീരംകൊണ്ടും മാത്രമല്ല ഐക്യാഭിമുഖമായ പ്രപഞ്ചത്തിൻെറ സകലതന്തുക്കൾകൊണ്ടും അവിടുത്തെ സ്നേഹിക്കുന്നുവെന്നു് ഒരുവനു് പ്രാർത്ഥിക്കാൻ സാധിക്കും.

അദ്ധ്യായം 4

# പരിത്രാണകർമ്മവും ക്രിസ്തുവിൻെറ പുനരാഗമനവും

ക്രിസ്തു മനുഷ്യനായി അവതരിച്ചതു് പ്രധാനമായും മനുഷ്യഗണത്തെ പാപത്തിൽനിന്നു വിമുക്തമാക്കി ദൈവവുമായി ഐക്യപ്പെടുത്തുവാനാണെന്നു വിശ്വാസം നമ്മെ പഠിപ്പിക്കുന്നു. അങ്ങനെയെങ്കിൽ രക്ഷകനായ ക്രിസ്തുവും ഒമേഗായായ ക്രിസ്തുവും തമ്മിൽ ബന്ധമുണ്ടായിരിക്കണം. മറെറാരുതരത്തിൽ പറഞ്ഞാൽ ഒമേഗാ പ്രപഞ്ചകേന്ദ്രമായിരിക്കുന്നതോടൊപ്പം രക്ഷകനുമായിരിക്കണം. ക്രിസ്തുവിൻെറ രക്ഷാകരകർമ്മത്തിൽ രണ്ടു ഘടകങ്ങളുണ്ടു്. ഒന്നു്: അവിടുന്നു തൻെറ ജീവിതവും കുരിശുമരണവും ഉയിർപ്പുംവഴി മനുഷ്യൻെറ പാപത്തിനു പരിഹാരം ചെയ്തു് അവനെ വീണ്ടെടുത്തതു്. രണ്ടു്: സൃഷ്ടികളെ മുഴുവൻ അവയുടെ പരമാന്ത്യത്തിലേക്കു നയിച്ചുകൊണ്ടു് ഒരു പുതിയ ആകാശത്തേയും പുതിയ ഭൂമിയേയും കെട്ടിപടുക്കുന്നതു്. ഒന്നാമത്തേതിനാണു പരമ്പരാഗതമായി നാം പ്രാധാന്യംകൊടുത്തിരുന്നതു്. അങ്ങനെ ക്രിസ്തുവിനെ മനുഷ്യപാപപരിഹാരാത്ഥം ബലികഴിക്കപ്പെട്ട ഒരു കുഞ്ഞാടായും ലോകത്തെ പാപത്താൽ അധ:പതിച്ചുപോയ ഒരു കീടമായും നാം ചിത്രീകരിച്ചുപോന്നു. എന്നാൽ, നിഷേധാത്മകമായ ആദ്യത്തേതിൽനിന്നും കൂടു

തൽ ഭാവാത്മകമായ രണ്ടാമത്തേതിലേക്കു നമ്മുടെ ശ്രദ്ധതി രിക്കേണ്ട സമയമതിക്രമിച്ചിരിക്കുകയാണു്. ആധുനികശാ സ്ത്രപുരോഗതികൊണ്ടു് മനുഷ്യൻ ഇന്നു് ഭൗതികലോക ത്തിൽ കൂടുതൽ തല്പരനായിത്തീർന്നിരിക്കുകയാണെന്നതുത ന്നെ കാരണം. അതുകൊണ്ടു്, സൃഷ്ടിയുടെ തമോമയമായ വ ശത്തെ ഒട്ടുംതന്നെ വിസ്മരിക്കാതെ, അതിന്റെ വ്യക്തവും ദീപ്തവുമായ വശത്തിനു പ്രാധാന്യം നല്കത്തക്കവണ്ണം ഒരു നവീകരണംതന്നെ സഭയുടെ ചിന്താഗതിയിൽ വരുത്തേണ്ട തുണ്ടു്. ഇതിനു ഷർദാൻ നിർദ്ദേശിക്കുന്നമാർഗ്ഗം മനുഷ്യഗ ണത്തെ (വിശ്വമൊട്ടാകെ) ദൈവവുമായി ഐക്യപ്പെടുത്തു കയെന്ന ക്രിസ്തുവിന്റെ ദൗത്യത്തിനു പ്രാധാന്യംകൊടു ക്കുകയെന്നതാണു്. പരിത്രാണകർമ്മം പാപപരിഹാരത്തി ലും വീണ്ടെടുപ്പിലുമല്ല പ്രധാനമായും നിലകൊള്ളുന്നതു്. പ്ര ത്യുത പൂർണ്ണതയിലേക്കു പ്രപഞ്ചത്തെ നയിക്കുന്നതിലാ ണു്. ക്രിസ്തു തിന്മയെ ജയിച്ചതും പാപപരിഹാരമനു ഷ്ഠിച്ചതും ഇതിനുവേണ്ടിയായിരുന്നു. ഒററവാക്കിൽ പറ ഞ്ഞാൽ രക്ഷകനായ ക്രിസ്തു തന്റെ സകല പൂർണ്ണതക ളിലും പരിണാമകനായ (Evolver) ക്രിസ്തുവുംകൂടിയായി രിക്കണം.[1] മനുഷ്യാവതാരമെന്ന മഹാരഹസ്യംവഴി പ്രപഞ്ച ത്തിന്റെ കേന്ദ്രമായിത്തീർന്ന ക്രിസ്തു പ്രതിബന്ധങ്ങളെ യെല്ലാം തരണംചെയ്തുകൊണ്ടാണു് വിശ്വത്തെ അതിന്റെ പൂർണ്ണതയിലേക്കു് നയിക്കുന്നതു്. ഭൗതികവും ധാർമ്മികവു മായ തിന്മകളാണു് ആ പ്രതിബന്ധങ്ങൾ.

## ഭൗതികതിന്മ (Physical evil)

ഒരു വിശ്വജനനത്തിൽ എല്ലാം പൂർണ്ണമായിരിക്കണമെ

---

1 cfr. *Teilhad de Chardin and the Mystery of Christ.* p. 105-106

ന്നില്ല. പൂർണ്ണതയെ ഇനിയും പ്രാപിച്ചിട്ടില്ലെന്നതുതന്നെയാണു് അതിന്റെ കാരണം. അപ്പോൾ വളർന്നുകൊണ്ടിരിക്കുന്ന ഒരു ലോകത്തിൽ തിന്മ അനിവാര്യമത്രെ. അതിൽ വിസ്മയംകൊണ്ടിട്ടു കാര്യമില്ല. ഈ നിഗമനം സ്രഷ്ടാവായ ദൈവത്തെ യാതൊരുതരത്തിലും തിന്മയുടെ ജനയിതാവാക്കുന്നില്ല. പൂർണ്ണമായ ഒരു പ്രപഞ്ചത്തെയാണു ദൈവം സൃഷ്ടിച്ചിരുന്നതെങ്കിലേ ഈ പ്രശ്നംതന്നെ ഉദിക്കയുള്ളു. കാരണം നിശ്ചലവും പൂർണ്ണവുമായ ഒരു ലോകത്തിൽ തിന്മയുടെ അസ്തിത്വം ദൈവത്തിന്റെ അനന്തനന്മയ്ക്കു് എതിരായിരിക്കും. എന്നാൽ നമുക്കറിയാം, പടിപടിയായി പൂർണ്ണതയെ പ്രാപിക്കത്തക്ക രീതിയിലാണു ദൈവം വിശ്വത്തെ സൃഷ്ടിച്ചിരിക്കുന്നതെന്നു്. അതുകൊണ്ടു് അപൂർണ്ണത സൃഷ്ടിക്കപ്പെട്ട വസ്തുവിന്റെ ഘടനയിൽനിന്നാണുണ്ടാവുക അല്ലാതെ ദൈവത്തിൽനിന്നല്ല.

സൃഷ്ടികർമ്മത്തെപ്പററി സഭയുടെ പരമ്പരാഗതമായ ബോധനത്തിൽനിന്നും വളരെ വ്യത്യസ്തമായ ഒരു വീക്ഷണമാണു ഷർദാന്റേതു്. ഒരു ഏകീകരണത്തിലാണു സൃഷ്ടികർമ്മം അടങ്ങിയിരിക്കുന്നതു്.[2] സത്ത എന്നു പറഞ്ഞാൽ ഐക്യപ്പെടുക, അല്ലെങ്കിൽ ഐക്യപ്പെടുത്തുക എന്നാണർത്ഥം.[3] പൂർണ്ണതാവൽകരണ (pleromization) ത്തിന്റെ കാര്യത്തിൽ ദൈവത്തെസ്സംബന്ധിച്ചും ഇതു് അന്വർത്ഥമാണു്. ആന്തരികമായ ഏകീഭാവംവഴിയാണു് ദൈവം തന്റെ സത്തയെ നിലനിർത്തുന്നതു്. അങ്ങനെ ദൈവം തന്നെത്തന്നെ ആന്തരികമായി ഏകീഭവിപ്പിക്കുമ്പോൾ, തനിക്കെതിരായി ഒരു പ്രതിബന്ധത്തിനു നിദാനമാവുകയാണു് ചെയ്യു

2 *Pierre Teilhard de Chardin: His Thought* p. 91
3 *Teilhard de Chardin and the Mystery of Christ* p.171

ക. തത്ഫലമായി അസ്തിത്വംതന്നെയായ 'ഐക്യ'ത്തിനെതിരായി ശുദ്ധമായ ഒരു ബാഹുല്യം (multiplicity) ഉണ്ടായി. സദാത്മകമായി അവ ശൂന്യങ്ങളായിരുന്നു—കേവലം സാധ്യതകൾ. അതുകൊണ്ടു് ആരംഭത്തിൽ ദൈവം മാത്രമേ ഉണ്ടായിരുന്നുള്ളു. എന്നാൽ, ജീവൻ വഴിഞ്ഞൊഴുകുന്ന ആ 'ഐക്യം' (ദൈവം) സാധ്യതകളായ ബഹുലതയെ ഏകീഭവിപ്പിച്ചു സംഘടിതമാക്കി. അങ്ങനെ നാമിന്നു കാണുന്ന പ്രപഞ്ചം ഉടലെടുത്തു. മറ്റുള്ളവയ്ക്കും സത്തയെ നല്കിക്കൊണ്ടു ദൈവം തന്നെത്തന്നെ പൂർണ്ണതാവത്കരിക്കയാണു ചെയ്തതു്. ഈ പൂർണ്ണതാവത്കരണം ദൈവത്തിൻെറ പ്രതിഫലനത്തിൻെറ—തൻെറമേൽത്തന്നെയുള്ളതല്ല, പുറമേയുള്ള—ഫലമാണു്.

സൃഷ്ടിക്കുക, ഏകീകരിക്കുകയാണെന്നു പഠിപ്പിച്ച ഷർദാൻ ഇല്ലായ്മയിൽനിന്നുള്ള സൃഷ്ടിയെ അംഗീകരിക്കുന്നില്ലെന്നു പറയുന്നവരുണ്ടു്. അവർ കൊണ്ടുവരുന്ന ന്യായം, സൃഷ്ടികർമ്മം ഏകീകരണമാണെങ്കിൽ, ഏകീകരിക്കപ്പെടേണ്ടവ നേരത്തേ ഉണ്ടായിരിക്കണമെന്നുള്ളതാണു്. എന്നാൽ ഷർദാൻ പറയുന്നതു് അങ്ങനെ ഊഹിക്കുന്നതുപോലും തെറ്റാണെന്നാണ്.4 സൃഷ്ടികർമ്മം ദൈവത്തിൻെറ 'പൂർണ്ണതാവത്കരണ'മാണെന്നു നാം പറഞ്ഞു. എന്നാൽ ഇതു ക്രിസ്തുവിൻെറ പൂർണ്ണതയെ പരിഗണിക്കുമ്പോഴാണ്. കാരണം ക്രിസ്തുവിലും ക്രിസ്തുവിലൂടെയുമാണു സൃഷ്ടികർമ്മം നടക്കുന്നതു്. ദൈവം തൻെറ അനന്തവിജ്ഞാനത്താൽ ലോകസൃഷ്ടിക്കുമുമ്പുതന്നെ തൻെറ പുത്രനെ പ്രപഞ്ചത്തിൻെറ അധിനാഥനായി അവരോധിച്ചു. മാത്രമല്ല തൻെറ പുത്രനിലൂടെ വേണം മനുഷ്യർ തന്നെ സമീപിക്കുക എന്നും അവിടുന്നു തിരുമനസ്സായി. കാരണം ക്രിസ്തുവാണു സൃഷ്ടിയുടെആദ്യജാ

4 *Teilhard and the Problem of Creation*

തൻ. അതുകൊണ്ടു്, പലരും കരുതുംപോലെ, സൃഷ്ടികർമ്മത്തി ൻെറ നൈരന്തര്യം ദൈവത്തിൻെറ ഒരു സൗജന്യപ്രവൃത്തിയല്ലെന്നു സിദ്ധിക്കുന്നു. അതുപോലെതന്നെ ഇന്നത്തെ ആധ്യാത്മികവ്യവസ്ഥിതിയിൽ, ദൈവത്തിനു പ്രപഞ്ചത്തെക്കൂടാതെ കഴിക്കത്തക്കവണ്ണം അതു കേവലം ഉപരിപ്ലവമായ ഒരനുബന്ധമല്ല. കാരണം തൻെറതന്നെ സ്വാതന്ത്ര്യതീരുമാനത്താൽ ദൈവം ലോകത്തോട് അഭേദ്യമാംവിധം ബന്ധപ്പെട്ടുപോയി.5 അവിടുത്തെ അനന്തവും അക്ഷയവുമായ സ്നേഹമാണ്, ഇതിനു കാരണം. ദൈവം തൻെറ സൃഷ്ടിയിൽനിന്നും സ്വാതന്ത്ര്യനല്ലെന്നു് ഇതിന്നർത്ഥമില്ല. അവിടുന്നു തന്നിൽത്തന്നെ പരിപൂർണ്ണതയാണ്. എന്നിരുന്നാലും ഇന്നത്തെ ആധ്യാത്മികവ്യവസ്ഥിതിയിൽ പ്രപഞ്ചം അവിടുത്തേയ്ക്കാവശ്യമാണ്.

എന്തായാലും സൃഷ്ടി ഒരു ഏകീകരണമാണെന്ന ഷർദാനിയൻ ചിന്ത വളരെ ഉദാത്തമാണ്. സൃഷ്ടികർമ്മത്തിൻെറ നൈരന്തര്യത്തെ കാണിക്കുവാൻ അതു് ഏററം പര്യാപ്തമാണ്. യുഗങ്ങൾക്കുമുമ്പ് ദൈവത്തിൻെറ അനന്തതയിൽനിന്നു പുറപ്പെട്ട യാദൃച്ഛികവും നൈമിഷികവുമായ ഒരു പ്രവൃത്തിയല്ല സൃഷ്ടികർമ്മം. അതു് ഇന്നും തുടർന്നുകൊണ്ടിരിക്കുന്ന ഒന്നാണ്. ഇന്നും വളർന്നുകൊണ്ടിരിക്കുന്ന ഒരു വിശ്വത്തെ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണു ദൈവം. അങ്ങനെയുള്ളൊരു ലോകത്തിൽ പൂർണ്ണതയുണ്ടെങ്കിലും പരിപൂർണ്ണത കൈവന്നിട്ടില്ലാത്തതുകൊണ്ടു് നാം ആദ്യം പറഞ്ഞതുപോലെ തിന്മകൾ ഭൗതികമായാലും ധാർമ്മികമായാലും അനിവാര്യമാണ്. ഈ രണ്ടുതരം തിന്മകളേയും ഒന്നായിട്ടാണു ഷർദാൻ തൻെറ "ദിവ്യമേഖല" എന്ന പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നതു്. കാരണം പരിണാമപ്രക്രിയയിൽ ഇവ

---

5

രണ്ടിനും ഏറെക്കുറെ തുല്യപങ്കാണുള്ളത്. അവ രണ്ടും പരിണാമത്തിന്റെ പ്രതിബന്ധങ്ങളുമാണ്.

മൂന്നുതരം തിന്മകളാണു പാരിണാമികലോകത്തിൽ അടിസ്ഥാനപരമായുള്ളതെന്നു പറയാം: പ്രപഞ്ചവളർച്ചയിൽ നിന്നുള്ളവ, ക്രമരാഹിത്യത്തിൽനിന്നുള്ളവ, മരണം.

ശാരീരികവും ബൗദ്ധികവുമായ മനുഷ്യന്റെ വളർച്ച വളരെയധികം സഹനം അവനിൽനിന്നും ആവശ്യപ്പെടുന്നു. പുരോഗതിക്കുവേണ്ടിയുള്ള സമരത്തിൽ ഒട്ടേറെ പ്രത്യാഘാതങ്ങളെ അവൻ നേരിടേണ്ടിവരും. കാരണം, ക്രമീകരണത്തിലൂടെയും കേന്ദ്രീകരണത്തിലൂടെയുമേ ഔന്നത്യംപ്രാപിക്കാൻ സാധിക്കയുള്ളൂ. നിരന്തരമായ കഠിനാദ്ധ്വാനം ഇതിനാവശ്യമാണ്. വൈഷമ്യങ്ങളുടെ നടുവിൽ വിമുഖത തോന്നിയാൽ, ആ മാനസികപ്രതിബന്ധത്തേയും അവൻ തരണംചെയ്യണം. വളർന്നുകൊണ്ടിരിക്കുന്ന ഒരു ലോകത്തിൽ ക്രമവും ചിട്ടയുമുണ്ടാവുക സാധ്യമല്ല. എന്നിരുന്നാലും ക്രമരാഹിത്യത്തിൽനിന്നും ഉടലെടുക്കുന്ന തിന്മകൾ പരിണാമപ്രക്രിയയെ സാരമായി ബാധിക്കുന്നുണ്ട്. മൂർത്താമൂർത്തവസ്തുക്കളിലെല്ലാം ഈ തിന്മകൾ കാണാവുന്നതാണ്. മനുഷ്യന്റെ ശാരീരികവും മാനസികവുമായ സകല ക്രമക്കേടുകൾക്കും കാരണമിതുതന്നെ. മനുഷ്യജീവിതത്തെ അന്ധകാരത്തിലാഴ്ത്തുകയും നിരാശാനിമഗ്നമാക്കുകയും ചെയ്യുന്നവയാണു ശാരീരികവൈരൂപ്യം, ബുദ്ധിക്ഷയം മുതലായവ. അങ്ങനെയെങ്കിൽ അനേകവർഷങ്ങളോളം രോഗഗ്രസ്തനായിക്കഴിയുന്ന ഒരുവന്റെ കാര്യം പറയാനുണ്ടോ? അന്ധരും ബധിരരുമായ ആളുകൾ, മററുജീവികൾ മുതലായവയും പരിണാമത്തിന്റെ പരിണിതഫലങ്ങളാണ്. വളർന്നുകൊണ്ടിരിക്കുന്ന ഒരു വൃക്ഷത്തിലെ പച്ചക്കമ്പുകളുടെകൂടെ ഉണങ്ങിയതും വാടിയതുമായ കമ്പുകൾ സ്വാഭാവികമാണ്. പല വൃക്കള

ള്ള ഒരു കലയിൽ ഒന്നോ രണ്ടോ പൂക്കൾ മററുള്ളവയെ അപേക്ഷിച്ച് മോശമാണെങ്കിലും നാം ആശ്ചര്യപ്പെടാറില്ല. എന്നാൽ, ഒരു കൃത്രിമച്ചെണ്ടിൽ ഒന്നുരണ്ടു പൂക്കൾ മോശമാണെങ്കിൽ, ആ ചെണ്ടുണ്ടാക്കിയ ആളിനെ നാം കുററംപറയും. ഇതുപോലെയാണു പരിണാമലോകത്തിലെ തിന്മകളും. വിജയം ഇനിയും പ്രാപിക്കാത്ത പ്രപഞ്ചത്തിൽ പരാജയങ്ങളേയും വിഷമതകളേയും വിജയത്തിൻെറ നാന്ദിയായിമാത്രം പരിഗണിച്ചാൽ മതി. പരിണാമപ്രയാണത്തിൽ അടിപ്പെട്ടുപോകുന്നവർ യുദ്ധത്തിൽ സുധീരം പൊരുതി മരണം വരിക്കുന്ന ധീരയോദ്ധാക്കളാണു്.

വൈയക്തികമായി നോക്കിയാൽ മേൽപ്പറഞ്ഞ തിന്മകളൊന്നും ഒരുവനെ ബാധിച്ചില്ലെന്നുവരും. എന്നാൽ, മരണത്തിൽനിന്നും രക്ഷപെടുക ആർക്കും സാധ്യമല്ല. 'സുരഭില മാധുരിതൂകി' നില്ക്കുന്ന പൂവും ഒരിക്കൽ കൊഴിഞ്ഞേ പററു. അപ്പോൾ മരണം എല്ലാ ജീവികൾക്കും ഒരുപോലെ ബാധകമാണ്. എല്ലാ ദുഃഖദുരിതങ്ങളുടേയും അന്ത്യമാണു മരണമെന്നു പറയാം. മനുഷ്യനെസ്സംബന്ധിച്ചിടത്തോളം ശാരീരികവും ധാർമ്മീകവുമായ ഒരു തിന്മയത്രേ മരണം. നാം അണ്ടുകിടക്കുന്ന പദാർത്ഥബഹുലതയിൽനിന്നു് ഇതുത്ഭവിക്കുന്നതുകൊണ്ടു് മരണം ഒരു ശാരീരികതിന്മയാണ്; എന്നാൽ നമ്മുടെ സ്വാതന്ത്ര്യത്തെ ദുരുപയോഗപ്പെടുത്തിക്കൊണ്ടുള്ള ഒരു ജീവിതമാണു നാം നയിച്ചിരുന്നതെങ്കിൽ മരണം ഒരു ധാർമ്മികതിന്മയും.[6] ഒരു ശാരീരികതിന്മയാണെന്നിരുന്നാലും പരിണാമപ്രക്രിയയിലെ മുമ്പോട്ടുള്ള ഒരു കാൽവയ്പാണു മരണം. നമുക്കറിയാം പരിണാമത്തെ മുമ്പോട്ടു നയിക്കുന്നതു റേഡിയൽ എനർജിയാണെന്നു്. എന്നാൽ, പാദാർത്ഥി

6 *Le Milieu Divin*, p. 82

കലോകത്തിൽ ടൻജൻഷ്യൽ എനർജിയെ ആശ്രയിച്ചേ അതിനു പ്രവർത്തിക്കാനൊക്കൂ. മരണം റേഡിയൽ എനർജിയെ ടൻജൻഷ്യൽ എനർജിയിൽനിന്നും വിമുക്തമാക്കുന്നു. മൃഗങ്ങളിലും മനുഷ്യരിലും ഇതാണു സംഭവിക്കുന്നതു്. എന്നാൽ മൃഗങ്ങളുടെ റേഡിയൽ എനർജി മരണത്തോടെ ടൻജൻഷ്യൽ എനർജിയിലേക്കു് ആഗിരണം ചെയ്യപ്പെടുന്നു. മനുഷ്യൻേറതാകട്ടെ ഒമേഗായിലേക്കു കുതിക്കയാണു ചെയ്യുക.[7] സൃഷ്ടിപരമായ ഐക്യത്തിൻെറ സാക്ഷാത്കരണമാണു മരണം. പരിണാമപ്രക്രിയയിലെ മറെറാരു നിർണ്ണായകഘട്ടം. ചിന്തനീയവും പരിഗണനാർഹവുമായ ഒരു വീക്ഷണമാണിതു്.

കാലികവും പാരിണാമികവുമായ ഒരു ലോകത്തിൻെറ അവശ്യഫലങ്ങളാണു് തിന്മയെന്ന ചിന്ത തികച്ചും നൂതനവും ശ്രദ്ധാർഹവുമാണു്. തിന്മ വിശ്വപുരോഗതിയെ പരിപോഷിപ്പിക്കുകയാണു ചെയ്യുന്നതെന്നു കേൾക്കുക ഏററം ആശ്വാസകരവുമാണു്. താത്വികമായി ഇവ ശരിയായിരിക്കാം. എന്നാൽ പ്രായോഗികതലത്തിൽ എത്രപേർ ഇതേപ്പററി ബോധവാന്മാരാണു്. സഹിക്കുവാൻ തയ്യാറുള്ളവർ ആരാണുള്ളതു്. സഹനമൊരു ഭൂഷണമെന്നു് ആരും കരുതുകയില്ല. കാരണം ഇതു കേവലം ബൌദ്ധികമായ ഒരു പ്രശ്നമല്ല. മനുഷ്യൻെറ അന്തരാത്മാവിനെ സ്പർശിക്കുന്ന ഒരു കാര്യമാണു്. ജീവിതത്തെ നിരാശയിലേക്കും ശൂന്യതയിലേക്കും തള്ളിക്കളയുവാൻ പീഡകൾക്കുള്ള ശക്തി മറെറാന്നിനുംതന്നെ ഉണ്ടെന്നു തോന്നുന്നില്ല. എന്നാൽ സഹനത്തെ സ്വീകാര്യമാക്കുവാൻ പര്യാപ്തമായ യാതൊന്നും മനുഷ്യനിലില്ലേ? തീർച്ചയായുമുണ്ടു്. ഇവിടെയാണു ക്രിസ്തീയപ്രബോധനങ്ങൾക്കു് ആശ്ചര്യജനക

7 *Teilhard de Chardin and the Mystery of Christ* p. III

മാംവിധം ഫലം പുറപ്പെടുത്തുവാൻ കഴിയുക. യഥാർത്ഥാ രൂപിയോടെ സ്വീകരിക്കപ്പെടുന്ന സഹനം, ദൈവസ്നേഹത്തിൻെറ ഒരാവിഷ്ക്കരണമായി രൂപപ്പെടുത്തുവാൻ ഒരുവനു കഴിയും. അങ്ങനെ സ്വാതന്ത്ര്യത്തെ നിഹനിക്കുന്നതിനും അതോടൊപ്പം ദൈവത്തിങ്കലേക്കടുക്കുന്നതിനും ഒരുവനു സാധിക്കുന്നു. അതുവഴി പ്രപഞ്ചത്തിൻെറ മാനുഷീകരണത്തിനും ദൈവികവൽക്കരണത്തിനും സഹനം സഹായകമാകുന്നു. പദാർത്ഥത്തിൻെറ അപൂർണ്ണത ആത്മാവിൻെറ പൂർണ്ണതയ്ക്കുതകും. വി. കുരിശിൽനിന്നും പുറപ്പെടുന്ന ആധ്യാത്മിക ശക്തിയുടെ അത്ഭുതപ്രവർത്തനമാണിതു്. ക്രിസ്തുവിൻെറ പീഡാസഹനവും മനുഷ്യൻെറ ജീവിതവും തമ്മിലുള്ള ബന്ധത്തിൻെറ ഫലം. ശാരീരികപീഡകൾപോലും ആത്മീയവളർച്ചക്കുതകുമാറു് അവിടുന്നു തിന്മകളെ ജയിച്ചു. തൻെറ മരണത്താലും ഉയിർപ്പിനാലും ക്രിസ്തു മരണത്തിൻെറ ദുഷ്ഫലങ്ങളെ മാററിയെന്നു മാത്രമല്ല, ജീവദായകമായ ഒന്നാക്കിത്തീർക്കുകകൂടിച്ചെയ്തു.[8] ജീവനിലേക്കുള്ള അന്തിമമായ കുതിക്കലാണു മരണം ക്രിസ്തീയവീക്ഷണത്തിൽ. മനുഷ്യൻെറ ആന്തരികസത്ത ദൈവത്തിലേക്കു തുറക്കപ്പെടുകയാണു് അതുവഴി. ഫലമോ ദൈവവുമായുള്ള ഐക്യവും. അങ്ങനെ ലോകത്തിൽ നിന്നുള്ള ഒരുവൻെറ വേർപാടു് ദൈവത്തിലൂടെ പ്രപഞ്ചവുമായുള്ള അനശ്വരൈക്യത്തിലാണു പര്യവസാനിക്കുന്നതു്. ഇങ്ങനെ നോക്കിയാൽ മരണം ആനന്ദകരമാണു്.

പദാർത്ഥത്തിൻെറ രൂപാന്തരീകരണംവഴിയേ ഈ ആത്മീയവളർച്ച സാധിക്കുകയുള്ളൂ. ഭൗതികലോകത്തിലും ആത്മീയ ശക്തികളുണ്ടു്. അവയെ ക്രിസ്തുവിൽ സംയോജിപ്പിക്കുകയാണു സ്രഷ്ടാവായ ദൈവം ചെയ്യുക. ഈ സ്വർഗ്ഗീയശ

8 *Le Milieu Divin*, p. 82

ക്തികളെ തേടിപ്പിടിച്ച് തന്റെ ശരീരത്തോട് ഏകീഭവിപ്പിക്കുകയാണ് തന്നിൽ വിശ്വസിക്കുന്നവരിൽ ജീവിക്കുന്ന ക്രിസ്തുവും ചെയ്യുക. അങ്ങനെ പ്രപഞ്ചത്തിന്റെ 'തിരഞ്ഞെടുക്കപ്പെട്ട സാരാംശത്തെ' മുഴുവൻ അതിന്റെ നിയതമായ അന്ത്യത്തിൽ എത്തിക്കുമ്പോൾ മാത്രമേ മനുഷ്യാവതാരം ഫലമണിയുകയുള്ളു. മനുഷ്യാത്മാക്കളിലൂടെയാണ് ഇതു സാധിക്കുകയെന്നു പറയേണ്ടതില്ലല്ലോ. ക്രിസ്തുവിന്റെ കുരിശു ആത്മാക്കളുടെമേൽ ചൊരിയുന്ന ആകർഷണവികർഷണങ്ങളാണ് ഈ തിരഞ്ഞെടുപ്പു നടത്തുക.9 കാരണം നൂററാണ്ടുകളിലൂടെ പുരോഗതിയിലേക്കുള്ള മനുഷ്യപ്രയത്നങ്ങളുടെ ഉത്തമ പ്രതീകമാണു കുരിശിൽ ശയിക്കുന്ന ക്രിസ്തു. സൃഷ്ടിയെ തന്നിലേക്കുതന്നെ ആവഹിച്ചുകൊണ്ട്, അതിന്റെ കുറവുകളെ തന്റെ സഹനത്താൽ നികത്തിക്കൊണ്ട് അവിടുന്നു ലോകത്തെ നയിക്കുകയാണ്. പരിത്രാണത്തിന്റെ മഹാരഹസ്യം അടങ്ങിയിരിക്കുന്നതതിലാണ്. ക്രിസ്തുവിന്റെ രക്ഷാകരകർമ്മത്തിന്റെ ഭാവാത്മകവശമെന്നു ഷർദാൻ പറയുന്നതും ഇതുതന്നെ.

## ധാർമ്മികതിന്മ (Moral evil)

തിന്മകളെ തന്റെ മരണംവഴി ജയിച്ചുകൊണ്ടു ക്രിസ്തു ദൈവവും മനുഷ്യനുമായുള്ള ഐക്യത്തെ സുകരമാക്കിത്തീർത്തുവെന്നു നാം കണ്ടു. എന്നാൽ, എല്ലാ മനുഷ്യരും അവശ്യം ആ ഐക്യത്തെ പ്രാപിക്കുമോ? ഈ സംശയത്തിന്നടിസ്ഥാനമില്ലാതില്ല. പരിണാമം വിചിന്തനത്തിലേക്കു കടന്നതോടെ, തുടർന്നുള്ള പ്രപഞ്ചപുരോഗതി മനുഷ്യഹസ്തങ്ങളിലാകയാണു ചെയ്തതെന്നു നമുക്കറിയാം. സ്വതന്ത്രനായ മനു

9 cfr. *Teilhard de Chardin and the Mystery of Christ*, p. 117

ഷ്യന്ന പരിണാമത്തെ വിജയിപ്പിക്കുവാനും പരാജയപ്പെടുത്തുവാനും കഴിയും. എല്ലാം അവൻെറ സ്വാതന്ത്ര്യത്തിൻെറ ഉപയോഗത്തെ ആശ്രയിച്ചിരിക്കും. സ്വാതന്ത്ര്യത്തെ ദുരുപയോഗിക്കുന്നതിനുള്ള മനുഷ്യൻെറ കഴിവാണു ധാർമ്മികതിന്മയ്ക്കു് നിദാനം. എന്നാൽ സ്നേഹത്തിൻെറ അഭാവമാണ് ഒരുവനെ ധാർമ്മികാധഃപതനത്തിലെത്തിക്കുക. സ്നേഹശക്തിയാണല്ലോ പരിണാമത്തെ മുമ്പോട്ടുനീക്കുന്നതു്. എന്നാൽ മനുഷ്യൻ തൻെറ അന്ത്യത്തെ, ഒമേഗായെ, സ്നേഹിക്കുവാൻ വിരസനാണെങ്കിൽ പ്രാപഞ്ചിക ഏകീകരണം കേവലം സ്വപ്നമായി പര്യവസാനിക്കയേയുള്ളു. അപ്പോഠം ഒമേഗായെ നിരസിക്കുന്നതാണു ധാർമ്മികതിന്മയുടെ സാരാംശം.

ശാരീരികതിന്മയെപ്പോലെതന്നെ ധാർമ്മികതിന്മയും പരിണാമഘട്ടങ്ങളിൽ അവശ്യം ഉണ്ടാകേണ്ടവയാണ്. അനുക്രമപുരോഗതിയിൽ തിന്മ ആവശ്യമാണെന്നു പറഞ്ഞതുകൊണ്ടു്[10] മനുഷ്യൻ തെററു ചെയ്യാൻ നിർബന്ധിതനാണെന്നോ, അവനു സ്വാതന്ത്ര്യമില്ലെന്നോ വരുന്നില്ല. 'ഇടർച്ചയുണ്ടാവുക ആവശ്യമാണു്' എന്നാൽ ഇടർച്ചയ്ക്കിടംകൊടുക്കുവാനോ കൊടുക്കാതിരിക്കുവാനോ മനുഷ്യനു സ്വാതന്ത്ര്യമുണ്ടു്.

ബഹുലതയിൽനിന്നാണല്ലോ തിന്മ ആവിർഭവിക്കുന്നതു്.[11] സ്വാതന്ത്ര്യത്തിലൂടെയും സ്നേഹത്തിലൂടെയും മാത്രമേ ഐക്യത്തെ സംജാതമാക്കാൻ സാധിക്കയുള്ളൂ. ഇതു സാമൂഹികമെങ്കിലും വൈയക്തികമായ ഒരു കാര്യമാണു്. എങ്കിലും പാപത്തിൻെറ വൈയക്തികസ്വഭാവത്തെ ഷർദാൻ വേണ്ട

---

10 *The Phenomenon of Man*, p. 341
11 *Pierre Teilhard de Chardin, His thought*, p. 94

വിധം പരാമർശിക്കുന്നില്ല. തന്നെയുമല്ല, സകല തിന്മകളുടേയും പ്രഥമസ്ഥാനം ഉത്ഭവപാപമാണെന്ന കത്തോലിക്കാ പ്രബോധനത്തിനു ഷർദാന്റെ ചിന്തയിൽ ദ്വിതീയസ്ഥാനമേ ഉള്ളു. "ആ മനുഷ്യൻ അന്ധനായി ജനിച്ചതു് അവനോ അവന്റെ മാതാപിതാക്കന്മാരോ പാപംചെയ്തതുകൊണ്ടല്ല". അതുകൊണ്ടു തിന്മയുടെ കാരണം ഒരു ശിക്ഷയല്ല. പാപത്തിൽ ജനിക്കുകയെന്നതു് അതിന്റെ പരിഹാരാർത്ഥമുള്ള ഒരു ബലിയുമല്ല. പ്രത്യുത, പരിപുഷ്ടിയുടെ ഞരങ്ങലുകൾക്കും നെടുവീർപ്പിനും നാം കൊടുക്കേണ്ട വിലയും അവയുടെ ഫലവുമത്രേ. പ്രപഞ്ചത്തിന്റെ പ്രസവവേദനയാണിതു്. ക്രിസ്തുവിന്റെ പൂർണ്ണതയിൽ മനുഷ്യഗണം എത്തുന്നതുവരെ ഇതുണ്ടായിരിക്കയും ചെയ്യും.

എന്നാൽ പരിണാമം ഇത്രമാത്രം നമ്മിൽനിന്നാവശ്യപ്പെടുമോ? എത്രയെത്ര തിന്മകളാണു നമ്മെ വലയംചെയ്തിരിക്കുന്നതു്. ആന്തരികവും ബാഹ്യവുമായി അവയെ തിട്ടപ്പെടുത്തുക സാധ്യമല്ല. തിന്മകളുടെ ഈ ആധിക്യം ആരംഭത്തിൽ, പരിണാമഗതിയിൽ സംഭവിച്ച മാരകമായ ഒരു വ്യതിയാനത്തിന്റെ ഫലമായിരിക്കാം.[12] വെളിപാടു് നമ്മേ പഠിപ്പിക്കുന്നതുപോലെ ആദിമാതാപിതാക്കന്മാരുടെ പാപമാണു് ഇതിനു കാരണം. അപ്പോൾ ജന്മപാപം തിന്മയുടെ ആഴവും പരപ്പും കൂട്ടുകയാണു ചെയ്തതു്. അല്ലാതെ തിന്മയെ ഉല്പാദിപ്പിക്കയല്ല. ശാരീരികവും ധാർമ്മികവുമായ എല്ലാ തിന്മകളും പരിണാമത്തിന്റെ പരിണിതഫലങ്ങളാണു്: ക്രിസ്തുവിന്റെ കുരിശു് പാപപരിഹാരത്തിന്റെ പ്രതീകമെന്നതിനേക്കാൾ യാതനകളുടെ ഉത്തമാവിഷ്ക്കരണമാണു്.

ചിലരുടെ അഭിപ്രായത്തിൽ, ക്രിസ്തുവിന്റെ പരിത്രാ

---

12 *The Phenomenon of Man*, p. 341

ണകർമ്മവും മനുഷ്യന്റെ പാപവും തമ്മിലുള്ള ബന്ധത്തെ ഷർദാൻ പരാമർശിക്കുന്നില്ല. കാരണം പാപത്തെ അകസ്മികമായ ഒന്നായി കാണുവാനാണ് അദ്ദേഹം ശ്രമിക്കുന്നത്. തന്നെയുമല്ല സൃഷ്ടിയുടെ അപൂർണ്ണതനിമിത്തം ഉണ്ടാകുന്ന ഭൗതികതിന്മയും മനുഷ്യന്റെ സ്വാതന്ത്ര്യദുരുപയോഗത്തിൽ നിന്നുത്ഭവിക്കുന്ന തിന്മയും തമ്മിൽ യാതൊരു വിവേചനവും അദ്ദേഹം കാണിക്കുന്നില്ല! ഒരുപക്ഷേ, ഓരോ മനുഷ്യനെയും പ്രത്യേകമെടുത്തു വിശകലനംചെയ്യാതെ തിന്മയെ വിശ്വൈകതലത്തിൽ അവലോകനം ചെയ്യതായിരിക്കാം ഇതിനു കാരണം. എന്തായാലും ക്രിസ്തുവിന്റെ പരിത്രാണകൃത്യം പ്രധാനമായും പാപപരിഹാരനിർവ്വഹണത്തിലാണ് അടങ്ങിയിരിക്കുന്നതെന്ന ആശയത്തിനു ദ്വിതീയസ്ഥാനം പോലും അദ്ദേഹം നല്കുന്നില്ല.

മനുഷ്യഗണത്തെ തന്നിൽ ഐക്യപ്പെടുത്തി ദൈവത്തിനു സമർപ്പിക്കുകയെന്നതായിരുന്നു ക്രിസ്തുവിന്റെ ദൗത്യം· അതിനാണവിടുന്നു മനുഷ്യനായത്. അങ്ങനെ ലോകത്തിന്റെ പാപങ്ങളെ തന്നിലേയ്ക്ക് ആവഹിച്ചുകൊണ്ട് അവിടുന്നു സൃഷ്ടികൾക്കു സ്വാതന്ത്ര്യം നല്കി. ഇവയെല്ലാം ദൈവികമായ ആ സശ്ലാത്മകസംയോജനത്തിന്റെ(സൃഷ്ടികർമ്മം) വിവിധവശങ്ങളാണ്. അപ്പോൾ സൃഷ്ടി, മനുഷ്യാവതാരം, പരിത്രാണം മുതലായ ദൈവികപ്രവൃത്തികൾ സാരാംശത്തിൽ അവിഭാജ്യവും ഏകവുമാണ്. മററു വാക്കുകളിൽ പറഞ്ഞാൽ സൃഷ്ടികർമ്മത്തിന്റെ നൈരന്തര്യത്തെയാണ് മനുഷ്യാവതാരവും പരിത്രാണവും കാണിക്കുക.

ആദം പാപം ചെയ്തില്ലായിരുന്നുവെങ്കിലും ക്രിസ്തു മനുഷ്യനായി പിറക്കുമായിരുന്നുവെന്ന് ഇതിൽനിന്നു സിദ്ധിക്കുന്നു. അവിടുത്തെ മനുഷ്യനാകുവാൻ പ്രേരിപ്പിച്ചതു

കേവലം യാദൃശ്ചികമായ ഒരു പാപമാണെന്നു പറയുന്നതിൽ അർത്ഥമില്ല. ഇതു തൊമിസ്റ്റിക്ക് ചിന്താഗതിയിൽനിന്നു വളരെ വിഭിന്നമായ ഒരാശയമാണ്. ആദത്തിന്റെ പാപമാണു മനുഷ്യാവതാരത്തിന്റെ കാരണമെന്നത്രെ വി. തോമസ് അക്വീനാസ് പഠിപ്പിക്കുന്നതു്. അതുകൊണ്ടാണ് ആദ്യപാപത്തെ "ഭാഗ്യപ്പെട്ട പാപം" എന്നു നാം വിളിക്കുന്നതും. എന്നാൽ, വി. തോമസ് അക്വീനാസിനു് എതിരായ ഏതു സിദ്ധാന്തവും അവശ്യം വിശ്വാസവിരുദ്ധമായിരിക്കണമെന്നില്ല.[13] സുപ്രസിദ്ധ ദൈവശാസ്ത്രജ്ഞനായിരുന്ന ഡൺസ്സ്കോട്ടിന്റെ ചിന്താഗതിയാണ് ഷർദാൻ സ്വീകരിച്ചിരിക്കുന്നതു്. സ്കോട്ടിന്റെ അഭിപ്രായത്തിൽ ക്രിസ്തു മനുഷ്യനായി അവതരിച്ചതും മൂർത്താമൂർത്തങ്ങളും സ്വാഭാവികാതിസ്വാഭാവികങ്ങളുമായ സമസ്ത യാഥാർത്ഥ്യങ്ങളേയും തന്നിൽ ഐക്യപ്പെടുത്തുന്നതിനായിരുന്നു. അല്ലാതെ പ്രാഥമികമായും ലോകപാപത്തിനു പരിഹാരമർപ്പിക്കുന്നതിനായിരുന്നില്ല. ഇതുതന്നെയാണു ഷർദാനിയൻ ചിന്തയും.

ഈ ചിന്താഗതിവഴി ക്രിസ്തുവിന്റെ പരിത്രാണകൃത്യത്തെ പ്രപഞ്ചംമുഴവനിലേക്കും വ്യാപിപ്പിക്കുകയാണ് ഷർദാൻ ചെയ്തതു്. അദ്ദേഹത്തിന്റെ ചിന്തയുടെ നവീനത്വവും അതുതന്നെയാണ്. അങ്ങനെ സൃഷ്ടി, മനുഷ്യാവതാരം, പരിത്രാണം എന്നീ ദൈവികധർമ്മങ്ങൾക്കു ചരിത്രപരവും നൈയാമികവുമായ വശങ്ങൾ മാത്രമല്ല ചലനാത്മകമായ ഒരു സുപ്രധാനവശംകൂടിയുണ്ടെന്ന് അദ്ദേഹം ശക്തിയുക്തം സ്ഥാപിക്കുന്നു. പൂർണ്ണതാവൽക്കരണത്തിലേക്കുള്ള രണ്ടു സുപ്രധാന കാൽവയ്പുകളാണ് മനുഷ്യാവതാരവും പരിത്രാണവും.

---

13 *Teilhard and the problem of creation.* p. 595

എല്ലാവരും തങ്ങളുടെ അന്തൃത്തെ അവശ്യം പ്രാപിക്കു മോ എന്ന ചോദ്യവുമായാണു നാം ഈ ഭാഗം തുടങ്ങിയതു്. സ്വാതന്ത്ര്യദുരുപയോഗത്തിനു സാധ്യതയുള്ളതുകൊണ്ടു് എല്ലാവരും തങ്ങളുടെ അന്തൃത്തെ പ്രാപിക്കണമെന്നില്ല. ദൈവവെളിപാടിലൂടെ നാം വിശ്വസിക്കുന്ന നരകവും ഇതിനു തെളിവാണു്. ദൈവരാജ്യത്തിൻെറ ചരിത്രം ഒരു പുനരൈകൃത്തിൻെറ ചരിത്രമാണല്ലോ. തിരഞ്ഞെടുക്കപ്പെട്ട എല്ലാ ആത്മാക്കളും ക്രിസ്തുവിൽ ഏകീകരിക്കപ്പെടുമ്പോൾ അതു രൂപമെടുക്കുന്നു. അതു സാധിക്കുക ക്രിസ്തുവിൻെറ ആകർഷണ വികർഷണങ്ങൾവഴിയാണു്. വിശുദ്ധീകരണത്തിൻേറയും ആകർഷണത്തിൻേറയുംമാത്രം കേന്ദ്രമായി അവിടുത്തെ നാം വീക്ഷിക്കയാണെങ്കിൽ അതു ക്രിസ്തീയമായിരിക്കയില്ല. കാരണം ക്രിസ്തു തന്നോടു ചിലരെ അടുപ്പിക്കുന്നതോടൊപ്പം മററു ചിലരെ തന്നിൽനിന്നകററുകയും ചെയ്യുന്നുണ്ടു്. അദ്ദേഹം ഒരു വിധിയാളനുംകൂടിയാണു്.[14] തന്നെയുമല്ല തിരഞ്ഞെടുപ്പിൽ സ്വാഭാവികമായി നിരാകരണം അടങ്ങിയിട്ടുണ്ടു്. അങ്ങനെ ക്രിസ്തുവിനാൽ പുറംതള്ളപ്പെടുന്നവരാണു് ബാഹ്യാന്ധകാരത്തിൽ, നരകത്തിൽ പതിക്കുന്നതു്.

എന്നാൽ ഈ ഭയാനകയാഥാത്ഥ്യങ്ങളുടെ മുമ്പിൽ ആരും പതറിപ്പോകേണ്ട ആവശ്യമില്ല. കാരണം തിന്മ അനിവാര്യമാണെങ്കിലും തിന്മയെ നന്മയാക്കി മാററുവാനുള്ള അനുഗ്രഹം ക്രിസ്തു നമുക്കു തന്നിട്ടുണ്ടു്. എല്ലാവരുംതന്നെ പ്രാപിക്കണമെന്നാണു് അവിടുന്നു് ആഗ്രഹിക്കുന്നതും. പക്ഷേ അവിടുത്തോടുകൂടി നാം ജീവിക്കണം. സ്നേഹസമന്വിതമായ ഒരു ജീവിതത്തിനുമാത്രമേ ഇതു സാധിക്കയുള്ളു. ക്രിസ്തീയ സ്നേഹം, ക്രിസ്തുവിലുള്ള മനുഷ്യരുടെ സാമൂഹികകേ

---

14 cfr. *Le Milieu Divin* p. 146

ന്ദ്രീകരണംവഴി ആവിഷ്കരിക്കപ്പെടുന്ന, ബോധപൂർവ്വകമായ സംയോജനമല്ലാതെ മറെറാന്നുമല്ല ക്രിസ്തീയസ്നേഹം.[15] അതുകൊണ്ടു ക്രിസ്തുവിനെ സ്നേഹിക്കാതെ മററുള്ളവരെയോ, മററുള്ളവരെ സ്നേഹിക്കാതെ ക്രിസ്തുവിനെയോ സ്നേഹിക്കുക സാധ്യമല്ല. കൂടാതെ കേന്ദ്രാഭിമുഖമായ പരിണാമം സ്നേഹാത്മകജീവിതത്തിനു സഹായകമാണെങ്കിലും ദൈവത്തിന്റെ പ്രത്യേക അനുഗ്രഹമില്ലാതെ ക്രിസ്തുവിൽ ജീവിക്കുക സാധ്യമല്ല. ഇങ്ങനെ ദൈവത്തെ സ്നേഹിക്കുന്നവർക്ക് എല്ലാം നന്മയ്ക്കായേ ഭവിക്കയുള്ളു. ദൈവപരിപാലന നമ്മെ പഠിപ്പിക്കുന്നതതാണ്. തിന്മയിൽനിന്നു സാധാരണ മൂന്നുതരത്തിലാണു നന്മയുണ്ടാവുക.[16]

ഒരുവൻ സഹിക്കുന്ന പീഡകൾ ചിലപ്പോൾ അവനെ കൂടുതൽ ലൗകികാഭിവൃദ്ധിയിലേക്കു നയിക്കുന്നു. അങ്ങനെ ഈ ലോകത്തിൽവച്ചുതന്നെ അവൻ സമ്മാനിതനാകുന്നു. വേദപുസ്തകത്തിലെ ജോബ് ഇതിനു് ഉത്തമോദാഹരണമാണ്. എന്നാൽ ഇതിനേക്കാൾ ശോചനീയമായ ഒരവസ്ഥയാണു ധാരാളം സഹിച്ചിട്ടു യാതൊരാശ്വാസവും ഇഹത്തിൽ കിട്ടാത്തവരുടേതു്. പക്ഷേ, അവരുടെ സഹനം ആശ്വാസദായകനായ ദൈവത്തിലേക്ക് തിരിയുവാൻ അവരെ സഹായിക്കുന്നു. രക്തസാക്ഷികളുടേയും വിശുദ്ധരുടേയും കഥ ഇതാണ്. ഇനിയും മാനുഷികബുദ്ധിക്കഗ്രാഹ്യമായ വേറെ ചില തിന്മകളും സാധാരണമാണ്. അകാലമരണം, മാരകമായ അപകടങ്ങൾ, ജീവിതത്തെ മുഴുവൻ ബാധിക്കുന്ന മററു ശാരീരികവും മാനസികവുമായ കുറവുകൾ; ഇവയും ദൈവപരിപാലനയിൽ നന്മയ്ക്കായാണു ഭവിക്കുന്നതു്.

---

15 op. cit. p. 146.
16 op. cit. p. 86.

നമ്മുടെ ബോധപൂർവ്വകമായ സ്വയംപൂർത്തീകരണത്തിന് നമുക്കു സഹായകമാകത്തക്ക രീതിയിലത്രേ ദൈവം സഹനത്തെ രൂപാന്തരപ്പെടുത്തിയിരിക്കുന്നതു്. നമ്മെ ചെത്തിമിനുക്കിയെടുക്കാൻ ദൈവത്തിൻെറ കരങ്ങളിലുള്ള ഉപകരണങ്ങളാണു ദു:ഖദുരിതങ്ങൾ. അങ്ങനെ ക്രിസ്തുവുമായുള്ള നമ്മുടെ ഐക്യപ്പെടൽ എന്നു പറയുന്നതു ഭാഗികമായ ഒരു സ്വയം ഇല്ലാതാകലാണു്. നാം സ്നേഹിക്കുന്ന വസ്തുവുമായുള്ള പരിപൂർണ്ണ സംയോജനം ആത്മപരിത്യാഗംവഴി മാത്രമേ സാധ്യമാവൂ എന്നു ചുരുക്കം. എന്നാൽ ആ ഐക്യം പരിപൂർണ്ണമായിരിക്കണമെങ്കിൽ, മററു വസ്തുക്കളോടു പരിപൂർണ്ണമായ വൈരാഗ്യം(detachment) നമുക്കാവശ്യമാണു്. തെളിച്ചു പറഞ്ഞാൽ ക്രിസ്തുവിൽ ഒന്നാകണമെങ്കിൽ നാം സ്വയം ഇല്ലാതാകേണ്ടിയിരിക്കുന്നു. എന്നാൽ, ഒരുതരത്തിലും അതു നമ്മുടെ വ്യക്തിത്വത്തെ ബാധിക്കില്ല. കാരണം ക്രിസ്തു വളരുകയും നാം കുറയുകയും ചെയ്യുന്നതിലാണു നമ്മുടെ വ്യക്തിത്വം അടങ്ങിയിരിക്കുന്നതു്. അങ്ങനെ നാം കുറയുന്നതിൻെറ ബാഹ്യവും ദൃശ്യവുമായ ലക്ഷണങ്ങളാണു നമ്മുടെ സഹനങ്ങൾ. അതു പൂർത്തിയാകുന്നതോ മരണംവഴിയും.

തിന്മയെപ്പററി ഇത്രയും പറഞ്ഞെങ്കിലും, ദൈവത്തിൻെറ അനന്തനന്മയും തിന്മയുടെ അസ്തിത്വവും തമ്മിൽ എങ്ങനെ പൊരുത്തപ്പെടുമെന്നതു് ഒരു മഹാരഹസ്യമായി ഇനിയും അവശേഷിക്കും.[17] വിശ്വാസത്തിൻെറ വെളിച്ചത്തിൽ പോലും സഹനത്തിലധിവസിക്കുന്ന ക്രിസ്തുവിനെ നമുക്കു കാണുക സുസാധമല്ല. സഹനംനിറഞ്ഞ ലോകത്തിൻെറ അങ്ങേത്തലക്കൽനിന്നുകൊണ്ടു് അവിടുന്നു നമ്മെ മാടി വിളിക്കയാണു്. പക്ഷേ, അവിടുത്തെ കാണുവാൻ നമ്മുടെ കണ്ണു

17 op. cit. p. 85.

കൾക്കു കഴിയുന്നില്ല. വിശ്വാസത്തിൻെറ ഈ നിഷ്പ്രഭ ത്വവും തിന്മയെന്ന മഹാരഹസ്യത്തിൻെറ മറെറാരു വിശേഷമത്രേ. ഈ പ്രതിസന്ധിഘട്ടത്തിൽ തിന്മയെ മനസ്സിലാക്കുവാൻ ഒരേഒരു വഴിയേയുള്ളു. നാം സഹിക്കുന്നതിനും, പാപംചെയ്യുന്നതിനും, മററും ദൈവം അനുവദിക്കുന്നതു്, പെട്ടെന്നു നമ്മേ ഇവയിൽനിന്നു രക്ഷിക്കുവാൻ അവിടുത്തേക്കു സാധ്യമല്ലാത്തതുകൊണ്ടാണു്. തന്നെത്തന്നെ നമുക്കു വെളിപ്പെടുത്തിത്തന്നുകൊണ്ടു് നമ്മെ തിന്മയിൽനിന്നു മോചിപ്പിക്കുവാൻ അവിടുത്തേക്കു കഴിയാത്തതു്, നാം ഇന്നത്തെനിലയിൽ അതു സ്വീകരിക്കുവാൻമാത്രം പാകമായിട്ടില്ലാത്തതുകൊണ്ടുതന്നെ. ദൈവം നമ്മിൽനിന്നു മറഞ്ഞിരിക്കുന്നതു്, തന്നെ അന്വേഷിച്ചു നാം ചെല്ലുന്നതിനുവേണ്ടിയാണു് എന്നു പറയുന്നവരോടു് ഷർദാൻ യോജിക്കുന്നില്ല. നമ്മുടെ യോഗ്യതകളെ വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുമല്ല നാം സഹിക്കുന്നതു്. ഒരമ്മ തൻെറ കുഞ്ഞിൻെറയെന്നപോലെ നമ്മുടെ സുഖത്തിനുവേണ്ടി ദൈവം സർവ്വവും പ്രവർത്തിക്കുന്നു. എന്നാൽ നമ്മുടെ കണ്ണുകൾക്കു് അദ്ദേഹത്തെ കാണുവാനുള്ള ശക്തി ഇനിയും കൈവന്നിട്ടില്ല. യുഗാന്ത്യംവരെ നാമതിനു കാത്തിരിക്കണം. തിന്മയുടെ മേലുള്ള ക്രിസ്തുവിൻെറ വിജയം അന്നുമാത്രമേ പരിപൂർണ്ണമാകൂ.[18]

## മനുഷ്യരക്ഷയിൽ സഭയ്ക്കുള്ള സ്ഥാനം

പ്രപഞ്ചം ക്രിസ്തുവിലൂടെ രക്ഷിക്കപ്പെട്ടുകൊണ്ടിരിക്കയാണെന്നു നാം കണ്ടു. എന്നാൽ, ഈ രക്ഷണീയവേലയിൽ സഭയ്ക്കെന്തെങ്കിലും സ്ഥാനമുണ്ടോ എന്നതാണു നമുക്കിനി കാ

18 cfr. *Teilhard de chardin and the Mystery of Christ* p. 144-45

ണെണ്ടതു്. ക്രിസ്തുവിൻെറ രക്ഷാകരമരണത്തിൻെറ അനന്തഫലങ്ങളെ മനുഷ്യരിലെത്തിക്കുന്നതിനാണല്ലോ ക്രിസ്തു സഭയെ സ്ഥാപിച്ചതു്. അങ്ങനെ രക്ഷയുടെ ഏകമാർഗ്ഗമാണു് സഭ. ഏകദേശം ഈ ആശയംതന്നെയാണു് ഷർദാൻ തൻെറ ചിന്താഗതിയിലൂടെ പ്രകാശിപ്പിക്കുന്നതും.

പ്രപഞ്ചം പരിണാമാന്ത്യത്തെ പ്രാപിക്കുന്നതു് സ്നേഹത്തിലൂടെയുള്ള സാമൂഹികകേന്ദ്രീകരണംവഴിയാണല്ലോ. എന്നാൽ, അന്ത്യവിജയത്തിൽ വിശ്വസിച്ചുകൊണ്ടു് സ്വതന്ത്രനായ മനുഷ്യൻ തന്നെത്തന്നെ പ്രപഞ്ചപുരോഗതിക്കായി അർപ്പിച്ചെങ്കിലേ ഇതു സാധിക്കയുള്ളൂ. ഈ വ്യവസ്ഥകളെല്ലാം ഒത്തിണങ്ങി നാം കാണുന്നതു സഭയിൽ മാത്രമാണു്. വിശ്വാസവും പ്രതീക്ഷയും സ്നേഹത്തിൽ സമാശ്ലേഷിക്കുന്നതവിടെയാണു്.[19] അതുകൊണ്ടു് പരിണാമത്തിൻെറ അച്ചുതണ്ടാ (axis) ണു സഭ. മനോമണ്ഡലത്തിലെ അനന്യസാധാരണമായ ഒരു ശക്തിവിശേഷമാണവൾ.

പ്രപഞ്ചജനനം ഒരു ക്രിസ്തുജനനമായി മാറുന്നതു് സഭയിലൂടെയാണു്. നമ്മുടെ പ്രവൃത്തികൾ ദൈവികവരപ്രസാദത്താൽ ചൈതന്യവത്താകുമ്പോൾ ഒരു യഥാർത്ഥശരീരത്തിനു് അതു രൂപംകൊടുക്കുകയാണു് ചെയ്യുന്നതു്. നാമോരോരുത്തരുംവഴി പൂർത്തിയാക്കപ്പെടുവാൻ ആഗ്രഹിക്കുന്ന ക്രിസ്തുവിൻെറ ശരീരത്തിനാണു നാം രൂപം കൊടുക്കുക. എന്നാൽ പരിണമിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രപഞ്ചത്തിലേക്കു മനുഷ്യാവതാരംവഴി ഇറങ്ങിവന്ന ഒരു ചരിത്രസത്തയാണു ക്രിസ്തുവിൻെറ ശരീരമെന്നതു് അവിതർക്കിതമാണല്ലോ. അങ്ങനെയെങ്കിൽ അവിടത്തെ അപൂർണ്ണത ഭൗതികമായ ഒരപൂർണ്ണതയാണു്. അതുകൊണ്ടത്രെ ആകുന്നവനേയും (he who is) അ

---

19 *The Phenomenon of Man* p. 328

യിക്കൊണ്ടിരിക്കുന്നവനേയും (he who is becoming) ക്രിസ്തുവിൽ കാണുവാനും സ്നേഹിക്കുവാനും നമുക്കു കഴിയുക. ആയിക്കൊണ്ടിരിക്കുന്ന ക്രിസ്തുവിനെ പൂർണ്ണതയിലെത്തിക്കുക സഭയുടെ കടമയാണു്. മാനുഷികപുരോഗതിക്കായി യത്നിച്ചുകൊണ്ടുവേണം ഇതു സാധിക്കുവാൻ.[20] അങ്ങനെ പ്രപഞ്ചത്തിൻെറ പൂർണ്ണതയിലൂടെ ക്രിസ്തുവിൻെറ ശരീരത്തെ പൂർണ്ണതാവൽക്കരിക്കയാണു് അവർ ചെയ്യുക.

ക്രിസ്തുവിൻെറ ജനനത്തിനുമുമ്പു് പലരും ഒരു തെററായ ധാരണ വച്ചുപുലർത്തിയിരുന്നു. ദൈവം അരൂപിയാകയാൽ, അരൂപിയിലൂടെ മാത്രമേ അവിടുത്തെ പ്രാപിക്കുക സാധ്യമാവൂ എന്നു്. എന്നാൽ ക്രിസ്തുവിൻെറ ആഗമനത്തോടെ ഒരു പുതിയ വെളിച്ചമുദിച്ചു. ദൈവം സ്നേഹമാണെന്നും സ്നേഹത്തിലൂടെ മാത്രമേ അവിടുത്തെ പ്രാപിക്കുക സാധ്യമാവൂ എന്നും നമുക്കു മനസ്സിലായി. എന്നാൽ സ്നേഹത്തിൻെറ സ്രോതസ്സു് (Phylum) സഭയാണു്.[21] ക്രിസ്തു തൻെറ വ്യക്തിത്വത്തെ പ്രപഞ്ചത്തിൽ വികസിപ്പിക്കുന്നതും അവളിലൂടെത്തന്നെ. അതുകൊണ്ടു് സാമൂഹികകേന്ദ്രീകരണത്തിൻെറ മൗലികഘടകം സഭയല്ലാതെ മററൊന്നുമല്ല. പരിണാമത്തെ പരമമായി വിജയിപ്പിക്കുവാൻ അവർക്കു മാത്രമേ കഴിയൂ. സ്നേഹത്തിൻെറ സ്രോതസ്സെന്നു് ഷർദാൻ വിശേഷിപ്പിക്കുന്നതു കത്തോലിക്കസഭയെയാണെന്നു് പ്രത്യേകം പറയേണ്ടതില്ലല്ലോ. റോം ഭൂമിയുടെ ക്രിസ്തീക ധ്രുവമാണെന്നാണു് അദ്ദേഹം പറയുന്നതു്.[22]

---

20 *Teilhard de Chardin and the Mystery of Christ* p. 148

21 *The Phenomenon of Man*, p. 324.

22 *Teilhard de Chardin and the Mystery of Christ* p. 159

സ്നേഹത്തിൻേറതായൊരു ജീവിതത്തിലൂടെ പരിണാമം പ്രപഞ്ചത്തെ അതിൻെറ 'പൂർണ്ണതയിലെത്തിക്കുന്നതോടെ ക്രിസ്തുവിൻെറ ശരീരവും പൂർണ്ണമാവുകയാണു ചെയ്യുക. ദൈവത്തിൻെറ സർഗ്ഗശക്തിയിൽ പങ്കുചേർന്നുകൊണ്ടാണ്, സൃഷ്ടികർമ്മത്തിൻെറ നൈരന്തര്യത്തിൽ ഭാഗഭാക്കായിക്കൊണ്ടാണ് ഈ പൂർണ്ണതാവൽക്കരണം സാധിക്കുക. ക്രിസ്തുവിൻെറ പുനരാഗമനത്തിനു് ഇത്തരമൊരു പൂർണ്ണത, അപര്യാപ്തമാണെങ്കിലും ആവശ്യമായ ഒരു വ്യവസ്ഥയാണു്.

## ക്രിസ്തുവിൻെറ പുനരാഗമനം(Parousia)

വിശ്വജനനത്തിൻേറയും തദ്വാരാ, ക്രിസ്തുജനനത്തിൻേറയും അന്ത്യത്തെ കുറിക്കുന്നതാണു ക്രിസ്തുവിൻെറ ദ്വിതീയാഗമനം. അതു പരിണാമത്തിൻെറ വിജയവും മനുഷ്യപ്രയത്നത്തിൻെറ മകുടംചൂടലുമാണു്. സങ്കീർണ്ണതാസംവേദനനിയമമനുസരിച്ച് റേഡിയൽ എനർജി മനുഷ്യഗണത്തെ ഒരു ഏകീഭാവത്തിലേക്ക് നയിക്കുകയാണെന്നു നാം കണ്ടു. ഐക്യത്തിലേക്കുള്ള ഓരോ മനുഷ്യൻേറയും നീക്കംവഴി മനോമണ്ഡലത്തിൻെറ മാനസികതാപം വർദ്ധിക്കയും അവസാനം അതു് ഒരു നിർണ്ണായകബിന്ദു(Critical point)വിൽവച്ച് സമനില തെററി അതിമാനുഷികാവസ്ഥയിലേക്കു (Super–human—Ultrahuman) കുതിക്കയും ചെയ്യുന്നു. അങ്ങനെ പ്രപഞ്ചം പരിണാമത്തിൻെറ നൈസർഗ്ഗികമായ അന്ത്യത്തിലെത്തുന്നു. ഈ പ്രപഞ്ചത്തിൻെറ രൂപാന്തരീകരണംവഴിയാണു് ഇതു സാധിക്കുക. പ്രപഞ്ചം പരിണാമംവഴി സ്വാഭാവികമായി ഒമേഗായെ പ്രാപിക്കുന്നതാണു നാം ഇപ്പോൾ കണ്ടതു്.

ഇതുപോലെതന്നെ ദൈവാവിഷ്ക്കരണംവഴിയും നമു

ക്കറിയാം ഈ പ്രപഞ്ചത്തിനു ഒരു ഒന്ത്യമുണ്ടെന്നു്. ദൈവപുത്രന്റെ ആഗമനമാണു പ്രപഞ്ചത്തെ ദൈവവുമായി ഐക്യപ്പെടുത്തുന്ന നിർണ്ണായകബിന്ദു. എന്നാൽ പ്രാതിഭാസികമായി നാമറിയുന്ന നിർണ്ണായകബിന്ദുവും ദൈവവെളിപാടിലൂടെ നാം വിശ്വസിക്കുന്ന നിർണ്ണായകബിന്ദുവും ഒന്നായിരിക്കണം. കാരണം, പ്രപഞ്ചത്തിനു സ്വാഭാവികവും അതിസ്വാഭാവികവുമായ ഒരന്ത്യമേയുള്ളുവെന്നു നാം കണ്ടതാണു്. അങ്ങനെയെങ്കിൽ ക്രിസ്തുവിന്റെ പുനരാഗമനത്തെപ്പററിയുള്ള നമ്മുടെ ചിന്താഗതിയെ നാം പുനഃപരിശോധിക്കേണ്ടിയിരിക്കുന്നു.

പരമ്പരാഗതമായി നാം വിശ്വസിച്ചുപോരുന്നതു്, ലോകം ഏതുനിമിഷത്തിലും അവസാനിക്കാമെന്നാണു്. മനുഷ്യഗണത്തിന്റെ സ്ഥിതി എന്തായാലും, ഭൂമിയിൽ പുരോഗതിയാണെങ്കിലും അല്ലെങ്കിലും മനുഷ്യപുത്രൻ ഏതു സമയത്തും വരാമെന്നാണു്. അദ്ദേഹം കള്ളനേപ്പോലെ വരുമത്രേ. പ്രപഞ്ചത്തിന്റെ അർത്ഥവും മനുഷ്യപ്രയത്നത്തിന്റെ വിലയും അനന്തതയുടെ വെളിച്ചത്തിൽ നാം കാണാത്തതാണു് ഇത്തരമൊരു ചിന്താഗതിക്കു കാരണം. തന്നെയുമല്ല പരിണാമം അതിന്റെ നൈസർഗ്ഗികാന്ത്യത്തെ ആവശ്യപ്പെടുന്നുമുണ്ടു്. ക്രിസ്തുവിന്റെ ആദ്യാഗമനത്തിനു് എപ്രകാരം ഒരു തയ്യാറെടുപ്പു് ആവശ്യമായിരുന്നുവോ അതുപോലെ അവിടുത്തെ രണ്ടാമത്തെ ആഗമനത്തിനും പ്രപഞ്ചം തയ്യാറെടുക്കണം. തന്നെ സ്വീകരിക്കുവാൻ ഇസ്രായേൽവംശത്തെ പര്യാപ്തമാക്കിയശേഷമാണു ക്രിസ്തു മനുഷ്യനായി അവതരിച്ചതു്. സമയത്തിന്റെ പൂർണ്ണതയിൽ, പ്രപഞ്ചം ലൗകികമായും ആദ്ധ്യാത്മികമായും മററെല്ലാത്തരത്തിലും അഭിവൃദ്ധിയുടെ ഉത്തുംഗശൃംഗത്തിലെത്തുമ്പോൾ മാത്രമേ, ക്രിസ്തു ആഗതനാ

കയുള്ളൂ.[23] ഇങ്ങനെ നോക്കുമ്പോൾ ക്രിസ്തുവിന്റെ ആഗമനം പ്രപഞ്ചപുരോഗതിക്കായുള്ള മനുഷ്യന്റെ അർപ്പണബോധത്തെ കുറെ ആശ്രയിച്ചാണിരിക്കുക. ക്രിസ്തുവിന്റെ ആഗമനത്തെ പ്രതീക്ഷിക്കുന്ന ഏതൊരുവനും സ്വാഭാവികമായി ഈ അർപ്പണബോധം ഉണ്ടാകേണ്ടതാണ്. എന്നാൽ നാം ക്രിസ്തുവിനെ പ്രതീക്ഷിക്കുന്നുവെന്നു പറയുന്നെങ്കിലും, യഥാർത്ഥത്തിൽ നാം അവിടുത്തെ പ്രതീക്ഷിക്കുന്നില്ല എന്നാണു ഷർദാൻ കുറ്റപ്പെടുത്തുന്നത്.[24] ആ പ്രതീക്ഷ നമ്മിലുണ്ടായിരുന്നെങ്കിൽ നാം എപ്പോഴും കർമ്മോന്മുഖരായിരുന്നേനെ. എന്തായാലും മനുഷ്യഗണത്തിന്റെ ജീവിതനിലയെ പരിഗണിക്കാതെ ക്രിസ്തു വരുമെന്നു ഷർദാൻ വിശ്വസിക്കുന്നില്ല. ഗ്രഹവൽക്കരണംവഴി ഏകീഭവിച്ചുകൊണ്ടിരിക്കുന്ന മനുഷ്യൻ ഗ്രാഹികപരിപക്വത(Planetary maturation) യിലെത്തിയെങ്കിലേ ക്രിസ്തു ആഗതനാകയുള്ളൂ. അതുകൊണ്ടാണു മാനുഷികപുരോഗതി, ക്രിസ്തുവിന്റെ പുനരാഗമനത്തിന് ആവശ്യമായ വ്യവസ്ഥയാണെന്ന് അദ്ദേഹം പറയുന്നത്.

ഇതിൽനിന്നും ക്രിസ്ത്വാഗമനം സ്വാഭാവികമായ ഒരു പ്രതിഭാസമാണെന്നോ സ്വതന്ത്രമായ ഒരു ദൈവികവൃത്തിയല്ലെന്നോ സിദ്ധിക്കുന്നില്ല. ക്രിസ്തുവിന്റെ അഗനമം തീർത്തും പ്രകൃത്യതീതമായ ഒന്നാണ്. അതുപോലെതന്നെ ഈ പ്രപഞ്ചത്തിന്റെ അന്ത്യവും. കാരണം, അത് ഒരു ചരിത്രസംഭവമായിരിക്കയില്ല; പ്രത്യുത ചരിത്രത്തിന്റെ അവസാനമായിരിക്കും. തന്നെയുമല്ല, മാനുഷികവും, ഭൗതികവുമായ പുരോഗതി, അതിൽത്തന്നെ ഒരിക്കലും പ്രകൃത്യതീതവുമല്ല.[25] എ

---

23 *The Faith of Teilhard de Chardin* p. 125

24 *Le Milieu Divin* p. 152

25 *The Faith of Teilhard de Chardin* p. 128

ന്നിരുന്നാലും അതു് ആധ്യാത്മീകരണത്തിനു സഹായകമാകാം.[26]

ക്രിസ്തുവിന്റെ പുനരാഗമനത്തെപ്പററി ഭയാനകമായ ഒരു ചിത്രമാണു വി.പൗലോസിന്റെ ലേഖനങ്ങളൊഴികെ മററു വി. ഗ്രന്ഥഭാഗങ്ങളിൽനിന്നും പ്രത്യക്ഷത്തിൽ നമുക്കു കിട്ടുക. ഭൗമികജീവിതത്തെ നൈരാശ്യജനകമാക്കുവാൻ പോരുന്നവയാണു് അവ. പ്രത്യേകിച്ചു വി. പത്രോസിന്റെ പ്രതിപാദനം. "കർത്താവിന്റെ ദിവസം കള്ളനെപ്പോലെ വരും. അന്നു് ആകാശം വലിയ ഒച്ചപ്പാടോടുകൂടെ ഇല്ലാതാകും. മൂലപദാർത്ഥങ്ങൾ ചൂടുകൊണ്ടു് ഉരുകിപ്പോകും ഭൂമിയും അതിലുള്ള സമസ്തവും അഗ്നിക്കിരയാകും. അങ്ങനെ ഇവയെല്ലാം നശിച്ചുപോകും. (11 പത്രോ: 3. 10-11) ഈ വീക്ഷണമനുസരിച്ചു സാർവ്വസംഹാരകനായ ഒരു ക്രിസ്തുവായിരിക്കും യുഗാന്ത്യത്തിൽ വരിക. എന്നാൽ, ഇത്തരമൊരു വീക്ഷണം ഭൗമികജീവിതത്തെ അർത്ഥരഹിതവും ദൈവത്തിന്റെ സൃഷ്ടികർമ്മത്തെ ന്യായവിരുദ്ധവുമാക്കുകയാണു ചെയ്യുക. അതുകൊണ്ടു രക്ഷകനും സമുദ്ധാരകനുമായ ക്രിസ്തുവായിരിക്കണം അന്നു വരിക. വി. പൗലോസിന്റെ പ്രബോധനവും ഇതുതന്നെയാണു്. യുഗാന്ത്യത്തിൽ സർവ്വനാശമെന്നതിനേക്കാൾ വിശ്വരൂപാന്തരീകരണമായിരിക്കും നടക്കുക.[27] സർവ്വസൃഷ്ടികളും മർത്ത്യതയുടെ ശൃംഖലകളിൽനിന്നു വിമുക്തരായി ദൈവപുത്രന്മാരുടെ സ്വാതന്ത്ര്യത്തിലേക്കു് അന്നു പ്രവേശിക്കും. അങ്ങനെ ക്രിസ്തുവിൽഅവർ വീണ്ടും ജനിക്കുകയാണു ചെയ്യുന്നതു്.ദൈവവും പ്രപഞ്ചവും തമ്മിലുള്ള അന്തിമമായ ഏകീകരണത്തിലാണു്

---

26 Oliver Rabut O. P., *Dialogue with Teilhard de Chardin*, (Sheed and Ward, 1961) p. 167

27 *The faith of Teilhard de Chardin* p. 124

ഇതു് അടങ്ങിയിരിക്കുന്നതു്. അന്നുവരെ പ്രപഞ്ചവസ്തുക്കളിലൂടെ ശാന്തമായി വളർന്നുകൊണ്ടിരുന്ന ക്രിസ്തുവിൻെറ സാന്നിദ്ധ്യം, ഒരു ധ്രുവത്തിൽനിന്നു മറെറാന്നിലേക്കു പായുന്ന മിന്നൽപോലെ, പെട്ടെന്നു വെളിപ്പെട്ടത്തപ്പെടും.[28] മാലാഖാമാരുടെ കുഴൽവിളികൾ ആ വരവിനെ ദിഗന്തങ്ങളിൽ അറിയിക്കും. അപ്പോൾ വേദപുസ്തകത്തിൽ പറയുന്നതുപോലെ ആത്മാക്കൾ മർത്യതയുടെ അടിമത്തത്തിൽനിന്നു വിമുക്തരായി തങ്ങളുടെ നിയതമായ അന്ത്യത്തിലേക്കു കുതിച്ചുപായും. വിശുദ്ധാത്മാക്കൾ (spiritualised souls) ദൈവവുമായി അനന്തമായ ഐക്യത്തിലേക്കും പദാൎത്ഥത്തിൻെറ അടിമയായിക്കിടക്കുന്ന ആത്മാക്കൾ (materialised souls) അനന്തവേർപാടിൻെറ ബോധപൂൎവ്വകമായ വേദനയിലേക്കും. അപ്പോൾ തന്നിൽ ഏകീകരിക്കപ്പെട്ടവരോടുകൂടി ക്രിസ്തു തന്നെത്തന്നെ ദൈവികസമാശ്ലേഷത്തിനു സമർപ്പിച്ചുകൊണ്ടു് സാർവ്വത്രികമായ ഏകീകരണത്തെ പൂർത്തിയാക്കും. അങ്ങനെ ദൈവവും പ്രപഞ്ചവും കൂടിച്ചേർന്ന് ഒരു പൂർണ്ണത (Pleroma) സംജാതമാകും. അതുവഴി ദൈവം സർവ്വവും സർവ്വത്തിലുമായിത്തീരുന്നു.[29]

---

28 *Le Milieu Divin* p. 150

29 cfr. *The Future of Man*, p. 306-308

# ഉപസംഹാരം

പിയേർ തെയ്യാർദെ ഷർദാൻെറ ക്രിസ്തുവിജ്ഞാനീയത്തിലേക്ക് ഒരെത്തിനോട്ടമാണു നാമിപ്പോൾ നടത്തിയതു്. അദ്ദേഹത്തിൻെറ പുസ്തകങ്ങളെ തിരുസ്സംഘം പ്രതികൂലമായി വീക്ഷിച്ചതുകൊണ്ടു്, അവ വിശ്വാസത്തിനും സന്മാർഗ്ഗത്തിനും എതിരായ തത്വശകലങ്ങളെക്കൊണ്ടു നിറഞ്ഞവയായിരിക്കണമെന്ന മുൻവിധിയോടുകൂടിയ പല ആളുകളുമുണ്ടു്. അവർ ഷർദാനുമായി ഒന്നു പരിചയപ്പെടുവാൻ ആഗ്രഹിച്ചിരുന്നെങ്കിൽ! അദ്ദേഹത്തിൻെറ ചിന്ത വളരെ ദുർഗ്രഹമാണു്. വിശദീകരിക്കപ്പെടേണ്ട പല പ്രസ്താവനകളും അതിൽ കണ്ടെന്നും വരും. സമ്പൂർണ്ണമായ ഒരു തത്വശാസ്ത്രമോ, ദൈവശാസ്ത്രമോ കെട്ടിപ്പടുക്കുകയല്ലായിരുന്നു അദ്ദേഹത്തിൻെറ ലക്ഷ്യമെന്ന കാര്യം ഇവിടെ വിസ്മരിക്കരുതു്. എന്നിരുന്നാലും അദ്ദേഹത്തിൻെറ സിദ്ധാന്തങ്ങളെ ഒന്നാകെ വീക്ഷിക്കുമ്പോൾ അവയിൽ തെററുണ്ടെന്നു് പറയുക അസാധ്യമത്രേ. അവിടെനിന്നും ഇവിടെനിന്നുമെക്കെ ഓരോ ഉദ്ധരണികൾ എടുത്തുകൊണ്ടു്, അവ കത്തോലിക്കാപ്രബോധനങ്ങൾക്കു് എതിരാണെന്നു പറയുന്നതിൽ യാതൊരത്ഥവുമില്ല. സഭാപിതാക്കന്മാരുടെപോലും എല്ലാ പ്രസ്താവനകളും അവയിൽത്തന്നെ പ്രമാദരഹിതങ്ങളാണോ എന്നു സംശയമാണു്. അങ്ങനെയെങ്കിൽ ഒന്നുരണ്ടു് ഉദ്ധരണികളെ ആസ്പദമാക്കി ഒരാളുടെ കൃതികളെ മുഴുവൻ വിലയിരുത്തുക ഒരിക്കലും ശരിയല്ല. എങ്ങിനെ പറഞ്ഞിരിക്കുന്നുവെന്നതിനെക്കാൾ എന്തു പറഞ്ഞിരിക്കുന്നുവെന്നതായിരിക്കണം പ്രധാനമായും ഒരുവൻ നോക്കേണ്ടതു്. അപ്പോൾ ഷർദാൻെറ കൃതികളിലുടനീളം അദ്ദേഹത്തിൻെറ മഹത്തായ ലക്ഷ്യത്തെ നമുക്കു കാ

ണുവാൻ സാധിക്കും. ആധുനികമനുഷ്യന്റെ അഭിരുചിക്കനുസരണമായിത്തന്നെ ദൈവികവെളിപാടിന്റെ വെളിച്ചത്തിൽ, ദൈവത്തേയും മതത്തേയും നവീനമായ ഒരു ചിന്താസരണിയിലൂടെ സമീക്ഷിക്കയാണു് ഷർദാൻ ചെയ്തതു്. സർവ്വവും സർവ്വത്തിലുമായിരിക്കുന്ന ആ പരംപൊരുളിനെ ശാസ്ത്രീയമനുഷ്യനു കാണിച്ചുകൊടുക്കുകയാണു് അദ്ദേഹം തന്റെ വിശ്വജനനസിദ്ധാന്തംവഴി. പ്രപഞ്ചപുരോഗതിക്കുവേണ്ടി യത്നിക്കുന്ന മനുഷ്യൻ അതോടൊപ്പം ദൈവികപൂർണ്ണതാവൽക്കരണവുംകൂടി സാധിക്കയാണു ചെയ്യുന്നതെന്നു് അദ്ദേഹം സമർത്ഥിക്കുന്നു.

ആർക്കുവേണ്ടി സമസ്തസൃഷ്ടികളും നെടുവീർപ്പിടുന്നുവോ, ആരിൽ അവ തങ്ങളുടെ പൂർണ്ണതയും നിലനില്പും ദർശിക്കുന്നുവോ, ആ ക്രിസ്തുവിനോടുള്ള അലൗകികസ്നേഹമാണു് അദ്ദേഹത്തെ സദാ നയിച്ചിരുന്നതു്.

*N.B* 27-ാം പുറം അഞ്ചാംലൈനിലെ തല എന്ന വാക്കു് പാത എന്നും 30-ാംപുറം 2-ാം ലൈനിലെ റേസിയൻ എന്ന വാക്കു് റേഡിയൽ എന്നും തിരുത്തി വായിക്കാനപേക്ഷ.

പ.

tat ment about ownership and other particulars about the newspaper "S. H. LEAGUE", to be published in the first issue every year after the last day of February.

FORM IV
(See Rule 8)

| | | |
|---|---|---|
| 1) | Place of Publication .. .. | St. Joseph's Pontifical Seminary, Alwaye-3, (Kerala). |
| 2) | Periodicity of its Publication .. | Bi-monthly. |
| 3) | Printer's Name .. .. | Bro. C. F. Joseph. |
| | Nationality .. .. .. | Indian. |
| | (If foreigner, state the country of origin) | |
| | Address .. .. .. | Pont. Seminary, Alwaye-3. |
| 4) | Publisher's Name .. .. | Bro. C. F. Joseph. |
| | Nationality .. .. .. | Indian. |
| | Address .. .. .. .. | Pont. Seminary, Alwaye-3. |
| | (If foreigner, state the country of origin) | |
| 5) | Editor's Name .. .. | Fr. Paulinus O.C.D. |
| | Nationality .. .. .. | Indian. |
| | (If foreigner, state the country of origin) | |
| | Address .. .. .. | Pont. Seminary, Alwaye-3. |
| 6) | Name and address of individuals who own the newspaper and partners or shareholders holding more than one percent of the total capital | No partners, no shareholders. This publication belongs to St. Joseph's Pont. Seminary, Alwaye-3, (Kerala State), which is a religious and charitable educational institution. |

I, Bro. C. F. Joseph, hereby declare that the particulars given above are true to the best of my knowledge and belief.

***Signature of publisher.***

***Date: 15—3—1969.***

---

Press Registrar of India R. N. 3134 / 57

## About this issue

*The Christian of today feels in himself a spiritual dualism. On the one hand, a very sure instict mingled with the love for that which is and the taste for life draws him to the joy of creating and knowing. On the other hand, a higher will to love God above all else makes him afraid of the least division or deflection in his allegiance. In the most spiritual layers of his being he experiences a tension between the opposing ebb and flow caused by the drawing power of the two rival stars—God and the world. Which of the two is to make itself more nobly adored?*

*An adequate answer to this is the distillation of the thought of Pierre Teilhard de Chardin. A paleontologist to the tips of his fingers, he was also a theologian from top to toe. This is a peep into his thought in its Christological dimension.*

—x—

Fr. James Eanthayilemi

# ക്രിസ്തു
# ഷർദാൻെറ വീക്ഷണത്തിൽ

ജെ. മുല്ലക്കര

DHARMARAM COLLEGE LIBRARY BANGALORE-29

എസ്. എച്ച്. ലീഗ്.

Indic Digital Archive Foundation
gpura.org